



കൊളച്ചേരി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം
സമഗ്രവികസനരേഖ–1996








കൊളച്ചേരി ഗ്രാമപഞ്ചായത്ത്

സമഗ്ര വികസനരേഖ–96



വികസന സെമിനാർ
1.12.1996
കമ്പിൽ മാപ്പിള ഹൈസ്കൂൾ



ജനകീയാസൂത്രണ പദ്ധതി '96



ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

7 142-5

കൃതജ്ഞത

മാന്യരെ,

ജനകീയാസൂത്രണപദ്ധതിപ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ നല്ലനില യിൽ പുരോഗമിക്കുകയാണ്. ഓരോഘട്ടം പ്രവർത്തനവും സമയബന്ധിതമാ യിത്തന്നെ നമുക്ക് പൂർത്തിയാക്കുവാൻ കഴിഞ്ഞതിൽ അതിയായ ചാരി താർത്ഥ്യമുണ്ട്.

കക്ഷിരാഷ്ട്രീയത്തിനതീതമായ സഹകരണം എല്ലാ മേഖലയിലും നമുക്കു ലഭിച്ചു. പഞ്ചായത്തിന്റെ സമഗ്രവികസനരേഖ തയ്യാറാക്കുന്നതിൽ ആത്മാർത്ഥ മായി സഹകരിച്ച എല്ലാ വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും പഞ്ചായത്ത് ഭാരവാഹികളുടെ കൃതജ്ഞത ഈ സന്ദർഭത്തിൽ ഞങ്ങൾ രേഖപ്പെടുത്തട്ടെ.

എൻ.പി. ഹഫ്സത്ത്,
പ്രസിഡന്റ്,
കൊളച്ചേരി ഗ്രാമപഞ്ചായത്ത്.

കൊളച്ചേരി,
15-11-1996

ഗ്രാമപഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ

ശ്രീമതി. എൻ.പി.ഹഫ്സത്ത്	(പ്രസിഡന്റ്)
ശ്രീ.എം.ഗോവിന്ദൻ മാസ്റ്റർ	(വൈ.പ്രസിഡന്റ്)
ശ്രീ. എം.മമ്മു	(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
ശ്രീ.സി.എച്ച്.മുഹമ്മദ്കുട്ടി	(പഞ്ചായത്ത് മെംബർ)
ശ്രീമതി. എം.പി.പ്രഭാവതി	,,
ശ്രീമതി കെ.നളിനി	,,
ശ്രീ.കെ.വി.നാരായണൻ	,,
ശ്രീമതി പി.വി.ചന്ദ്രമതി	,,
ശ്രീ.സി.പി.അബ്ദുൾ ജബ്ബാർ	,,
ശ്രീ.സി.അബൂബക്കർ	,,

വികസനറിപ്പോർട്ടിനു നേതൃത്വം നൽകിയവർ

1. എൻ.പി.ഹഫ്സത്ത്
2. എം.ഗോവിന്ദൻ മാസ്റ്റർ
3. എം.മമ്മുമാസ്റ്റർ
4. സി.എച്ച്.മുഹതുകുട്ടി
5. അബൂബക്കർ സി.
6. കെ.വി.നാരായണൻ
7. എം.പി.പ്രഭാവതി
8. പി.വി.ചന്ദ്രമതി
9. നളിനി കെ.
10. ഒ.അബ്ദുൾഖാദർ മാസ്റ്റർ
11. ഒ.എം.ദിവാകരൻ
12. പി.കെ.പ്രഭാകരൻ മാസ്റ്റർ
13. പി.അജയകുമാർ
14. എം.മുഹമ്മദ്
15. പി.അശോകൻ
16. സി.ബാലകൃഷ്ണൻ മാസ്റ്റർ
17. ടി.സി.അശറഫ് മാസ്റ്റർ
18. ഇ.പി.ജയപ്രകാശ മദനൻ
19. വി.വി.ശ്രീനിവാസൻ
20. എം.അനന്തൻ മാസ്റ്റർ
21. ഐ.വി.ബാലകൃഷ്ണൻ
22. ഗീത ടി

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്:	കൊളച്ചേരി ഗ്രാമപഞ്ചായത്ത്
വില്ലേജുകൾ:	കൊളച്ചേരി, ചേലേരി
ബ്ലോക്ക് പഞ്ചായത്ത്:	ഇരിക്കൂർ
താലൂക്ക്:	തളിപ്പറമ്പ്
അസംബ്ലി മണ്ഡലം:	തളിപ്പറമ്പ്
ലോക്സഭാ മണ്ഡലം:	കാസർഗോഡ്
വിസ്തീർണ്ണം:	20.72 ച.കി.മി
വാർഡുകൾ:	10
ജനസംഖ്യ:	23053 (1991 സെൻസസ്)
അതിരുകൾ:	വടക്ക് വളപട്ടണം പുഴ, തെക്ക് മുണ്ടേരിപ്പുഴ, പടിഞ്ഞാറ് നാറാത്ത് പഞ്ചായത്ത്, കിഴക്ക് മയ്യിൽ, കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തുകൾ.

വിഷയക്രമം

ആമുഖം

ചരിത്രം

ഭൂപ്രകൃതി, ജനപ്രകൃതി

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വ്യവസായം
4. വിദ്യാഭ്യാസം
5. പൊതുജനാരോഗ്യം, കുടിവെള്ളം
6. ഗതാഗതം, ഊർജ്ജം
7. സാമൂഹ്യക്ഷേമം, പാർപ്പിടം
8. പട്ടികജാതി-പട്ടികവർഗക്ഷേമം
9. സംസ്കാരം
10. വനിതാക്ഷേമം
11. സഹകരണം
12. വിഭവസമാഹരണം

ആമുഖം

സ്വാതന്ത്ര്യസമ്പാദനത്തിനുമുമ്പുതന്നെഇന്ത്യയിൽ ചർച്ചചെയ്യപ്പെട്ട വിഷയമായിരുന്നു ഗ്രാമസ്വരാജ്. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ഒരു സ്വപ്നവുമായിരുന്നു ഇത്. 1959-മുതൽ ചില സംസ്ഥാനങ്ങളിൽ പഞ്ചായത്ത് രാജ് ആരംഭിച്ചെങ്കിലും, 73, 74 ഭരണഘടനാഭേദഗതിയോടെ 1993 ഏപ്രിൽ 24-ന് ആണ് ഇന്ത്യ മുഴുവൻ ഇത് യാഥാർത്ഥ്യമായത്. കേരള നിമയസഭ ഈ നിയമം 1994 ഏപ്രിൽ 23-ന് പാസാക്കുകയും ഇതനുസരിച്ച് ത്രിതല പഞ്ചായത്ത് ഭരണസംവിധാനം 1995 ഒക്ടോബർ 2- ാം തീയതി ഗാന്ധിജയന്തിദിനത്തിൽ നിലവിൽവരികയും ചെയ്തു.

ഉത്പാദന-വികസനരംഗങ്ങളിൽ കേരളം അഭിമുഖീകരിക്കുന്ന ഗുരുതരമായ വെല്ലുവിളികളെ നേരിടാൻ ജനപങ്കാളിത്തത്തോടുകൂടി മാത്രമേ സാധിക്കുകയുള്ളൂ എന്ന വസ്തുത കണക്കിലെടുത്ത്, ഭരണഘടനാപരമായി ലഭിച്ച സ്വയംഭരണാവകാശവും നിർവഹണാധികാരവും വിനിയോഗിച്ച്, പ്രാദേശിക പരിതസ്ഥിതികൾക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ അടുത്ത പഞ്ചവത്സര പദ്ധതി തയാറാക്കുന്നതിനുള്ള ജനകീയ ആസൂത്രണ പരിപാടി നമ്മുടെ പഞ്ചായത്തിലും സപ്തംബർ മാസത്തിൽ ആരംഭിച്ചു.

9-ാം പദ്ധതിയുടെ 35-40% വരുന്ന തുക പഞ്ചായത്തുകളിലൂടെയുള്ള വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചു കഴിഞ്ഞു. സപ്തംബർ 20-ാം തീയതി മുതൽ ഒക്ടോബർ 2- ാം തീയതി വരെയുള്ള വിവിധ ദിവസങ്ങളിലായി 10 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ബഹുജനപങ്കാളിത്തത്താലും വിശിഷ്യാ, സ്ത്രീ പങ്കാളിത്തത്താലും ഗ്രാമസഭകൾ വൻവിജയമായിരുന്നു.

ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും സാധ്യതകളും ദ്വിതീയ വിവരശേഖരണത്തിലൂടെ ലഭിച്ച സ്ഥിതിവിവരകണക്കുകളും, പഠന പര്യടനയാത്രയിലൂടെ ലഭിച്ച വിവരങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ള ഈ വികസനറിപ്പോർട്ട് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

ചരിത്രം

സമകാലീന യാഥാർഥ്യങ്ങളെക്കുറിച്ചുള്ള അവബോധം കഴിഞ്ഞകാലത്തിൽ വെളിച്ചം വീശാൻ ശ്രമിക്കുകയും അങ്ങനെ നവമായ അർഥവ്യക്തത നേടുന്ന കഴിഞ്ഞകാലം അതേവെളിച്ചത്തെ കൂടുതൽ ശക്തിയായി സമകാലീന യാഥാർഥ്യങ്ങളിലേക്ക് തിരിച്ചു പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ചരിത്രം.

കൊളച്ചേരിയുടെ ചരിത്രപരമായ സവിശേഷത ചികഞ്ഞുനോക്കിയാൽ കേരളത്തിലെ സാമൂഹിക സാംസ്കാരിക മുന്നേറ്റത്തിന്റെയും സഹന സമരങ്ങളുടെയും ഒരു ഏകകമായി ഈ ഗ്രാമത്തെ വിലയിരുത്താൻ സാധിക്കും.

കോളുള്ള കൊളച്ചേരിയും, ചേലുള്ള ചേലേരിയും, പേരുള്ള പെരുമാച്ചേരിയും, ശ്രീ നാരായണനെല്ലൂരെന്ന നണിയൂരും, കമ്പിലും, പാട്ടയവും, പള്ളിയുള്ള പള്ളിപ്പറമ്പും, പിന്നെ ഒറ്റപ്പെട്ടു നിൽക്കുന്ന പാമ്പുരുത്തിയും മനുഷ്യവാസത്തിനു എന്തുകൊണ്ടും പ്രയോജകീഭവിച്ച ഭൂപ്രകൃതി.

തെക്കും വടക്കും അതിർത്തികൾ തഴുകിയൊഴുകുന്ന വളപട്ടണം പുഴയും, മുണ്ടേരി പുഴയും വിശാലമായ കൃഷിയിടങ്ങളുമടങ്ങിയ കൊളച്ചേരി കേരവൃക്ഷം സമൃദ്ധിയായി വളരുന്ന പ്രദേശങ്ങൾ ചേരി എന്ന നാമവുമായി വളരുന്ന പ്രദേശങ്ങൾ ചേരി എന്ന നാമവുമായി നിലകൊള്ളുന്നുവെന്ന സ്ഥലനാമപുരാണം കണക്കിലെടുത്താൽ അതിനും ഇവിടെ പ്രസക്തിയുണ്ട്. ആരുടെയും തലയറുത്തുമാറ്റുവാൻ യാതൊരു സങ്കോചവുമില്ലാത്ത പുരാതന നാടുവാഴികൾ വാണ സ്ഥിതി വിശേഷങ്ങൾ നിലനിന്നതുകൊണ്ട് 'കൊലച്ചേരി' എന്ന നാമകരണത്തിന്റെ പരിണാമമാണ് കൊളച്ചേരി എന്നൊരു സങ്കൽപവുമുണ്ട്. ക്ഷിപ്രപ്രസാദിയും ക്ഷിപ്രകോപിയുമെന്ന് കൽപ്പിക്കപ്പെടുന്ന നിരവധി ദൈവക്കോലങ്ങളുടെ ചേരിയെന്നറിയപ്പെടുന്ന ഗ്രാമത്തിന് കൊളച്ചേരിയെന്ന മൊഴിമാറ്റം വന്നതുമാവാം.

ഭൂരിഭാഗവും നിബിഢവനങ്ങൾ കൊളച്ചേരിയെ ഹരിതാഭമാക്കിയിരിക്കുന്നു. ചന്ദനം, വീട്ടി, ഇരൂൾ, വലുപ്പമേറിയ കാഞ്ഞിരം, വെങ്കണ, പയ്യാന, താനിമരം, മൈലെള്ള് തെക്കൻ കരയം, പുണ്യപൂക്കൾ വിരിയുന്ന അശോകം, കല്യാണസൗഗന്ധികം.... പാടിക്കുന്നിന്റെ പ്രത്യേകതയായി നാഗവള്ളി. പാടിക്കുന്നിനും കുന്നിന്റെ അടിവാരത്തെ തീർത്ഥത്തിനും പലതുകൊണ്ടും പ്രസക്തിയുണ്ട്. ആദിദ്രാവിഡ വർഗത്തിൽപ്പെട്ട മാവിലോർ വർഗം താമസിച്ചിരുന്നതിനാൽ 'മാവിലോർകുണ്ട്' എന്നൊരു പേർകൂടിയുണ്ട്. ഇതിന് നരിമടച്ചാൽ, തരിക്കുണ്ട് എന്നി പേരുകൾ വന്യമൃഗങ്ങളുടെ സൈര്യവിഹാരത്തെ സൂചിപ്പിക്കുന്നു. ഇവിടെ നിന്നും ഉദ്ഭവിക്കുന്ന ഉറവജലവുമാണ് കൊളച്ചേരി തോടായി കൃഷിയെ സമ്പുഷ്ടമാക്കുന്നത്.

പൂർവീകമായി ഹിന്ദുമുസ്ലീംകൾ താമസിച്ചിരുന്ന പാമ്പുരുത്തിയിൽ ജനവാസത്തിനടിത്തറ മനുഷ്യസാഹോദര്യം തന്നെയാണത്രേ. ഒരു മുസ്ലിമും, ഒരു ഹിന്ദുവും ചെറകൊത്താനെത്തിയതായിരുന്നു തുരുത്തിയിൽ. ഒരു കദളിവാഴയിൽ ഒരു മൂർഖൻ ഫണം വിടർത്തി നിൽക്കുന്നത് അവരുടെ ശ്രദ്ധയിൽപ്പെട്ടു. മുസ്ലിം അവരുടെ പൂർവികപള്ളിയായ കക്കുളങ്ങര പള്ളിയിൽ വാഴക്കുല സമർപ്പിക്കാമെന്ന് പ്രാർഥിക്കുകയും ഹിന്ദു അവരുടെ ദേവതയായ ശ്രീ കൂർമ്പയെ ധ്യാനിക്കുകയും ചെയ്തു. ഈ പ്രാർഥനകളുടെ ഫലമായി പാമ്പ് ഒഴിഞ്ഞുമാറിയെന്നും 'പാമ്പുരുത്തി' എന്ന പേരിനു നിദാനമായി തീർന്നുവെന്നുമാണ് പറയപ്പെടുന്നത്.

കേരള ജാതി വ്യവസ്ഥാ ചരിത്രത്തിന് പൂർണതയോടുകൂടി തെളിവു നൽകിയ ദേശമാണ് കൊളച്ചേരി. നമ്പൂതിരിമാരുടെ ഭരണം, നായന്മാരുടെ തറകൾ, താഴ്ന്ന ജാതിക്കാരുടെ ചേരിഗ്രാമവും ദേശത്തെ ഭാഗിച്ചു കൊടുത്തുകൊണ്ട് ഓരോ ജാതിക്കാരുടെയും നാട്ടധികാരങ്ങൾ ഉൾപ്പെടെ 25-ലധികം ജാതിക്കാർ ഇവിടെ പഴമയിൽ തന്നെകാണാം. അധിനിവേശം ചെയ്ത മറ്റുജാതിക്കാരും മതസ്ഥരും ചരിത്രത്തിൽ തന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്. പേർഷ്യയിലെ ബുഹാറയിൽ നിന്നും 22 തലമുറകൾക്കപ്പുറം വളപട്ടണമെത്തിയ ഒരു മഹല്ല്(കുടുംബം) ഈ മഹല്ലിൽ നിന്നുമാണ് ഈ മുസ്ലിം കുടുംബക്കാർ എത്തിയതത്രെ. ഈ പ്രദേശത്ത് നാറാത്ത്, കമ്പിൽ, നൂത്തേരി എന്നീ മൂന്ന് മഹല്ലുകളാണ് പുരാതനമായി ഉണ്ടായിരുന്നത്. പൊതുവേ സമാധാന പ്രിയരായ ഒരു ജനത കൊളച്ചേരിയുടെ സവിശേഷതയാണ്. അതുപോലെതന്നെ, കൊളച്ചേരിയുടെ ഭരണചരിത്രത്തിൽ അതുല്യമായ സ്ഥാനമുള്ള ഒരില്ലമായിരുന്നു കുരുമാരത്ത് ഇല്ലം. പുളിയാങ്കോട്പടി മുതൽ പാടി തീർഥം വരെ നാൽപത്തിയൊന്ന്

ഇല്ലങ്ങളുണ്ടായിരുന്നെന്ന് പറയപ്പെടുന്നു. ഇതിൽ നാല് നമ്പൂതിരിമാരിൽ ഒരാളായിരുന്നു കുരുമാരത്ത് നമ്പൂതിരി. തീരുവിതാംകൂറിലെ രാജാക്കൻമാരിൽനിന്നും താന്ത്രികത്തിൽ വീരശൃംഖല നേടിയ കരുമാരത്ത് നമ്പൂതിരിമാർ അശ്വാഭ്യാസം, സംഗീതം, ആനവൈദ്യം, ആയുധവിദ്യ, വിഷവൈദ്യം, ഇവയിലെല്ലാം പരമോന്നതിയിലായിരുന്നു. തിരുവിതാംകൂറിലെ ആചാര്യസ്ഥാനം ഉണ്ടായിരുന്ന കരുമാരത്തില്ലത്തിന് ഒരു യുഗത്തിന്റെ കാലപ്പഴക്കം ഉണ്ടത്രേ. കൊളച്ചേരിയുടെ ഭൂരിഭാഗം ഭൂമിയും കരുവാരത്തില്ലത്തിന്റെ വകയായിരുന്നു. ചിറക്കൽ കോവിലകത്തിന്റെയും അറക്കൽ രാജാവിന്റെയും അധീനതയിൽ വിവിധ ദേവസ്വങ്ങളുടെ നിയന്ത്രണത്തിൽ ഇവിടെ ഭൂസ്വത്തുക്കൾ കേന്ദ്രീകരിക്കപ്പെട്ടിരുന്നു. പെരുമാച്ചേരി ദേശത്ത് മൂരിയത്ത് പള്ളിവകയും, ചേലേരി ദേശത്ത് ചേലേരി, കണ്ണാടിപ്പറമ്പ്, കളരിവാതുക്കൽ ഈശാനമംഗലം, ദേവസ്വം വകയുമായിരുന്നു ഭൂരിഭാഗം സ്വത്തുക്കളും പാമ്പുരുത്തിദേശം അതിന്റെ ജനവാസത്തിന്റെ ഉദ്ഭവത്തിന്റെ ചരിത്രം സാധൂകരിക്കുന്ന വിധം ഭൂവിഭാഗത്തിൽ പകുതി ചിറക്കൽ ദേവസ്വം വക ജന്മവും പകുതി പാമ്പുരുത്തി പള്ളിവക ജന്മവുമാണ്. കമ്പിൽ മീൻപാറ പ്രഞ്ച് അധിനിവേശ പ്രദേശമാണെന്ന് പറയപ്പെടുന്നു.

കൊളച്ചേരിയുടെ നാടുവാഴിത്ത ഭരണത്തിന്റെ കാർക്കശ്യം വെളിവാക്കുന്നതാണത്രെ ചാത്തമ്പള്ളി വിഷകണ്ഠൻ കോലത്തിന്റെ പുരാവൃത്തം. കീഴ്ജാതിക്കാർക്ക് വിദ്യ നിഷിദ്ധമായ ഒരു കാലത്ത് നാലു വേദം, 64 കലകൾ, 96 തത്വവും വളരെ ചെറുപ്പത്തിലെ അഭ്യസിച്ച തിയ്യ സമുദായക്കാരനായ കണ്ടൻ, കുലത്തൊഴിലുമായി ജീവിച്ചുപോരുന്ന കാലം യദൃശ്ചയാ ഒരു ശവമഞ്ചം കടന്നുപോകുന്നതുകണ്ടു. നാടുവാഴി കുടുംബാംഗമായ കുരുമാരത്തില്ലത്തെ വൈദ്യശ്രേഷ്ഠൻ തിരിച്ചയച്ചതാണെന്നറിഞ്ഞ കണ്ടൻ അറിവിന്റെ കരുത്ത്പകർന്ന് അവരെ മരണത്തിൽ നിന്ന് രക്ഷിച്ചു. നിറഞ്ഞ സന്തോഷത്തോടെ തിരിച്ചുപോയ ആ കുടുംബം കണ്ടന് കൊളച്ചേരിയിൽ ഒരു ആരൂഢം പണിയിച്ചു കൊടുത്തു. ഈ സംഭവങ്ങളെല്ലാം അറിഞ്ഞ നാടുവാഴിയുടെ രണ്ടാം കാര്യസ്ഥന്മാർ കണ്ടനെ വെട്ടിക്കൊലപ്പെടുത്തി.

ഒരു നൂറ്റാണ്ടിനു മുമ്പായിതന്നെ കൊളച്ചേരിയിൽ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട അനുരണനങ്ങൾ ഉണ്ടായിരുന്നു.

പരുത്തികൃഷിക്ക് പ്രചാരം കൊടുത്തിരുന്ന മേക്കടങ്ങിൽ അച്ചുതവാര്യർ മദ്യവർജനത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ അമ്പുമാരാർ, കണ്ണാടൻ മൊയ്തീൻ, പടയമ്പത്ത് നാരായണൻ ഉണിത്തിരി എന്നിവർ സജീവമായിരുന്നു. 1919ലെ ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട കൈപ്രത്ത് ഖാദർഹാജി, മുല്ലേരിക്കണ്ടി സൂപ്പിഹാജി, കണിയാങ്കണ്ടി കുഞ്ഞിക്കമാൽ, കെ.പി.മൂസ, എ.പി.ബൈത്തു, പി.പി.ഹംസക്കുട്ടി എന്നിവർ പ്രവർത്തിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് കമ്പിൽ വച്ചു ചേർന്ന യോഗം നിയന്ത്രിച്ചത് മതപണ്ഡിതനും വിഷചികിത്സകനുമായ കുഞ്ഞിക്കണ്ടി കുഞ്ഞിഹാജിയായിരുന്നു. ഇദ്ദേഹം നിരവധി മുസ്ലീം മദ്ഹ്ഗാനങ്ങളിലൂടെയും മക്കാനിപ്പാട്ടുകളിലൂടെയും മദ്യത്തിനും ചൂഷണത്തിനും എതിരായ ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നു.

ബാലഗംഗാധര തിലകനിൽ നിന്നും ആവേശമുൾക്കൊണ്ട് അനീതികൾക്കെതിരേ പടവാളേന്തിയ വി.എം.വിഷ്ണുഭാരതീയൻ ഇന്ത്യൻ രാഷ്ട്രീയത്തിന് കൊളച്ചേരിയുടെ സംഭാവനയാണ്. ഐതിഹാസികമായി പയ്യന്നൂരിലെ ഉപ്പുസത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം തുടങ്ങിയ നിരവധി സ്വാതന്ത്ര്യസമരമുന്നേറ്റങ്ങളിൽ പ്രധാന പങ്കുവഹിച്ചിരുന്നു. ജന്മിത്തത്തിനെതിരേ ആദ്യയോഗം ചേർന്നത് 1919-ൽ ഭാരതീയന്റെ നേതൃത്വത്തിൽ നണിയൂർമൊട്ടയിലായിരുന്നു. ഈ സ്ഥലമാണ് 'തിലകമൈതാനം'. എന്ന് ഭാരതീയൻ നാമകരണം ചെയ്തത്. കൃഷിക്കാരുടെ മോചനത്തനു വേണ്ടി 1935-ൽ ഭാരതീയൻ പ്രസിഡന്റും കേരളീയൻ സെക്രട്ടറിയുമായി കർഷസംഘം രൂപീകരിക്കപ്പെട്ടത് വിഷ്ണുഭാരാതീയന്റെ വീട്ടിൽവച്ചായിരുന്നു. തന്റെ പേർ ഭാരതീയൻ എന്ന് മജിസ്ട്രേറ്റ് കോടതിക്കു മുമ്പിൽ സ്വയം പ്രഖ്യാപിച്ച അദ്ദേഹം പിന്നീട് 'ഭാരതീയൻ' എന്ന പേരിൽ പ്രസിദ്ധനായി.

സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം പ്രസിദ്ധമായ കൽക്കത്താതിസീസിനെ തുടർന്ന് നിരവധി പോരാട്ടങ്ങൾക്കും പീഢനങ്ങൾക്കും ഈ ഗ്രാമം സാക്ഷിയായി. ഈ സംഭവ പരമ്പരകളുടെ പരിണിത ഫലമായിരുന്നു പാടിക്കുന്ന് രക്തസാക്ഷിത്വം.

പ്രധാനമായും ജലമാർഗമായിരുന്നു ഗതാഗതത്തിനായി ഇവിടെയുള്ളവർ ആശ്രയിച്ചിരുന്നത്. കല്ലിട്ടകടവ് (നണിയൂർ), നൂഞ്ഞേരി ബോട്ട് ജെട്ടി, പുലൂപ്പിക്കടവ്, പടപ്പക്കടവ്, തുരുത്തിക്കടവ്, കമ്പിൽ കടവ് ഇവിടെനിന്നെല്ലാം നാനാഭാഗത്തേക്കും യാത്രാസൗകര്യം ഉണ്ടായിരുന്നു. ആദ്യം തോണിയും പിന്നീട് ബോട്ടും യാത്രക്ക് ഉപയോഗിച്ചിരുന്നു. പാവന്നൂരിൽ നിന്നും നാറാത്തേക്ക് ഒരു ഒറ്റയടിപ്പാത മാത്രമായിരുന്നു ഉണ്ടായിരുന്നത്.

1948-49-ൽ നണിയൂർ-പുല്ലൂപ്പിക്കടവ് റോഡ് കമ്മിറ്റി രൂപവകരിച്ചു. നണിയൂരിൽ നിന്ന് തുടങ്ങുന്ന ഇടവഴി വികസിപ്പിച്ച് റോഡുണ്ടാക്കി. ഈ കമ്മിറ്റിയുടെ പ്രസിഡന്റ് സാമുവൽ ആറോണും, സെക്രട്ടറി സി.എച്ച്. കൃഷ്ണൻ നായരുമായിരുന്നു. പന്ന്യങ്കണ്ടി

ഉമ്മർ അബ്ദുള്ള ഇതിൽ പ്രത്യേകം മുൻകൈ എടുത്തിരുന്നു. നാറാത്ത് വരെയുള്ള റോഡ് നിർമാണത്തിനു വേണ്ടി കുഞ്ഞുകുണ്ടൻ നമ്പ്യാർ, ചെമ്മീൻ ബൈത്താൻ, നടുക്കണ്ടി പകുറൻ എന്നിവർ പരിശ്രമിച്ചു. പന്ന്യങ്കണ്ടി തറവാട്ടുകാരുടെ ഒരു പെട്രോൾ വാനും പിന്നീട് ശ്രീകൃഷ്ണാ ബസും ആയിരുന്നു ആദ്യം ഈ വഴിയിൽ യാത്രാസൗകര്യം ചെയ്തിരുന്നത്. ചേലേരിമുക്ക് മുതൽ തളിപ്പറമ്പ് വരെ അശോകാ ബസായിരുന്നു ആദ്യം സർവീസ് നടത്തിയിരുന്നത്. ഉൾനാട്ടിലേക്കുള്ള റോഡുകൾ മിക്കതും രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരുടെ ത്യാഗപൂർണമായ അധ്വാനം കൊണ്ട് ഉണ്ടായവയാണ്.

പിഞ്ചുമനസിൽ ആദ്യാക്ഷര സ്വരമുണർത്തുന്ന എഴുത്തച്ഛന്മാർ(ഏഴ്ശൻ) കൊളച്ചേരി ഗ്രാമത്തിൽ നൂറ്റാണ്ടുകൾക്കുമുമ്പേ അറിവിന്റെ അഭിജ്ഞത നിലനിറുത്തിയിരുന്നു. 1898-ൽ കുടിപ്പള്ളിക്കൂടമായും നാട്ടെഴുത്തുപള്ളിയുമായി സ്ഥാപിതമായ ചേലേരിയു.പി.സ്കൂൾ ഇടയത്ത് വെള്ളുവ കൃഷ്ണൻ എഴുത്തച്ഛന്റെ മനോധർമമാണ്.

വാണിയ തറവാടുകാളായ കുന്നത്ത്, കവിണിശേരി മഠം എന്നിവയും കൊളച്ചേരിയിൽ ആദ്യമായി വിദ്യാലങ്ങൾ തുടങ്ങാൻ മുൻകൈ എടുത്തിരുന്നു. ദിവ്യത്വം കൽപിക്കപ്പെടുന്ന നൂഞ്ഞേരി ശൈഖ് മുഹമ്മദ് ഹാജി തങ്ങളാണ് മുസ്ലിംകളിൽ വിദ്യാഭ്യാസതൽപരത വളർത്തിയെടുത്തത്. ഹൈസ്കൂൾവിദ്യാഭ്യാസത്തിനായി കൊളച്ചേരിക്കാർ ആശ്രയിച്ചിരുന്നത് ചിറക്കൽ രാജാസ്, പറശിനിക്കടവ്, മയ്യിൽ ഹൈസ്കൂളുകളെയായിരുന്നു. പിന്നീട് 1968-ൽ പന്ന്യങ്കണ്ടി ഉമ്മർ അബ്ദുള്ള കമ്പിൽ മാപ്പിള ഹൈസ്കൂൾ സ്ഥാപിച്ചു.

കൊളച്ചേരിയിലെ ആദ്യത്തെ ഗ്രന്ഥാലയമായ വിദ്യാഭിവർധിനി (നണിയൂർ)യുടെ തുടക്കം കുറിച്ചത് പനമ്പയിൽ വീടിന്റെ പൂമുഖത്തായിരുന്നു. 1945-46-ൽ കൊളച്ചേരി കയ്യൂർ സ്മാരക വായനശാല ആരംഭിച്ചു. ഇതേ കാലഘട്ടത്തിൽ തന്നെയാണ് ചേലേരിയിൽ മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക വായനശാല രൂപം കൊണ്ടതും, വായനശാല,നിശാപാഠശാല എന്നീ നിലകളിൽ നാടിന്റെ സാമൂഹിക മാറ്റങ്ങളിൽ നിസ്തുലമായ പങ്ക് ഈ സ്ഥാപനങ്ങൾക്കുണ്ട്.

ധർമ്മാചരണത്തിനുവേണ്ടി വൈദ്യം കഴിച്ച നിരവധി വൈദ്യ പ്രമുഖരുടെ നാടാണ് കൊളച്ചേരി പഞ്ചായത്ത്. പാലത്തുങ്കര തങ്ങൾമാർ, നൂഞ്ഞേരി മുഹമ്മദ്കുട്ടി തങ്ങൾ, കയ്യങ്കോട് കുഞ്ഞിരാമൻ വൈദ്യർ, എലിയൻ അപ്പുവൈദ്യർ, അടിച്ചേരിക്കണ്ടി കണ്ണൻ വൈദ്യർ, പുള്ളുവൻ കുറുമ്പൻ വൈദ്യർ, പകുറൻ കുട്ടി വൈദ്യർ തുടങ്ങിയവർ വൈദ്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരാണ്.

നൂഞ്ഞേരി മുഹമ്മദ് കുട്ടിതങ്ങളുടെ ധാർമികമായ സംഭാവനയാണ് ചേലേരിയിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം വരാൻ ഇടയായത്. ആ മഹനുഭാവൻ ഈ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നിർമിതിക്കു വേണ്ടി വർഷങ്ങൾക്കുമുമ്പ് ഒരു ഏക്കർ 52 സെന്റ് സ്ഥലം സൗജന്യമായി നൽകിയത് ഇത്തരുണത്തിൽ സ്മരണീയമാണ്. ഈ സ്ഥലം ഇന്ന് 'മുഹമ്മദ് കുട്ടി തങ്ങൾ നഗർ' എന്നപേരിൽ അറിയപ്പെടുന്നു.

കൈപൊക്കി വോട്ടുള്ള സമയത്ത് ചേലേരിയും കൊളച്ചേരിയും രണ്ട് പഞ്ചായത്തുകളായിരുന്നു. ചേലേരി പഞ്ചായത്തിലെ ആദ്യ പ്രസിഡന്റ് പരേതനായ സി.പി. അബ്ദുള്ളയും കൊളച്ചേരി പഞ്ചായത്ത് പ്രസിഡന്റ് പരേതനായ കെ.പി.അബ്ദുവുമായിരുന്നു.

വികസന പ്രവർത്തങ്ങളിൽ മറ്റു പഞ്ചായത്തുകൾക്ക് മാർഗദർശകമാവുന്ന തരത്തിൽ ആദ്യകാലം തൊട്ടേ ചില മുൻകൈകൾ കൊളച്ചേരിയിൽ നിന്നുണ്ടായിട്ടുണ്ട്. കേരള ഭരണചരിത്രത്തിലെ സുവർണ കാലഘട്ടമായ, ശ്രീ സി.അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി സർക്കാർ നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതിയുമായി ബന്ധപ്പെട്ട് അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ജ: കെ.ഇബ്രാഹിം മാസ്റ്ററുടെ നേതൃത്വത്തിൽ 100 വീടുകൾ കണ്ണൂർ ജില്ലയിൽ ആദ്യമായി പണിപൂർത്തിയക്കിയത് ഈ പഞ്ചായത്തിലായിരുന്നു. മിക്ക രാഷ്ട്രീയ പാർട്ടികളും ഓരോ വീട് നിർമിച്ചുകൊണ്ടും വീടുകളിൽ നിന്നും തേങ്ങ, നെല്ല് തുടങ്ങിയവ സംഭാവനയായി സമാഹരിച്ചുകൊണ്ടും ഈ ജനകീയ സംരഭത്തിൽ പങ്കാളികളായി. മട്ടന്നൂർ മുതൽ നാറാത്ത് വരെയുള്ള എട്ട് പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്ന കോളച്ചേരി പദ്ധതിക്ക് മുൻകൈ എടുത്തത് ഈ പഞ്ചായത്താണ് എന്നത് അതിന്റെ പേർ തന്നെ സൂചിപ്പിക്കുന്നു. ഡാനിഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി പഞ്ചായത്തിലെ എല്ലാവീടുകളിലും കക്കൂസ് സംവിധാനം ഏർപ്പെടുത്തുക വഴികൊളച്ചേരി സമ്പൂർണ ശുചിത്വ പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

നിരവധി ധീരവീര പരാക്രമങ്ങളൊക്കെ നടത്തി ഒടുവിൽ തറ്റ് തളർന്ന് പോയ ഒരു പഴയ തറവാട് പോലെ അടങ്ങിയൊതുങ്ങി കഴിയുന്ന ഈ ഗ്രാമത്തിന് പ്രകാശമാനവും സമ്പന്നവുമായ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. ഈ പാരമ്പര്യമഹിമ തുന്നിച്ചേർക്കുന്നതിന് ത്യാഗവും തിരാദുരിതവും സഹിക്കേണ്ടിവന്ന എത്രയെത്ര മഹാരഥന്മാർ! അവർ നാടിന് നൽകിയ പൊലിമയും മാഹാത്മ്യവും കാലരഥചക്രങ്ങൾക്കൊത്ത് സഞ്ചരിച്ച് തലമുറയിൽ നിന്നും തലമുറയിലേക്ക് പ്രകാശം പരത്തുന്നു.

കൊളച്ചേരി ഗ്രാമപഞ്ചായത്ത്
ജനസാരഥികൾ

1954: ചേലേരി വില്ലേജ് പഞ്ചായത്ത്

പ്രസിഡന്റ്; സി.പി. അബ്ദുള്ള

വൈസ് പ്രസിഡന്റ്: കെ.കണ്ണൻ

അംഗങ്ങൾ: സി.നാരായണൻ നമ്പ്യാർ, എം.പി.കൃഷ്ണൻ നായർ, എം.പി.ഗോപാലൻ നമ്പ്യാർ, സി.അബ്ദുള്ള, പൈങ്ങലടിയൻ, കാഞ്ഞരൻ, പി.പി.അനന്തൻ നമ്പ്യാർ.

കൊളച്ചേരി വില്ലേജ് പഞ്ചായത്ത്

പ്രസിഡന്റ്: കെ.പി. അബ്ദു

വൈസ് പ്രസിഡന്റ്: സി.ഒ.ചാത്തുനായർ

അംഗങ്ങൾ: ഇ.കുഞ്ഞിരാമൻ നായർ, കെ.മൂസാൻകുട്ടി, കെ.കുമാരൻ, എം.വി.ഗോവിന്ദൻ, എ.പി.മമ്മത്, പി.സി.മാധവൻ നായർ,

1963-ൽ രണ്ടു പഞ്ചായത്തും സംയുക്തമാക്കി.

പ്രസിഡന്റ്: ജ: അബൂബക്കർ തെക്കീൽ

വൈസ് പ്രസിഡന്റ്: കോറോത്ത് കുഞ്ഞിരാമൻ നായർ

അംഗങ്ങൾ: ഇ.കുഞ്ഞിരാമൻ നായർ, വള്ളുവച്ചേരി കാദർഹാജി, പുത്തൻ വീട്ടിൽ കുഞ്ഞിരാമ മാരാർ, കീലത്തുപുതിയപുരയിൽ അണ്ട്യന്റവിട അബ്ദു, മേലേപ്പാത്ത് പുതിയ പുരയിൽ മൊയ്തു ഹാജി. 1968-ൽ പ്രസിഡന്റ് മരണപ്പെട്ടതിനെതുടർന്ന് കെ.ഇബ്രാഹിം മാസ്റ്ററെ പ്രസിഡന്റായി തെരഞ്ഞെടുത്തു. 1979-ൽ വരെ ഇദ്ദേഹമായിരുന്നു പഞ്ചായത്ത് പ്രസിഡന്റ്.

1979-ൽ :

പ്രസിഡന്റ്: എം.പി. ദാമോദരൻ നമ്പ്യാർ

വൈസ്പ്രസിഡന്റ്: കെ.ഇബ്രാഹിം മാസ്റ്റർ

അംഗങ്ങൾ: വി.പി.കാദർഹാജി, കെ.കുമാരൻ, എം.മമ്മുമാസ്റ്റർ, ടി.വി.മുഹമ്മദ്കുട്ടി കെ.എം.പി.അബ്ദുൾ ഖാദർ ഹാജി, പി.വി. ജാനകി. 1982-ൽ പഞ്ചായത്ത് പ്രസിഡന്റായി കെ. ഇബ്രാഹിം മാസ്റ്ററെ തെരഞ്ഞെടുത്തു.

1984-ൽ അഡ്മിനിസ്ട്രേറ്റർ ഭരണം 1987 വരെ.

1987-ൽ


പ്രസിഡന്റ്: എം.പി. ദാമോദരൻ നമ്പ്യാർ

വൈസ് പ്രസിഡന്റ്: ഒ. അബ്ദുൾ ഖാദർ.

അംഗങ്ങൾ: സി.കെ.മൊയ്തുഹാജി, പി.പി.കുഞ്ഞിരാമൻ, കെ.എം.പി. അബ്ദുൾ ഖാദർ ഹാജി, വി.ടി.യൂസഫ്, പി.സുലോചന, ഇ.കാഞ്ഞരൻ, കെ.വി.സരോജിനി.
ഒരു വർഷത്തിനു ശേഷം വൈസ് പ്രസിഡന്റായി ഒ.അബ്ദുൾ ഖാദറിനു പകരം കെ.എം.പി.അബ്ദുൾ ഖാദർ ഹാജി അവർകളെ തെരഞ്ഞെടുത്തു.

ശ്രീമതി എൻ.പി. ഹഫ്സത്ത് പ്രസിഡന്റും ശ്രീ എം. ഗോവിന്ദൻ മാസ്റ്റർ വൈസ് പ്രസിഡന്റുമായ ഭരണസമിതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

ഭൂപ്രകൃതി



വളപട്ടണം പുഴയിലെ ദ്വീപ് പ്രദേശമായ പാമ്പുരുത്തി ഉൾപ്പെടുന്ന 20.72 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ വടക്ക് വളപട്ടണംപുഴയും തെക്ക് മുണ്ടേരി പുഴയും പടിഞ്ഞാറ് നാറാത്ത് പഞ്ചായത്തും കിഴക്ക് മയ്യിൽ, കുറ്റ്യാട്ടൂർ പഞ്ചായത്ത് എന്നിവയാൽ ചുറ്റപ്പെട്ടുകിടക്കുന്നു.

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം പാടിക്കുന്നും താഴ്ന്ന പ്രദേശം പാമ്പുരുത്തിയുമാണ്. ചെങ്കൽപാറകളും ചെങ്കൽമണ്ണും ചേർന്ന കുന്നിൻപ്രദേശങ്ങളും അതിന്റെ താഴ്വരകളും സമതലങ്ങളും ഉണ്ട്. പഞ്ചായത്ത് പ്രദേശത്തിലെ പ്രധാന മൺതരങ്ങൾ ലാറ്ററൈറ്റ്, ചെങ്കൽപാറ, എക്കൽമണ്ണ്, മണൽകലർന്ന മണ്ണ് എന്നിവയാണ്.

പ്രധാന വിളകൾ തെങ്ങ്, നെല്ല്, കശുവണ്ടി, കുരുമുളക് എന്നിവയാണ്. പഠനപര്യടനയാത്രയിൽ മനസിലാക്കിയ വിവരങ്ങൾ ട്രാൻസെക്റ്റ് 1, 2 പട്ടികയിൽ കൊടുത്തിരിക്കുന്നു.

ട്രാൻസെക്റ്റ് – 1

ഭൂപ്രകൃതി	ഉയർന്ന സമതലം ചെറിയ ചരിവ്	കുന്നിൻ മണ്ട	കുത്തനെ ചരിവ്	താഴ്വര	ഉയർന്ന സമതലം	സമതലം	താഴ്വര	കുന്നിൻമണ്ട	തീരപ്രദേശം
മൺതരം	ചരൽമണ്ണ്, പാറ	പാറ, തരിശ് ചെങ്കൽമണ്ണ്	ചരൽമണ്ണ്, പാറ	മണ്ണ്	ച ര ൽ മ ണ്ണ് ചെങ്കൽ മണ്ണ്	ചരൽമണ്ണ്	മണ്ണ്	ചരൽമണ്ണ്	ചളിമണ്ണ്
സസ്യാവരണം	കശുമാവ്	കശുവണ്ടി കാട്ടുമരങ്ങൾ		നെല്ല്, തെങ്ങ് കവുങ്ങ്	തെങ്ങ് കശുമാവ് മറ്റുവിള	തെങ്ങ്, നെല്ല് മറ്റുവിള	തെങ്ങ്, നെല്ല് മറ്റുവിള	തെങ്ങ്, മറ്റുവിള	തരിശ്, നെല്ല്
പരിസ്ഥിതി പ്രശ്നങ്ങൾ				വ്യവസായ മലിനീകരണം					വെള്ളക്കെട്ട് ഉപ്പുവെള്ളം കയറുന്നു.

ട്രാൻസെക്റ്റ് – 2

ഭൂപ്രകൃതി	തീരസമതലം	ചരിവ്	ഉയർന്ന സമതലം	ചരിവ്	സമതലം	ചെറിയ ചരിവ്	ഉയർന്ന സമതലം
മൺതരം	മണൽമണ്ണ്	ച ര ൽ മ ണ്ണ് പാറ	ചരൽമണ്ണ്	ചരൽമണ്ണ്	ലിറ്ററൈറ്റ്	ചരൽമണ്ണ്	ചരൽമണ്ണ് വെട്ടുകൽമണ്ണ്
സസ്യാവരണം	തെങ്ങ് നെല്ല് മറ്റുവിള	തെങ്ങ് മറ്റുവിള	തെങ്ങ്, കശുമാവ്, മറ്റുവിള	കശുമാവ്, തെങ്ങ്	നെല്ല്, തെങ്ങ് മറ്റുവിള	കശുമാവ്, തെങ്ങ്	കശുമാവ്, തെങ്ങ്, മറ്റു വിള
പരിസ്ഥിതി പ്രശ്നങ്ങൾ	വെള്ളക്കെട്ട്	മണ്ണൊലിപ്പ്.					

ജനപ്രകൃതി

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിന്റെ ജനസംഖ്യ 23053 ആണ്. ഇതിൽ 11163 പേർ പുരുഷന്മാരും 11890 പേർ സ്ത്രീകളുമാണ്. 1000-ന് 1065 ആണ് സ്ത്രീ പുരുഷ അനുപാതം. ഇത് സംസ്ഥാനതലത്തിൽ 1000- ന് 1036-ഉം ജില്ലയിൽ 1000-ന് 1049-ഉം ആണ്. നമ്മുടെ പഞ്ചായത്തിലേത് ഇതിലും കൂടുതലാണെന്ന് 91-ലെ സെൻസസ് സൂചിപ്പിക്കുന്നു. (പട്ടിക1).

പട്ടിക 1
പഞ്ചായത്തിലെ ജനസംഖ്യ
(1191-ലെ സെൻസസ് പ്രകാരം)
വാർഡ് തിരിച്ച്

വാർഡ് നമ്പർ	ആകെ ജനസംഖ്യ	പു.	സ്ത്രീ	കുട്ടികൾ 6 വയസിനു താഴെ		ആകെ കുട്ടികൾ	പട്ടികവർഗക്കാരുടെ എണ്ണം	
				ആൺ	പെൺ		പു.	സ്ത്രീ
1	2822	1324	1498	261	272	533	156	160
2	2637	1258	1379	258	232	490	35	33
3	2489	1189	1300	156	145	301	42	38
4	2553	1213	1340	238	244	482	42	35
5	2597	1254	1343	159	168	327	146	140
6	2354	1169	1185	212	201	413	80	68
7	2929	1427	1502	207	245	452	154	148
8	1400	708	692	168	150	318	36	42
9	3272	1621	1651	179	184	363	32	21
ആകെ	23053	11163	11890	1838	1841	3679	723	685

6 വയസുവരെയുള്ളവരുടെ എണ്ണം ജനസംഖ്യയുടെ 16% ആണ്. ജനങ്ങളിൽ 6% പട്ടികജാതി വിഭാഗത്തിൽപെടുന്നു. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ 26.5% ആണ്. പട്ടിക 2 നോക്കുക.

മൊത്തം സാക്ഷര 88% ആണ്. ഇതിൽ സ്ത്രീ സാക്ഷരത 81.75%-ഉം പുരുഷന്മാരുടേത് 94.73% ആണ്.

ദ്വിതീയ വിവര കണക്കനുസരിച്ച് പഞ്ചായത്തിലെ ഇപ്പോഴത്തെ ആകെ ജനസംഖ്യ 26114 ആണ്.

പട്ടിക-2
വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ

	പു.	സ്ത്രീ	ആകെ
സ്ഥിരമായി തൊഴിൽ ചെയ്യുന്നവർ	3898	1008	4906
ഭാഗികമായി തൊഴിൽ ചെയ്യുന്നവർ	603	602	1205
ആകെ തൊഴിലാളികൾ	4501	1610	6111
തൊഴിൽ പങ്കാളിത്ത നിരക്ക്	40.32%	13.54%	26.5%

(അവലംബം സെൻസസ് '91)

പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളുടെയും, കാർഡുടമകളുടെയും വിവരങ്ങൾ, 1995–96

ക്രമ നമ്പർ	പൊതു വിതരണ കേന്ദ്രം നമ്പർ	സ്ഥലം	കാർഡുടമകളുടെ എണ്ണം	വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം	വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം മുതിർന്നവർ	കുട്ടികൾ
1	133	ചേലേരി	291	168	123	1288	310
2	136	കരിങ്കൽക്കുഴി	368	241	127	1777	340
3	143	ചേലരി മുക്ക്	657	405	252	2867	1223
4	144	പാമ്പുരുത്തി	193	163	30	1149	450
5	145	നാലാംപീടിക	520	387	133	2603	570
6	146	കമ്പിൽ	513	432	81	2796	583
7	147	പള്ളിപ്പറമ്പ്	339	220	119	1846	649
8	162	ചേലരി PHC	458	260	198	2136	639
9	248	പെരുമാച്ചേരി	320	178	142	1621	359
		ആകെ	3659	2454	1205	18083	5123

കൃഷിയും ജലസേചനവും

വളപട്ടണം പുഴയുടെ കിഴക്കുഭാഗത്ത് 20.72 ച. കിലോമീറ്റർ നിമ്നോന്നത ഭൂതല സവിശേഷതകളോടുകൂടിയതാണ് കൊളച്ചേരി. ഗ്രാമപഞ്ചായത്ത് 300 സെ.മീ. കുറയാത്ത മഴകിട്ടുന്ന ഈ പ്രദേശം കേരളത്തിലെ 13 കാലാവസ്ഥമേഖലകളിൽ വടക്കൻ മധ്യമേഖലയിൽപ്പെടുന്നു.

കൊളച്ചേരി, ചേലേരി എന്നീ രണ്ടു റവന്യൂ വില്ലേജുകൾ ചേർന്നതാണ് ഈ ഗ്രാമപഞ്ചായത്ത്. വളപട്ടണം പുഴയിലെ ഒരു ദ്വീപായ പാമ്പുരുത്തിദേശം കൊളച്ചേരി വില്ലേജിൽപ്പെടുന്നു. വളപട്ടണം പുഴയോട് ചേർന്ന ചിറഭാഗങ്ങളിൽ തെങ്ങും, കവുങ്ങും, നിരപ്പായ വയലുകളിൽ നെൽകൃഷിയും ചെയ്യുന്നു. വയലിന്റെ കിഴക്കുഭാഗത്ത് ചരിഞ്ഞ പ്രദേശവും പിന്നീട് ഉയർന്ന പ്രദേശവുമാണ്. ചരിഞ്ഞ പ്രദേശങ്ങളിൽ തെങ്ങും, കുരുമുളകും, കവുങ്ങും കൃഷിചെയ്യുന്നു. പാട്ടയം വയൽ ചേലേരി വയലുമായി ബന്ധിക്കുന്നു. ഇതുപോലെ കിഴക്കേ ചേലേരി. കായച്ചിറ ഭാഗത്തുകൂടി കൊളച്ചേരി വയലുമായി ബന്ധിക്കുന്നു. ഇതിനു പുറമെ കാരയാപ്പ്, നൂഞ്ഞേരി, പെരുമാച്ചേരി, പാമ്പുരുത്തി എന്നീ നെൽ വയലുകളും ഉണ്ട്. പാലത്തുങ്കര മുതൽ പയ്യാറചിറവരെയുള്ള ഏകദേശം 75 ഹെക്ടർ കൈപ്പാട് കൃഷിസ്ഥലവും ഉണ്ട്.

മണ്ണ്, മൺ തരങ്ങൾ

നമ്മുടെ പഞ്ചായത്തു പ്രദേശത്ത് ചെങ്കൽ മണ്ണ് (ലാറ്ററേറ്റ്), ചെങ്കൽ പാറകൾ, എക്കൽമണ്ണ്, മണൽ കലർന്ന ശിമരാശി മണ്ണ് എന്നീ ഇനത്തിലുള്ള മൺതരങ്ങൾ കാണപ്പെടുന്നു. ചെങ്കൽ മണ്ണാണ് ഏറ്റവും കൂടുതലായി ഉള്ളത്. ശാസ്ത്രീയമായ കൃഷി രീതിവഴി മാത്രം ഫലപൂയിഷ്ടമാക്കാവുന്ന ഈ മണ്ണിന് ജല സംഭരണ ശേഷി കുറവാണ്. സമതലങ്ങളിൽ എക്കൽ മണ്ണാണ് കാണപ്പെടുന്നത്. പാലത്തുങ്കര-നൂഞ്ഞേരി-കാരയാപ്പ് എന്നീ പ്രദേശങ്ങളിൽ ചതുപ്പായ നിലങ്ങളും കാണപ്പെടുന്നു. പാമ്പുരുത്തിയിൽ മണൽകലർന്ന എക്കൽമണ്ണാണ് കാണപ്പെടുന്നത്.

കാലാവസ്ഥ

കേരളത്തിലെ പൊതുവായ കാലാവസ്ഥയിൽനിന്ന് വളരെയൊന്നും ഭിന്നമല്ല നമ്മുടെ പഞ്ചായത്തിലേത്. ജൂൺ മുതൽ സപ്റ്റംബർവരെ കാലവർഷവും, ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്ഥമായി കാലവർഷാരംഭത്തിന് വ്യതിയനം അനുഭവപ്പെടുന്നുണ്ട്.

കാർഷിക ബന്ധങ്ങൾ

പണ്ടുകാലത്ത് മുഖ്യമായും കൃഷിയെ ആശ്രയിച്ചായിരുന്നു ഈ പഞ്ചായത്തിലെ ജനങ്ങൾ ഉപജീവനം നടത്തിയിരുന്നത്. കൂടുതൽ ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയായിരുന്നു കർഷകർഅവലംബിച്ചിരുന്നത്.ജൈവവളം മാത്രമാണ് അന്ന് ഉപയോഗിക്കപ്പെട്ടിരുന്നത്. ആകെ കൃഷിഭൂമിയുടെ ഏകദേശം പകുതിയോളം സ്ഥലത്ത് നെൽകൃഷിചെയ്തിരുന്നു. പയറും, മരച്ചീനിയും, നേന്ത്രവാഴയും പച്ചക്കറികളും വയലുകളിൽ കൃഷിചെയ്തിരുന്നു. നാടൻവിത്തുകളായിരുന്നു ഉപോയഗിച്ചിരുന്നതെങ്കിലും ഉയർന്ന ഉൽപാദന ക്ഷമത കൈവരിച്ചിരുന്നു. അന്നത്തെ കാലഘട്ടത്തിൽ കൃഷിക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ഉണ്ടായിരുന്നില്ല. 1929-ലെ കുടിയായ്മ നിയമത്തോടു കൂടിയായിരുന്നു നാമമാത്രമായെങ്കിലും കൃഷിക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം കൈവന്നത്.

ചിറക്കൽ കോവിലകം, അറക്കൽ അലിരാജ, കരുമാരത്ത് ഇല്ലം, പന്നിയോട്ട് ദേവസ്വം, ഈശാനമംഗലം ദേവസ്വം, ചേലേരി ദേവസ്വം, കണ്ണാടിപ്പറമ്പ് ദേവസ്വം, നാറാത്ത് ദേവസ്വം, പുതിയേടത്ത് ദേവസ്വം പമ്പുരുത്തി പള്ളിവക എന്നീ ജന്മിമാരുടെയും ദേവസ്വങ്ങളുടെയും അധീനതയിലായിരുന്നു ഭൂമി മുഴുവനും. വയലുകളും പറമ്പുകളും വെറും കൊഴു അവകാശത്തിലും കുഴിക്കാണ അവകാശത്തിലും, വാരം-പാട്ടം എന്നിവകൊടുത്ത് കുടിയാന്മാർക്ക് കൃഷി ചെയ്യാമെങ്കിലും ഏതു സമയത്തും ജന്മിമാർക്ക് അവരെ ഒഴിപ്പി

ക്കാനോ, മേൽചാർത്തുവഴി കുടിയാന്മാരുടെ അവകാശം ഇല്ലാതാക്കാനോ കഴിയുമായിരുന്നു. വാരവും പാട്ടവും കൊടുത്ത് കർഷകർ നിത്യദാരിദ്രത്തിലും പട്ടിണിയിലും കഴിഞ്ഞു കൂടേണ്ടിവന്നിരുന്നു. കർഷകർ കുടുംബസമേതം കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നു. കൊയ്ത്തുകാലത്ത് സ്കൂളുകൾക്ക് അവധി നൽകിയിരുന്നു. കാലാവസ്ഥയും, ശുഭമുഹൂർത്തങ്ങളും നോക്കിയായിരുന്നു കർഷകർ വിത്തിറക്കിയിരുന്നത്. നിറപുത്തരി തുടങ്ങിയ ആചാരക്രമങ്ങൾ ഇപ്പോഴും അനുഷ്ടിച്ചുവരുന്നുണ്ട്. വയലുകളിൽ മിക്കവാറും പ്രദേശങ്ങളിൽ രണ്ടു വിളകളും, ചുരുങ്ങിയ പ്രദേശങ്ങളിൽ മൂന്നുവിളയും, കയ്പാടിലും പറമ്പിലും ഓരോ വിളയുമാണ് എടുത്തിരുന്നത്. കുറേഭോഗം പുരയിടങ്ങളും തെങ്ങിൻ തോപ്പുകളുമായി മാറിയിട്ടുണ്ട്.

കാട്ടാമ്പള്ളി പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് ഫല പൂയിഷ്ടമായിരുന്ന കയ്പാടുപ്രദേശത്ത് കാര്യമായ വളപ്രയോഗമൊന്നും കൂടാതെതന്നെ കുറഞ്ഞചെലവിൽ ഉയർന്ന വിളവ് ലഭിച്ചിരുന്നു.

കാർഷികവിളകളുടെ അവലോകനം

പട്ടിക – 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണം
നിലം	316 ഹെക്ടർ
പുരയിടം	1498 ഹെക്ടർ
പുറമ്പോക്ക്	241 ഹെക്ടർ
തരിശ്	17 ഹെക്ടർ
ആകെ	2072 ഹെക്ടർ

തെങ്ങ്

നമ്മുടെ പഞ്ചായത്തിലെ മുഖ്യ കാർഷിക വിള തെങ്ങാണ്. ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യേതരവിളയാണിത്. തെങ്ങുകൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയാണ് ഇവിടെ ഉള്ളത്. വയലിനോടനുബന്ധിച്ചുള്ള ചിറകളിലും പുരയിടങ്ങളിലും പ്രധാനവിളയായി തെങ്ങുകൃഷിചെയ്യുന്നു. ഉയർന്ന പറമ്പുകളിലും സമീപകാലത്തായി തെങ്ങുകൃഷി നല്ലതുപോലെ വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. ജലസേചനത്തിന്റെ അഭാവം ഈ മേഖലയിൽ ഉൽപാദനക്ഷമതയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. കർഷകതൊഴിലാളികളുടെ ലഭ്യത പഴയകാലത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ടെങ്കിലും തെങ്ങിൻ തോട്ടങ്ങളിൽ കൊത്തും, കിളയും ഇപ്പോഴും ചെയ്തുവരുന്നുണ്ട്. ഇത്തരം പറമ്പുകളിൽ ഇടവിളകൃഷിയുടെ സാധ്യത തീരെ ഉപയോഗിച്ചു കാണുന്നില്ല. ഉദാ: കുരുമുളക്, വാഴ, ചേമ്പ്, ചേന തുടങ്ങിയ വിളകൾ.

വയലുകൾ മണ്ണിട്ട് നികത്തിയും, കൈപ്പാടുകളിൽ ചിറ ഉണ്ടാക്കിയും തെങ്ങുകൃഷി വ്യാപിപ്പിച്ചുവരുന്നുണ്ട്. ഈ പ്രദേശങ്ങളിലെ തെങ്ങുകളുടെ അകലം ശാസ്ത്രീയമല്ല. ഇത് ഉൽദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. വയൽകരയിലും കയ്പാടിനോട് ചേർന്നുള്ള തോട്ടങ്ങളിലേയും തെങ്ങുകൾ കള്ളുചെത്തിന് ഉപയോഗിക്കുന്നു.

പരമ്പരാഗതമായ കാർഷിക രീതിയിൽനിന്ന് ആധുനിക സമ്പ്രദായത്തിലേക്കുള്ള മാറ്റം തുടങ്ങിയിട്ടേയുള്ളു. മേത്തരം തെങ്ങിൻതൈകളും ശാസ്ത്രീയമായ പരിചരണമുറകളും ഉപയോഗിച്ച് ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കുക എന്നത് അടിയന്തരപ്രാധാന്യമർഹിക്കുന്നു. ഇതോടൊപ്പം രോഗപ്രതിരോധ നടപടികളിലും പുരോഗതി കൈവരിക്കാൻ സാധിക്കണം.

പട്ടിക – 2

വിള വിസ്തീർണവും ഉത്പാദനവും

(അവലംബം: കൃഷിഭവൻ രജിസ്റ്റർ)

വിള	വിസ്തീർണം	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത
തെങ്ങ്	910 ഹെക്ടർ	1196800 എണ്ണം	36 എണ്ണം
പയർ	130 ,,	29800 കി.	460 കി.
പച്ചക്കറി	65 ,,	45500 കി.	700 കി.
കശുമാവ്	64 ,,	134400 കി.	2100 കി.
കുരുമുളക്	40 ,,	19200 കി.	450 കി.
വാഴ	28 ,,	67200 കി.	2700 കി.
മരച്ചീനിമാവ്	12 ,,	33600 കി.	2800 കി.
മാവ്	18 ,,	15600 കി.	680 കി.
കവുങ്ങ്	25 ,,	889000 എണ്ണം	500 എണ്ണം
നെല്ല് ഒന്നാംവിള	210 ,,	629000 കി.	2970 കി.
രണ്ടാംവിള	175 ,,	411250 കി.	2350 കി.
മൂന്നാംവിള	9 ,,	14850 കി.	165 കി.

ചെന്നീരൊലിപ്പ് വ്യാപകമായികാണാം. പാമ്പുരുത്തി പോലുള്ള പ്രദേശങ്ങളിൽ ഈ രോഗം രൂക്ഷമാണ്. ഏറ്റക്കുറച്ചിലുകളോടെ പല പ്രദേശത്തും കൂമ്പുചീയൽ രോഗവും കണ്ടുവരുന്നു.

അതുപോലെ ഇല മഞ്ഞളിപ്പും, കുലവാട്ടവും മുഖ്യ ലക്ഷണമായി കാണുന്ന വേരുരോഗവും വ്യാപിച്ചു കഴിഞ്ഞു. ഇതിനെതിരായ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ ആവിഷ്ക്കരിക്കേണ്ട പുതിയ പരിപാടികൾ എന്തൊക്കെയാണെന്ന് നാം ചർച്ചചെയ്യേണ്ടിയിരിക്കുന്നു.

നെല്ല്

മൊത്തം ഭൂവിസ്തീർണ്ണത്തിന്റെ 10.13% സ്ഥലത്ത് നെൽകൃഷി വ്യാപിച്ചുകിടക്കുന്നു. കൂടാതെ 75 ഹെക്ടറിൽ കയ്പാടു കൃഷിയുമുണ്ട്. ഒന്നും രണ്ടും വിളകൂടാതെ 9 ഹെക്ടറിൽ മൂന്നാംവിളയും ഉണ്ട്. ഇടവപ്പാതി, തുലാവർഷം ഇവയെ ആശ്രയിച്ചുകൊണ്ടാണ് ഒന്നും, രണ്ടും വിളയുടെ നിലനിൽപ്പ്. വേണ്ട സമയത്ത്, വേണ്ട സ്ഥലത്ത്, വേണ്ട അളവിൽ വെള്ളം ലഭിക്കുകയെന്ന ജലസേചന സങ്കൽപ്പത്തിൽനിന്നും നാം ഇപ്പോഴും ബഹുദൂരം പിന്നിലാണ്. നെൽകൃഷിക്ക് ജലസേചനം ലക്ഷ്യമാക്കി ആവിഷ്ക്കരിക്കപ്പെട്ട പഴശ്ശികനാൽ സൗകര്യങ്ങൾ, ആവശ്യങ്ങളും യഥാർഥ്യങ്ങളുമായി ഒട്ടും പൊരുത്തപ്പെടുന്നില്ല.

ജയ, ജ്യോതി, പവിഴം തുടങ്ങിയ അത്യുൽപാദക ശേഷിയുള്ള വിത്തിനങ്ങൾ ഇപ്പോൾ വ്യാപകമായി കൃഷി ചെയ്തുവരുന്നുണ്ട്. പരമ്പരാഗത വിത്തിനങ്ങളായ കഴമ, രാജകഴമ, കുറുംകഴമ, കുഞ്ഞിനെല്ല്, അല്ലിക്കണ്ണൻ തുടങ്ങിയവയും അങ്ങിങ്ങായി കൃഷിചെയ്തുവരുന്നു. നാടൻ വിത്തിനങ്ങളിൻനിന്ന് ആധുനിക വിത്തിനങ്ങളിലേക്കുള്ള മാറ്റം അതിവേഗത്തിൽ മുന്നോട്ടുപോകുന്നു. എന്നാൽ ജലസേചന സമ്പ്രദായത്തിലെ അപര്യാപ്തകളും, സമീകൃത വളപ്രയോഗത്തിന്റെ അഭാവവും, സംയോജിത കീടരോഗ നിയന്ത്രണം സംബന്ധിച്ച അഞ്ജതയും പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. തൊഴിലാളികളുടെ ലഭ്യത ക്കുറവ്, കൃഷി ചെലവിൽ അടിക്കടിയുണ്ടാകുന്ന മൊത്തം വർദ്ധനവ്, ഇവയും നെൽകൃഷി അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രശ്നങ്ങളാണ്.

ഹെക്ടറിന് 5 ടൺ ജൈവവളം മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്താൻ അത്യാവശ്യമാണെന്നിരിക്കേ ജൈവവള പ്രയോഗം നാമമാത്രമായത് പുതിയ പ്രശ്നമാണ്. അനുയോജ്യമായ സമ്പ്രദായങ്ങൾ വഴി ജൈവവളത്തിന്റെ ഉൽപദാനവും ലഭ്യതയും അടിയന്തരായി ഉയർത്തേണ്ടതുണ്ട്. എല്ലാ പാടശേഖരങ്ങളിലും വെള്ളത്തിന്റെ അപര്യാപ്തത എന്നതുപോലെ വെള്ളക്കെട്ടും പ്രധാന പ്രശ്നമാണ്.

ഉൽപാദന ക്ഷമതയുടെ കാര്യത്തിൽ നമുടെ നില സംസ്ഥാന ശരാശിരയേക്കാൾ ഉയർന്നതാണ്. സംസ്ഥാന ശരാശരി ഹെക്ടറിന് 1937 കിലോഗ്രാം ആണെങ്കിൽ പഞ്ചായത്തിന്റേത് ഹെക്ടറിൽ 2970 കി. ഗ്രാം. ആണ്. സാധ്യമായ ഒരു മതിപ്പ് അനുസരിച്ച് ഹെക്ടറിന് 5 ടൺ നെല്ലുൽപാദനം നമ്മുടെ പരിതസ്ഥിതിയിൽ കൈവരിക്കാൻ കഴിയും. ഈ തന്ത്രം മുൻനിർത്തിയുള്ള പരിപാടികൾ ആവിഷ്ക്കരിക്കാൻ നമുക്ക് കഴിയണം.

കശുമാവ്

നല്ല സാമ്പത്തിക പ്രാധാന്യം കൈവരിച്ചുകഴിഞ്ഞ ഒരു കാർഷിക വിളയാണ് കശുമാവ്. ഈ കൃഷിക്ക് ഏറ്റവും പറ്റിയ പ്രദേശങ്ങൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി ചിതറികിടക്കുന്നുണ്ട്. അങ്ങിങ്ങായി പറമ്പിൽവളരുന്ന മരത്തിൽനിന്ന് കിട്ടുന്ന വിളവെടുക്കുന്നുവെന്നല്ലാതെ ആസൂത്രിതമായ കൃഷി ഇപ്പോഴും നമുക്ക് പരിചിതമല്ല. നിലവിലുള്ള മരങ്ങളിൽ ഭൂരിഭാഗവും ഉൽപാദനക്ഷമത നന്നേ കുറഞ്ഞവയാണ്. അതുപോലെ തടി തുരപ്പൻ, പുഴു, തേയില കൊതുക് തുടങ്ങിയവയുടെ ആക്രമണത്തിനെതിരെ ഫലപ്രദമായ നിയന്ത്രണ നടപടികളും സ്വീകരിക്കാറില്ല. ചുരുക്കത്തിൽ അവഗണിക്കപ്പെട്ട നിലയിലാണ് ഈ വിളയുടെ അവസ്ഥ. സാമ്പത്തിക പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ശാസ്ത്രീയ കൃഷിരീതികളിലൂടെ ദ്രുതഗതിയിലുള്ള വളർച്ച ഈ മേഖലയിൽ കൈവരിക്കുന്നതിന് ആവശ്യമായ പരിപാടികൾ ഉണ്ടാകണം. ഉൽപാദനക്ഷമത കുറഞ്ഞ മരങ്ങൾ മുറിച്ചുമാറ്റി നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഒരു ആസൂത്രിത പരിപാടി നമുക്കുണ്ടാകണം.

കുരുമുളക്

ഒരുകാലത്ത് വ്യാപകമായിരുന്നെങ്കിലും ഇന്ന് കുരുമുളക് കൃഷി മുരടിപ്പ് നേരിടുകയാണ്. തനി കൃഷിയായി കേവലം 40 ഹെ. മാത്രമാണ് ഇന്ന് നില്പുവിലുള്ളത്. കൂടാതെ കമുങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ വിളകളുമായി ബന്ധപ്പെട്ട് പുരയിടങ്ങളിൽ കുറേശേയായി ഈ കൃഷി നിലനിൽക്കുന്നുണ്ട്. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാൻ സാധ്യതകളുണ്ടെങ്കിലും തീരെ ഉപയോഗിച്ചുകാണുന്നില്ല. ദ്രുതവാട്ട രോഗം ഈ കൃഷി നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. കൃഷി ഭവൻ മുഖാന്തരം തൈ, വളം, കീടനാശിനി എന്നിവ 50% സബ്സിഡി നിരക്കിൽ നൽകുന്നതോടൊപ്പം നീറ്റുകക്ക, തുരിശ്, കോപ്പർ ഓക്സിക്ലോറൈഡ് എന്നിവ സൗജന്യ നിരക്കിലും നൽകിവരുന്നുണ്ട്. എന്നാൽ ഈ രോഗത്തിനെതിരെയുള്ള നിയന്ത്രണനടപടികൾ ഇപ്പോഴും വിജയിച്ചിട്ടില്ല.

കവുങ്ങ്

വയലുകളോട് ചേർന്നുള്ള ചിറകളിലും, നന്നായി നനവുലഭിക്കുന്ന സമതലങ്ങളിലും കണ്ടുവരുന്ന ഈ വിള കാലം ചെല്ലുന്തോറും കുറഞ്ഞുവരികയാണ്. 25 ഹെ. സ്ഥലത്താണ് ഇപ്പോൾ ഈ കൃഷി നിലവിലുള്ളത്. ഇല മഞ്ഞളിപ്പ് രോഗം ബാധിച്ച കമുങ്ങുകൾ മുറിച്ചുമാറ്റുന്നതിനും, മഹാളിരോഗ നിയന്ത്രണത്തിനും കൃഷിഭവൻ മുഖാന്തരം പദ്ധതികൾ നടന്നിട്ടുണ്ട്. എങ്കിലും പരമ്പരാഗതായ ഈ കൃഷി ഇന്ന് അഭിവൃദ്ധിയുടെ പാതയിലല്ല.

വാഴകൃഷി

വ്യാപകമായ തോതിൽ ഇവിടെയുണ്ടായിരുന്ന മൈസൂർ വാഴകൃഷി ഗണ്യമായി കുറഞ്ഞുവരുന്നു. കുറുനാമ്പ് രോഗാണ് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. തെങ്ങ് മുഖ്യവിളയായ പുരയിട കൃഷിയിൽ വാഴകൃഷിക്കുള്ള പ്രാധാന്യം വളരെ വലുതാണ്. സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്ന മാതൃകാതോട്ടങ്ങൾ അങ്ങിങ്ങായികാണാം. ശ്രദ്ധയോടെ പരിചരിച്ചാൽ നല്ല ഒരാദായമാർഗ്ഗം കൂടിയാണിത്. ഈ കൃഷി പുനരുദ്ധരിക്കുന്നതിനെക്കുറിച്ചും വിപുലമാക്കുന്നതിനെക്കുറിച്ചും നമ്മുടെ ആലോചന പുരോഗമിക്കേണ്ടതുണ്ട്. കരവയലുകളിൽ നേന്ത്രവാഴകൃഷി ഇപ്പോഴും നിലവിലുണ്ട്. നിലം പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നവരുമുണ്ട്. വമ്പിച്ച വികസന സാധ്യതകൾഉള്ള ഒരു മേഖലയാണിത്. നേന്ത്രവാഴ ഉപഭോഗം നിരന്തരം വർദ്ധിക്കുകയാണ്. പുറം വിപണിയെ ആശ്രയിച്ചാണ് നമ്മുടെ നിലനിൽപ്. ജലസേചന സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ട് മാത്രമേ ഈ കൃഷി വ്യാപിപ്പിക്കാൻ കഴിയു. ആസൂത്രിതമായ പരിപാടി ഉണ്ടാക്കിയാൽ ഗണ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

പച്ചക്കറികൃഷി

അടുത്തകാലത്തായി പച്ചക്കറിയുടെ ഉപഭോഗം ഗണ്യമായി ഉയർന്നിട്ടുണ്ടെങ്കിലും ഇതിന് അനുപാതികമായ ഉൽപാദന വർദ്ധവ് ഉണ്ടായിട്ടില്ല. പുരയിടത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നവരുണ്ടെങ്കിലും ക്രമേണ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നെൽപാടങ്ങളിലെ വെള്ളരികൃഷിയും ഗണ്യമായി കുറഞ്ഞു. ഇതിന്റെ ഫലമായി അയൽ സംസ്ഥാനങ്ങളിൽനിന്ന് എത്തിച്ചേരുന്ന പച്ചക്കറികൾക്ക് നമ്മുടെ പഞ്ചായത്തു പ്രദേശത്തും നല്ല മാർക്കറ്റാണ്. വിലയും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ രംഗത്തുള്ള പ്രതിസന്ധികളെ നേരിടാൻ കൃഷിഭവന്റെ സഹായത്തോടുകൂടി നമുക്ക് കഴിയണം. കീട, രോഗ നിയന്ത്രണം ഫലപ്രദമാക്കി പച്ചക്കറിയുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ നമുക്ക് കഴിയണം. ജൈവവള ഉൽപാദനം വൻതോതിൽ വർദ്ധിപ്പിച്ചുകൊണ്ടു മാത്രമേ പുരോഗതിക്ക് അടിത്തറയിടാൻ കഴിയു.

കർഷകസംരംഭങ്ങൾ

ഉൽപാദനം വർദ്ധിപ്പിക്കാനുള്ള മുഖ്യമാർഗ്ഗം ഉൽപാദനക്ഷമത ഉയർത്തലാണ്. ഈ ലക്ഷ്യം മുൻനിർത്തി കൃഷിഭവന്റെ കീഴിൽ 8 പാടശേഖര സമിതികളും, പഞ്ചായത്തുതല നാളികേര വികസന സമിതിയും, കുരുമുളക് വികസന സമിതിയും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം സജീവമല്ല. യഥാർത്ഥ കർഷകരെ ഉൾപ്പെടുത്തി സമിതികൾ പുനഃസംഘടിപ്പിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. പാടശേഖര സമിതികളുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. കൊളച്ചേരി നെൽ കർഷകസമിതി.
2. നൂഞ്ഞേരി നെൽ കർഷകസമിതി.
3. പെരുമാച്ചേരി നെൽ കർഷകസമിതി.
4. കാരയാപ്പ് നെൽ കർഷകസമിതി.
5. പാട്ടയം നെൽ കർഷക സമിതി.
6. ചേലേരി നെൽ കർഷകസമിതി.
7. വളവിൽചേലേരി നെൽ കർഷകസമിതി.
8. നണിയൂർ നെൽ കർഷകസമിതി.

കൃഷിഡിപ്പാർട്ട്മെന്റിന്റെ സംസ്ഥാനതല പദ്ധതികൾ ഫീൽഡിൽ നടപ്പാക്കാനുള്ള ഏജൻസികൾ എന്ന നിലപാട്. മേൽപറഞ്ഞ സമിതികൾ പ്രാദേശിക പ്രവർത്തികൾക്കനുസരിച്ച് 'സ്വയം പ്രവർത്തനക്ഷമത' കൈവരിക്കേണ്ടതുണ്ട്. പാടശേഖരാടിസ്ഥാനത്തിൽ കൃഷിക്കാരുടെ പുതിയൊരു കൂട്ടായ്മ (സംഘബോധം) വളർത്തിയെടുക്കുന്നതിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് നാം പരിശോധിക്കണം.

ജലസേചനം

വൻകിട ജലസേചന പദ്ധതിയായ പഴശ്ശിജലസേചന പദ്ധതിയുടെ മെയിൻ കനാലും, കൈ കനാലുകളും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. പാട്ടയം, പാമ്പുരുത്തി എന്നീ ദേശങ്ങളിൽ കാനാൽ എത്തിച്ചേരുന്നില്ല. വെള്ളം യഥാസമയം ലഭിക്കാത്തതിനാൽ ഈ പദ്ധതി ഉദ്ദേശിച്ചതുപോലെ രണ്ടാംവിള നെൽകൃഷിക്ക് ഇപ്പോൾ പ്രയോജനപ്പെടുന്നില്ല.

ഓരുവെള്ളം തടയുന്നതിനും, നെൽകൃഷി വർദ്ധിപ്പിക്കുന്നതിനുംവേണ്ടി 1964-ൽ കാട്ടാമ്പള്ളി പദ്ധതി പൂർത്തിയാക്കിയ ശേഷം ഒന്നും, രണ്ടും വിള

നെൽകൃഷി കയ്പാടുകളിൽ ചെയ്തിരുന്നു. എന്നാൽ പിന്നീട് മണ്ണിന്റെ ഘടനയിൽവന്ന മാറ്റത്തിന്റെ ഫല മായി മണ്ണ് ഉറച്ചുപോവുകയും, കൃഷി ചെലവ് കൂടു കയും ചെയ്തപ്പോൾ ഓരുവെള്ളം കയറ്റി കൃഷി ചെയ്യു കയാണ് ലാഭകരം എന്ന അഭിപ്രായം കർഷകർക്ക് ഉണ്ടായി. ഈ വസ്തുത കണക്കിലെടുത്ത് കൃഷിവ കുപ്പ് കുമ്മായവും മറ്റും കൃഷിക്കാർക്ക് സൗജന്യ മായി വിതരണം ചെയ്തെങ്കിലും മണ്ണിന്റെ ഘടനയിൽ വലിയമാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി യുടെ രണ്ടാംഘട്ടം ആരംഭിക്കാനുദ്ദേശിച്ചെങ്കിലും പുരോഗതി ഉണ്ടായിട്ടില്ല. കാലപ്പഴക്കം കൊണ്ടു ദ്രവിച്ച ഷട്ടറുകളിലൂടെ ഭാഗികമായി വെള്ളം കയറുന്നതു കൊണ്ട് കൃഷി നശിച്ചുപോകുന്നു. പരിമിതമായ ജല സേചന സൗകര്യം മാത്രമേ ഇന്ന് ഉള്ളു. ഏതാനും തോടുകളും അവയുടെ കൈതോടുകളുമാണ് ഈ പഞ്ചായത്തിലെ നീരൊഴുക്കുകൾ.

പട്ടിക

നമ്പർ	തോടിന്റെ പേര്	വി.സി.ബികളുടെ എണ്ണം	ദൂരം
1	കൊളച്ചേരിവലിയതോട്	5 (3 എണ്ണം തകർന്ന നിലയിൽ)	1.5 കി.മീ.
2	നണിയൂർതോട്	1	0.5 കി.മീ.
3	പാട്ടയംതോട്	ഇല്ല	1 കി.മീ.
4	വളവിൽ ചേലേരി വലിയതോട്	,,	1 കി.മീ.
5	വളവിൽ ചേലേരി ചെറിയതോട്	,,	500 മീ.
6	ചേലേരി വലിയതോട്	,,	1.5 കി.മീ.
7	പെരുമാച്ചേരി മുട്ടുകണ്ടിതോട്	,,	1.5 കി.മീ.
8	നൂഞ്ഞേരി വയൽതോട്	,,	600 മീ.
9	കാരയാപ്പ് വയൽതോട്	,,	800 മീ.
10	പാമ്പുരുത്തിതോട്	,,	30 മീ.

പ്രാദേശിക കാർഷിക ആസൂത്രണത്തിൽ തോടുക ളുടെ പുനരുദ്ധാരണം അതീവ പ്രാധാന്യമർഹിക്കുന്നു. തോടുകളിൽ മിക്കതും കരകൾ ഇടിഞ്ഞും, മൺതിട്ട കൾ രൂപംകൊണ്ടും, ജല നിർഗമന തടസ്സം നേരി ടുന്നു. കൃഷിക്കാരുടെ പങ്കാളിത്തത്തോടുകൂടി ഇവ യുടെ പുനരുദ്ധാരണവും സംരക്ഷണവും ഒരു പരിപാ ടിയാക്കി മാറ്റാൻ നമുക്ക് സാധിക്കണം.

മണ്ണ്-ജല സംരക്ഷണ പ്രവർത്തനത്തിന്റെ അഭാ വംമൂലം, പെയ്യുന്ന മഴവെള്ളം മുഴുവനും തോടുകളി ലൂടെ ഒഴുകി പ്രയോജനരഹിതമായിത്തീരുന്നു. ഈ അവസ്ഥ ഇല്ലാതാക്കാൻ ശാസ്ത്രീയവും ജനകീയവു മായ ഒരു മണ്ണ്-ജലസംരക്ഷണ പരിപാടി പഞ്ചായത്തു തലത്തിൽ ആവിഷ്ക്കരിക്കാൻ നമ്മുക്ക് സാധിക്കണം. കൊളച്ചേരി വലിയ തോടിന് വിളക്കുമാടത്തിനു താഴെയും, മണിയങ്ങാട്ട് ഇല്ലത്തിനു താഴെയും വി.സി.ബികൾ തകർന്നിട്ടുണ്ട്. പല സ്ഥലത്തും വി.സി.ബി.കളുടെ പലകകൾ ദ്രവിച്ചും, നഷ്ടപ്പെട്ടും പോയിട്ടുണ്ട്. ഇവയുടെ സംരക്ഷണത്തിന് ഫലപ്രദ മാകേണ്ട 'സാമൂഹ്യസംവിധാന'ത്തിന്റെ അഭാവം നമുടെ ചർച്ചക്ക് വിഷയീഭവിക്കണം. ജലസേചന സൗക ര്യത്തിനായി ബ്ലോക്കിന്റെ സഹായത്തോടുകൂടി നിർമ്മിച്ച 5 പൊതുകുളങ്ങളും 42 പൊതു കിണറുകളും കൂടാതെ ഏകദേശം 63 സ്വകാര്യ കുളങ്ങളുമുണ്ട്.

പൊതുകുളങ്ങൾ

നമ്പർ	വാർഡ്	പേര്
1	I	കാരയാപ്പ് വയൽ കുണ്ടൂർ പൊയിൽകുളം
2	III	വണ്ണാത്തിക്കുണ്ട് കിസാൻ ടാങ്ക്
3	V	കാറാട്ടുവയൽ കുളം
4	VI	കീലത്തുവയൽകുളം
5	IX	നണിയൂർ വയൽകുളം

ഈ കുളങ്ങളൊക്കെ സാമൂഹ്യശ്രദ്ധയുടെ അഭാവ ത്തിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ജനപങ്കാളിത്ത ത്തോടുകൂടി ഇവയെ മെച്ചപ്പെടുത്തി കാർഷിക അഭി വൃദ്ധിക്ക് ഉപയോഗപ്പെടുത്തണം.

കൃഷിഭവൻമുഖേന 2,590 കിണറുകൾക്കും, 342 ഇലക്ട്രിക്ക് പമ്പുസെറ്റുകൾക്കും, 400 ഡീസൽ പമ്പു സെറ്റുകൾക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. എങ്കിലും പറമ്പു ജലസേചനം നാമമാത്രമാണ്. ഏപ്രിൽ, മെയ് മാസങ്ങളിൽ വരൾച്ച അനുഭവപ്പെടുന്ന പ്രദേശ ങ്ങളാണ് മിക്കവാറും പറമ്പുകൾ.

ചരിഞ്ഞ പ്രദേശങ്ങൾ തട്ടുകളാക്കിതിരിച്ചും, കൃഷി യിടങ്ങളിൽ പുതയിട്ടും, മതിലുകൾക്ക് സസ്യവേലി കൾ നിർമിച്ചും, പുറമ്പോക്ക് ഭൂമിയിൽ സാമൂഹിക വനവൽക്കരണം നടപ്പിലാക്കിയും കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിച്ചും, മണ്ണ്-ജല സംരക്ഷണം ശാസ്ത്രീയ മാക്കിയും വരൾച്ചക്ക് പരിഹാരം കാണണം. പരമ്പരാ ഗത ജലസ്രോതസ്സുകളും കുളങ്ങളും സംരക്ഷിക്കപ്പെ ടണം.

കാർഷിക പരിചരണമുറകൾ

കാളകളെ ഉപയോഗിച്ച് നിലം ഉഴുതും, കൈക്കോട്ട് ഉപയോഗിച്ച് നിലം കിളച്ചുമാണ് നിലം കൃഷിക്കു വേണ്ടി ഒരുക്കിയിരിക്കുന്നത് പച്ചില വളങ്ങൾ, ചാണകം, വെണ്ണീർ എന്നീ ജൈവവളങ്ങൾ മാത്രം ഉപയോഗിച്ചാണ് നെൽകൃഷി ചെയ്തിരുന്നത്. കാർഷിക വൃത്തി കഠിനാദ്ധ്വാനം തന്നെയായിരുന്നു. പ്രകൃതിജന്യമായ വളങ്ങൾ മാത്രമാണ് ഉപോയഗിച്ചിരുന്നതെങ്കിലും ഉയർന്ന ഉൽപാദനക്ഷമത കൈവരിച്ചിരുന്നു. സമീപകാലത്തായി കർഷക തൊഴിലാളികളുടെ ലഭ്യതകുറവ് ഒരു പൊതുചർച്ചാവിഷയമാണ്. ആധുനിക കാർഷിക രീതികൾ സംബന്ധിച്ച് കർഷകതൊഴിലാളികൾ വേണ്ടത്ര പരിജ്ഞനാം നേടികഴിഞ്ഞിട്ടില്ല. പുനർവിദ്യാഭ്യാസത്തിന്റെ ആവശ്യകതയിലേക്ക് ഇത് നമ്മുടെ ശ്രദ്ധക്ഷണിക്കുന്നു.

പുരയിടകൃഷിയിലെ ബഹു വിളസമ്പ്രദായം പരമ്പരാഗതമാണെങ്കിലും ഇതു സംബന്ധിച്ച ആധുനിക പരിജ്ഞാനത്തിന്റെ അഭാവം നിലവിലുണ്ട്. നാളിതുവരെ ഈ മേഖലയിലെ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വേണ്ടത്ര ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. വീട്ടമ്മമാരെ പുരയിടകൃഷിയിലേക്ക് ആകർഷിക്കാൻ ആവശ്യമായ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കംകുറിക്കണം.

കാളകളെ ഉപയോഗിച്ചുള്ള പരമ്പരാഗത നിലമൊരുക്കൽ സമ്പ്രദായത്തിൽനിന്ന് ടില്ലറുകളിലേക്കുള്ള മാറ്റം ഇനിയും വേഗത കൈവരിക്കേണ്ടിയിരിക്കുന്നു. കരപറമ്പുകളിൽ കാർഷിക പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ ചെറുയന്ത്രങ്ങൾ വിപണിയിൽ ലഭ്യമാകേണ്ടതുണ്ട്.

കർഷക – കർഷകതൊഴിലാളി പങ്കാളിത്തം

	പു.	സ്ത്രീ	ആകെ.
കൃഷിക്കാർ	327	82	409
കർഷക തൊഴിലാളികൾ	834	593	1427

അവലംബം സെൻസസ് വിവരം 1991.

ഗൾഫുനാടുകളിൽനിന്നും മറ്റു മേഖലകളിൽനിന്നുമുള്ള വരുമാനം കൃഷിയെ ഒരു മുഖ്യ ഉപജീവനമാർഗ്ഗമല്ലാതാക്കി മാറ്റിയിട്ടുണ്ട്. കാർഷിക വൃത്തിയോടുള്ള മനോഭാവത്തിൽ വന്നുകഴിഞ്ഞ മാറ്റവും പ്രത്യേക ചർച്ച അർഹിക്കുന്നു. കൃഷി ഭൂമിയെ കാർഷിക അഭിവൃദ്ധിയുടെ അടിസ്ഥാന വിഭവസ്രോതസ്സായി കാണുന്നതിനുപകരം "ഒരു സുരക്ഷതത്വ സ്വത്ത്" എന്ന പരിഗണനയിലാണ് നാം കൈകാര്യം ചെയ്യുന്നത്. ഭൂരിഭാഗം ഭൂ ഉടമസ്ഥരും 25-നും 50-നും ഇടയിൽ സെന്റ് ഭൂമിയുള്ളവരാണ്.

ഭൂഉടമസ്ഥരുടെ എണ്ണം

1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനുമേൽ
940	1740	2005	1700	456	71	5

(അവലംബം വില്ലേജ് ഓഫീസ് രജിസ്റ്റർ)

കൂലി – വേതന വ്യവസ്ഥ

കാർഷിക തൊഴിലാളികളായ പുരുഷന്മാർക്ക് 80 രൂപയും ചെലവും സ്ത്രീകൾക്ക് 40 രൂപയും ചെലവും ആണ് ഇന്ന് നിലവിലുള്ളത്. രാവിലെ 8.30 മുതൽ വൈകുന്നേരം 4.30 വരെ ജോലി ചെയ്യുന്നുണ്ട്. കൊയ്ത്തിന് ഒരു ദിവസത്തേക്ക് 8 സേറും, 10 സേറും നെല്ല് കൂലി കൊടുത്തുവരുന്നുണ്ട്. ഏകീകരിച്ച ഒരു കൂലി നിരക്ക് ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

കാർഷിക വായ്പ

പഞ്ചായത്തിലെ പ്രധാന കാർഷിക വായ്പ വിതരണകേന്ദ്രം കൊളച്ചേരി സർവ്വീസ് സഹകരണ ബേങ്കാണ്. കൃഷിഭവൻ മുഖേനയുള്ള സഹായങ്ങൾ ഈ ബാങ്കുവഴിയാണ്. പ്രധാനമായും വിതരണം ചെയ്യുന്നത്. കാർഷിക വായ്പ നാമമാത്രമാണ് വിതരണം ചെയ്യുന്നത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം കാർഷികേതര വായ്പ 2.50 കോടി വിതരണം ചെയ്തപ്പോൾ കാർഷിക വായ്പ 3 ലക്ഷം രൂപ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതിനു പുറമേ കണ്ണൂർ കാർഷിക ഗ്രാമവികസന ബേങ്കിന്റെയും, ഗ്രാമീണ ബേങ്ക് കൊളച്ചേരി ശാഖയുടേയും കാർഷിക വായ്പ സ്കീമുകൾ ധാരാളം കർഷകർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

വളം ഉപഭോഗം

പച്ചിലവളത്തിന്റെ ലഭ്യത കുറഞ്ഞുവരുന്നതു കൊണ്ടും ആടുമാടുകളെ വേണ്ടത്ര വളർത്തി സംരക്ഷിക്കാത്തതുകൊണ്ടും ജൈവവളപ്രയോഗം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പാചക ഇന്ധനമായ വിറകിന്റെ ദാർലഭ്യം വെണ്ണീരിന്റെ ലഭ്യതയും കുറഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി രാസവളത്തിന്റെ ആശ്രയം കൂടിവരികയും ഇത് മണ്ണിന്റെ ഘടനക്ക് ദോഷം വരുത്തുകയും ചെയ്യുന്നു. ഇതു പരിഹരിക്കാൻ ജൈവവളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കണം.

നഴ്സറി

നമ്മുടെ പഞ്ചായത്തിൽ ഗവൺമെന്റ് അംഗീകൃത നഴ്സറി ഇല്ല. എന്നാൽ ചില സ്വകാര്യവ്യക്തികൾ തെങ്ങ്, കവുങ്ങ്, കുരുമുളക് ചെടികൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉൽപാദിപ്പിച്ച് ചെറിയതോതിൽ വിതരണം നടത്തുന്നുണ്ട്. ഈ പഞ്ചായത്തിലെ വിവിധതരം കൃഷിക്ക് ആവശ്യമായ ഗുണമേന്മയുള്ള ഒരു നഴ്സറി കൃഷിഭവന്റെ മേൽനോട്ടത്തിൽ ആരംഭിക്കണം. ഔഷധസസ്യങ്ങളുടെ ഒരു മാതൃകാതോട്ടം കരുമാരത്തില്ലത്ത് അഭിവൃദ്ധിപ്പെട്ടുവരുന്നു. സ്വയം തൊഴിൽ കണ്ടെത്താനുള്ള ഒരു മാതൃകാപ്രവർത്തനം ഔഷധ കൃഷിവഴി നേടിയെടുക്കാനുള്ള നമ്മുടെ സാധ്യതകളിലേക്ക് ഇത് വിരൽചൂണ്ടുന്നു.

കാർഷിക ഉപകരണങ്ങൾ

പാടശേഖര സമിതികൾക്കായി മൂന്നുപവർ ടില്ലറുകളും ഒരു മെതിയെന്ത്രവും വിതരണം ചെയ്തിട്ടുണ്ട്. കർഷകർക്ക് 70 നാപ്സാക്ക് സ്പ്രേയറുകളും, 36 റോക്കർ സ്പ്രേയറുകളും, രണ്ടു തെങ്ങുകയറ്റ യന്ത്രങ്ങളും വിതരണം ചെയ്തിട്ടുണ്ട്. കൃഷിക്കാർക്ക് ഇനിയും ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങാനും, അവയുടെ റിപ്പയറിങ്ങിനും ആവശ്യമായ സൗകര്യങ്ങൾ കൃഷിഭവൻ മുഖേന ലഭ്യമാക്കേണ്ടതുണ്ട്.

വിപണനസൗകര്യം

ഈ പഞ്ചായത്തിൽ കൂടുതലായും വിപണനം ചെയ്യപ്പെടുന്ന പഴങ്ങളും പച്ചക്കറികളും അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്നിട്ടുള്ളവയാണ്. ഇവക്ക് വിലയും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്.

സംയോജിത പച്ചക്കറി കൃഷിയേയും പുരയിടകൃഷിയേയും പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉൽപാദനം വർദ്ധിപ്പിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കി വിപണനം ചെയ്യാൻ പഴം പച്ചക്കറി ഉൽപാദന വിതരണ സംഘങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ പച്ചക്കറിച്ചന്തകൾ സീസണിലെങ്കിലും ആരംഭിക്കുന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം.

കൃഷിഭവൻ പ്രവർത്തനം

ഒരു കൃഷിആഫീസറും മൂന്ന് കൃഷിഅസിസ്റ്റന്റുമാരും ഉണ്ട്. വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. തുടർച്ചയായി കൃഷിആഫീസർ ഇല്ലാത്തതിന്റെ പ്രയാസങ്ങൾ പ്രകടമാണ്. കാർഷിക കാര്യങ്ങളിൽ ശാസ്ത്ര സാങ്കേതിക ഉപദേശങ്ങൾ യഥാവസരം കൃഷിക്കാർക്ക് ലഭ്യമാകുന്ന നിലയിലേക്ക് കൃഷിഭവൻ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടണമെന്നാണ് കൃഷിക്കാരുടെ അഭിപ്രായം. പഞ്ചായത്തിന്റെ പൊതുവായ കാർഷിക അഭിവൃദ്ധിക്ക് നേതൃത്വപരമായ പങ്ക് നിറവേറ്റാൻ കൃഷിഭവന് കഴിയണം. തെരഞ്ഞെടുക്കപ്പെട്ട വിവിധസമിതികളും, കൃഷിഭവൻ നേതൃത്വവും പരസ്പര പൂരകമായി മുന്നോട്ടുപോകേണ്ടതുണ്ട്.

നടപ്പുസ്കീമുകൾ താഴെ കൊടുക്കുന്നു.

1. കുരുമുളക് പുനരുദ്ധാരണ പദ്ധതി

   94-95 സാമ്പത്തിക വർഷത്തിൽ തുടക്കം കുറിക്കപ്പെട്ട ഈ പദ്ധതി ലക്ഷ്യം 5 ഹെക്ടർ ആണ്. മൂന്ന് വർഷംകൊണ്ട് ഇത് പൂർത്തികരിക്കും. 29 കൃഷിക്കാരെ ഇതിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. 6500 രൂപ സബ്സിഡി ഇനത്തിൽ ചെലവഴിച്ചു.

2. 96-97 സാമ്പത്തിക വർഷത്തിൽ 5 ഹെക്ടറിൽ പുതിയ അനുതിലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് കുരുമുളക് വികസന സമിതി മുഖേനയാണ് ഇത് നടപ്പിലാക്കുന്നത്.

3. കറിമുളക് പ്രദർശനതോട്ടം

   ഒരെണ്ണത്തിന് അനുമതി ലഭിച്ചു. വിവിധ ഇനങ്ങളിലായി 700 രൂപ സബ്സിഡി കൊടുക്കാൻ വകയിരുത്തിയിട്ടുണ്ട്.

4. ഇഞ്ചികൃഷി മിനികിറ്റ്, മുളക് മിനികിറ്റ്, 5 വീതം കൃഷിക്കാർക്ക് കൊടുക്കാൻ അനുമതിയുണ്ട്.

5. കശുമാവ് പുനരുദ്ധാരണ പദ്ധതി

   5 വർഷം രണ്ടാംവർഷത്തിൽ 3 ഹെക്ടറിൽ പ്രവർത്തനാനുമതി ലഭിച്ചു 10 കൃഷിക്കാർക്ക് ആനുകൂല്യം.

6. നെൽകൃഷി ഉൽപാദനബോണസ് വിതരണം.

ഏക്കറിന് 100 രൂപവീതം ഓരോ വിളക്കും, പാടശേഖര സമിതികൾ മുഖാന്തരം വിതരണം ചെയ്തു വരുന്നു.

7. സമഗ്രതെങ്ങു വികസന പരിപാടി

ജലസേചനാവശ്യത്തിന് കിണറുകുഴിക്കാനും ജലസേചനാവശ്യത്തിന് പമ്പ് സെറ്റ് വിതരണം ചെയ്യാനും പരിപാടി. ഈ വർഷം 65 പമ്പുസെറ്റുകൾക്കും, 20 കിണറുകൾക്കും അനുമതി ലഭിച്ചിട്ടുണ്ട്. പരമാവധി സബ്സിഡിതുക 2500 രൂപ, എസ്സി/എസ്ടി വിഭാഗത്തിൽ 10,000 രൂപ സബ്സിഡിയോടുകൂടി ഒരു കിണർ കുഴിക്കാൻ അനുമതിയുണ്ട്.

8. മരുന്നുതളി ഉപകരണം, വിതരണം

1,000 രൂപ സബ്സീഡി നിരക്കിൽ മൂന്ന് റോക്കർ സ്പ്രെയർ വിതരണം ചെയ്യാൻ പരിപാടിയുണ്ട്.

9.വിത്തുൽപാദന പദ്ധതിയിൻകീഴിൽ ഒന്നാംവിളക്ക് ഒരു പ്ലോട്ടിന് അനുമതിയുണ്ട്.

10. കാർഷിക വിളകൾക്കുള്ള ഇൻഷൂറൻസ് പദ്ധതി.

ഗവൺമെന്റ് ആവിഷ്ക്കരിച്ച മേൽപദ്ധതി അനുസരിച്ചുള്ള എല്ലാവിധ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

11. മണ്ണു പരിശോധനാപദ്ധതി

വിവിധവിളകൾക്കാവശ്യമായ മണ്ണുപരിശോധനയും സാങ്കേതിക ഉപദേശവും ജില്ലാതല സംവിധാനത്തിന്റെ കീഴിൽ ഇവിടെ ലഭ്യമാണ്. ശാത്രീയമായ മണ്ണുപരിശോധനയും അതിന്റെ അടിസ്ഥാനത്തിലുള്ള വളപ്രയോഗവും നമ്മുടെ കാർഷിക സംസ്കാരത്തിന്റെ ഭാഗമായിത്തീരേണ്ടതുണ്ട്. ഈ വിഷയത്തിൽ കൃഷിക്കാർക്കിടയിൽ നിലവിലുള്ള വിമുഖത മാറ്റിയെടുക്കാൻ നമുക്ക് സാധിക്കണം.

12. നടീൽവസ്തുക്കളുടെ വിതരണം-വിൽപന പദ്ധതി

നടപ്പുവർഷത്തിൽ തെങ്ങ്, കവുങ്ങ്, കുരുമുളക് വള്ളി, ഒട്ടുപ്ലാവ്, ഗ്രാമ്പു, കറപ്പ തുടങ്ങിയ നടീൽവസ്തുക്കളും, ജയ, ജ്യോതി തുടങ്ങിയ നെൽവിത്തിനങ്ങളും വിതരണംചെയ്തിട്ടുണ്ട്. പ്രാദേശിക ആവശ്യങ്ങൾക്കും പ്രത്യേകതകൾക്കും അനുസൃതമായി നടീൽ വസ്തുക്കൾ ലഭിക്കുന്നില്ലെന്ന് വിമർശനം നിലവിലുണ്ട്. ഇതുപരിഹരിക്കാൻ പുതിയ സംരംഭങ്ങൾ എങ്ങിനെ ആവിഷ്ക്കരിക്കാമെന്നത് നാം ചർച്ച ചെയ്യണം.

പ്രശ്നങ്ങൾ

1. കാട്ടാമ്പള്ളി പദ്ധതിയുടെ ഷട്ടറുകൾ തുരുമ്പിച്ച് നശിച്ച് പോയതുകൊണ്ട് ഭാഗികമായി ഉപ്പ് വെള്ളംകയറി കൃഷി നശിക്കുന്നു.
2. പഴശ്ശിജലസേചനപദ്ധതിയിനിന്ന് കനാലുകളിലുടെ ആവശ്യമായ സമയങ്ങളിൽ നെൽകൃഷിക്ക് വെള്ളം ലഭിക്കുന്നില്ല.
3. കാട്ടാമ്പള്ളി പദ്ധതിയുടെ രണ്ടാംഘട്ടം പണിയാരംഭിക്കാത്തതുകൊണ്ട് പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നില്ല.
4. ഒമ്പതാം വാർഡിലെ ഡൈ യൂണിറ്റിന്റെ ചായംമുറിയിലെ മലിനജലം കൊളച്ചേരിത്തോട്ടിലേക്ക് ഒഴുക്കിവിടുന്നത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.
5. കൊളച്ചേരിത്തോടിനുള്ള 3 വി.സി.ബി.കൾ തകർന്ന നിലയിലാണ്.
6. കാർഷിക മേഖലയിൽ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
7. കൃഷിച്ചെലവ് വർദ്ധിച്ച് വരുന്നതുകൊണ്ട് കൃഷിയിടങ്ങൾ തരിശിടുന്നു.
8. മണ്ണ് പരിശോധന നടത്തുന്നതിൽ കൃഷിക്കാർ വേണ്ടത്ര ബോധവാന്മാരല്ല.
9. വിള ഇൻഷൂറൻസിനെ സംബന്ധിച്ച വിവരങ്ങൾ കൃഷിക്കാർക്കിടയിൽ ഇനിയും വേണ്ടത്ര എത്തിച്ചേർന്നിട്ടില്ല.
10. തെങ്ങിന് ചെന്നീരൊലിപ്പ് രൂക്ഷമാണ്.
11. പാടശേഖര സമിതികളുടെ പ്രവർത്തനം, മിക്കതും സജീവമല്ല.
12. ജൈവവളത്തിന്റെ ലഭ്യത കുറഞ്ഞ് വരുന്നു.
13. കാർഷിക വായ്പ ആവശ്യത്തിന് ലഭിക്കുന്നില്ല.
14. ജലസേചന സൗകര്യം പരിമിതമാണ്.
15. ഏപ്രിൽ-മെയ് മാസങ്ങളിൽ വരൾച്ച രൂക്ഷമാണ്.
16. കാർഷിക ഉപകരണങ്ങളും, ടില്ലറുകൾളും, റിപ്പയർ ചെയ്യാനുള്ള സൗകര്യം പഞ്ചായത്തുതലത്തിൽ ഇല്ല.
17. തെങ്ങ് കയറ്റത്തിന് ആളെ കിട്ടാനില്ല.
18. പുഴയരികിൽ കരയിടിച്ചിൽ രൂക്ഷമാണ്. അശാസ്ത്രീയമായ പൂഴികോരൽ ഇതിന് ഒരു പ്രധാന കാരണമാണ്.
19. പറമ്പുകൃഷി ജലസേചനത്തിനു വേണ്ടി കിണർ കുഴിക്കാനുള്ള ലോണും, സബ്സിഡിയും അപര്യാപ്തമാണ്.
20. വയലുകളിലൂടെ ടില്ലറുകൾ കൊണ്ടുപോകാൻ സൗകര്യമില്ല.
21. വിശാലമായ കൈപ്പാട് പ്രദേശം തരിശിടുന്നു.

22. നെൽവയലുകൾ നികത്തി തെങ്ങിൻ തോപ്പുകളും പുരയിടങ്ങളുമാക്കി മാറ്റുന്നു.
23. ഗുണമേന്മയുള്ള നടീൽവസ്ക്കളുടെ ഉൽപാദനത്തിനും വിതരണത്തിനും വേണ്ട അംഗീകൃത നഴ്സറിയില്ല.
24. രണ്ടാംവിളക്ക് ജലക്ഷാമമനുഭവപ്പെടുന്നു.
25. കരുമുളകിന് ദ്രുതവാട്ടരോഗം രൂക്ഷമാണ്.
26. എല്ലാ പാടശേഖരസമിതികൾക്കും ആവശ്യാനുസൃതം പവർടില്ലറുകൾ ഇല്ല.
27. പച്ചക്കറി കൃഷിക്ക് സബ്സിഡിലഭിക്കുന്നില്ല.
28. നിലവിലുള്ള തോടുകളും കുളങ്ങളും നാശോന്മുഖമാണ്.

സാധ്യതകൾ

1. കാട്ടാമ്പള്ളി പദ്ധതിയുടെ തുരുമ്പിച്ച് നശിച്ച ഷട്ടറുകൾ നീക്കം ചെയ്ത് ഒറ്റവിള കയ്പാട്ടുകൃഷിയും, മത്സ്യബന്ധനവും അഭിവൃദ്ധിപ്പെടുത്തണം.
2. പഴശ്ശി ജലസേചന പദ്ധതിയുടെ കനാലുകളിലൂടെ രണ്ടാംവിള നെൽകൃഷിക്ക് വെള്ളം ലഭ്യമാക്കണം.
3. കൊളച്ചേരി വലിയതോടിനുള്ള തകർന്ന വി.സി.ബി.കൾ പുതുക്കി നിർമിക്കണം.
4. എല്ലാ കൃഷിയിടങ്ങളിലേയും മണ്ണ് പരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗത്തിനാവശ്യമായ ഉപദേശനിർദേശങ്ങൾ നൽകണം.
5. കിഴക്കേ ചേലേരി, കുറ്റേരി പൊയിലിലെ 6 കുളങ്ങളും, ആഴവും, വീതിയും കൂട്ടി സംയോജിത പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് ജലം ലഭ്യമാക്കണം.
6. എല്ലാ വയലുകളിലും ടില്ലർ കൊണ്ടുപോകാനുള്ള ഫാം റോഡ് നിർമിക്കണം.
7. പവർടില്ലർ ഇല്ലാത്ത പാടശേഖരകമ്മിറ്റികൾക്ക് പവർടില്ലർ വാങ്ങുന്നതിന് സബ് സിഡിയോടുകൂടിയ വായ്പ ലഭ്യമാക്കണം.
8. മൂന്നാംവിളയായി പയർ കൃഷിയും പച്ചക്കറികൃഷിയും പാടശേഖര കമ്മറ്റിയുടെ മേൽനോട്ടത്തിൽ വ്യാപിപ്പിക്കുകയും സബ്സിഡി ലഭ്യമാക്കുകയും വേണം.
9. ചകിരിച്ചോറിൽനിന്നുള്ള ജൈവവളനിർമ്മാണം വ്യാപകമാക്കുകയും, ജൈവവള നിർമ്മാണത്തിന് സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുകയും വേണം.
10. പുരയിട കൃഷിയിൽ പച്ചക്കറി കൃഷിയും, കുരുമുളക് കൃഷിയും വ്യാപിപ്പിക്കണം.
11. എല്ലാ തോടുകളും കുളങ്ങളും പുനരുദ്ധരിച്ച് ജലസേചനോപകാര പ്രദമാക്കണം.
12. പഞ്ചായത്തിൽ നിർമറി അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു മണ്ണ് ജലസംരക്ഷണ സമിതിക്ക് തുടക്കം കുറിക്കണം.
13. നടീൽ വ്സുതക്കളുടെ നഴ്സറി ആരംഭിക്കണം.
14. പറമ്പു ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ കിണർ കുഴിക്കാനുള്ള ലോണും സബ്സീഡിയും വർദ്ധിപ്പിക്കണം.
15. പമ്പു സെറ്റു വാങ്ങാൻ കർഷകർക്ക് നിലവിലുള്ള സബ്സിഡി വർദ്ധിപ്പിക്കണം.
16. പാടശേഖര സമിതികളുടെ പ്രവർത്തനം പച്ചക്കറി, പയർകൃഷികളിലേക്കുകൂടി വ്യാപിപ്പിക്കണം.
17. പച്ചക്കറി-പയർ-തെങ്ങുകൃഷി എന്നിവയ്ക്ക് നെൽകൃഷിക്കുള്ളതുപോലെ സബ്സിഡി അനുവദിക്കണം.
18. പാടശേഖരസമിതി, കരവികസന സമിതി, കുരുമുളക് വികസന സമിതി എന്നിവ വർഷം തോറും പുനഃസംഘടിപ്പിക്കണം.
19. നെൽകൃഷിക്ക് ഏക്കറിന് 250 രൂപയായി സബ്സിഡി വർദ്ധിപ്പിക്കണം.
20. ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ കുണ്ടുവയലിലും, കരിയിൽ വയലിലും, കൊളച്ചേരി പാലത്തിനു സമീപവും, കൊല്ലന്റെ താഴെയും, കാടാങ്കോട്ട് താഴെയും, ഈശാനമംഗലം താഴെയും ഓരോ കുളം നിർമിക്കണം.
21. കൂളിക്കുണ്ടും, ചേലേരി അമ്പലക്കുളത്തിനു സമീപവും, പാലച്ചാലിലും സ്ഥലം ഏറ്റെടുത്ത് ജലസംഭരണി ഉണ്ടാക്കണം.

നാലുകുന്നിൽനിന്നും കൊമ്പൻചാലിൽനിന്നും ഒഴുകിവരുന്ന വെള്ളം തടഞ്ഞും, പാടിക്കുന്നിൽനിന്നും അതിന്റെ കിഴക്കേകുന്നിൽനിന്നും വരുന്ന വെള്ളം തടഞ്ഞും ഓരോ ജലസംഭരണി ഉണ്ടാക്കണം.

22. നിലവിലുള്ള സ്വകാര്യകുളങ്ങൾ ജനപങ്കാളിത്തത്തോടെ റിപ്പയർചെയ്ത് ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.
23. ചേലേരിതോടിന് കണിച്ചേരിതാഴെയും, ചേലേരിപള്ളിക്ക് താഴെയും ചീപ്പ് നിർമ്മിച്ച് രണ്ടാംവിളക്കുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.
24. കൃഷിഭവന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കണം.
25. പഞ്ചായത്തിലെ പാഴ് നിലങ്ങളിലും തരിശു ഭൂമികളിലും, റോഡരികിലും, ശീമക്കൊന്ന പോലുള്ള പച്ചിലചെടികൾ വ്യാപിപ്പിക്കാനുള്ള പരിപാടി ആവിഷ്ക്കരിക്കണം.
26. പാമ്പുരുത്തി, നണിയൂർ ഭാഗങ്ങളിലെ കരയിടിച്ചിൽ തടയുന്നതിനുവേണ്ടി, കരിങ്കൽഭിത്തി കെട്ട് നിർമാണം പൂർത്തിയാക്കണം.
27. കൊളച്ചേരി തോടിന് കുട്ടുങ്കൽതാഴെ പുതിയ ചീർപ്പ് നിർമ്മിക്കണം.



മൃഗസംരക്ഷണം

പ്രകൃതിയിൽ അനുഗ്രഹീതമായ നമ്മുടെ പഞ്ചായത്ത് പൂർവ്വകാലത്ത് മൃഗസമ്പത്തിന്റെ കാര്യത്തിലും സമ്പന്നമായിരുന്നു. അന്ന് കൃഷിക്കാവശ്യമായ ജൈവവളം കന്നുകാലിവളർത്തലിൽനിന്നാണ് ശേഖരിച്ചിരുന്നത്. നാടൻ പശുക്കളും എരുമകളുമായിരുന്നു അന്നത്തെ പ്രധാന വളർത്തുമൃഗങ്ങൾ. അവയെ അഴിച്ചുവിട്ട് വളർത്തിയതിനാൽ പുലർച്ചക്കു ചാണകം ശേഖരിക്കുന്ന പതിവുണ്ടായിരുന്നു. അന്ന് പശുക്കളെ പോറ്റാൻവാങ്ങുന്ന സമ്പ്രദായവും നിലനിന്നിരുന്നു. ഇപ്പോഴും ചെറിയതോതിൽ ഈ സമ്പ്രദായം നിലവിലുണ്ട്.

പുതിയ സാങ്കേതികവിദ്യയുടെ ആവിർഭാവം നാടൻ പശുക്കളുടെ സ്ഥാനം സങ്കരയിനം പശുക്കൾ കൈയടക്കാൻ നിദാനമായി. 1960-നുശേഷം ഇതുനിമിത്തം പാലുൽപാദനം വർധിക്കുകയും നാടൻ പശുക്കളുടെ വംശവർധനവും പരിപാലനവും കുറയുവാൻ തുടങ്ങി. പ്രജനന രംഗത്തും മാറ്റം ഉണ്ടായി.

കാളകളെ ഉപയോഗിച്ച് ബീജസങ്കലനം നടത്തിയ സ്ഥാനത്ത് ഇന്ന് ശാസ്ത്രീയമായ പുതിയ സാങ്കേതിക വിദ്യയായ കൃത്രിമബീജസങ്കലനമാണ് ഉപയോഗിക്കുന്നത്. ഇത് സങ്കരയിനം പശുക്കളുടെ ഗണ്യമായ വംശവർദ്ധനവിന് കാരണമായിട്ടുണ്ട്.

വൈക്കോലിന്റെയും തീറ്റപ്പുല്ലിന്റെയും അപര്യാപ്തയും, വിലവിർധനവും ഉൽപാദനച്ചെലവിന് ആനുപാതികമായി പാലിന് വിലകിട്ടാത്തതും ഈ രംഗത്ത് കൂടുതൽ കൃഷിക്കാരെ ആകർഷിക്കാൻ കഴിയുന്നില്ലെന്നുമാത്രമല്ല പലരും ഈ രംഗത്തുനിന്ന് വിട്ടുപോകുകയും ചെയ്യുന്നു. മൃഗസമ്പത്തിന്റെയും സാങ്കേതിക വിദ്യയുടെയും വളർച്ചയ്ക്കൊപ്പം അനുബന്ധ മേഖലകൾ വികസിപ്പിച്ചെടുക്കുന്നതിൽ പദ്ധതികൾ പരാജയപ്പെട്ടു എന്നുള്ളതും ഈ രംഗത്തെ പ്രധാന പ്രശ്നമാണ്. ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ ഉൽപാദിപ്പിക്കാനുള്ള ശ്രമങ്ങളും വ്യാപകമാക്കാൻ സാധിച്ചിട്ടില്ല എന്നുള്ളതും പ്രധാന പ്രശ്നമാണ്.

പട്ടിക - 1

പഞ്ചായത്തിലെ പശുക്കളുടെ സ്ഥിതിവിവരം

വാർഡ്	നാടൻ	സങ്കരയിനം	ആകെ	പാലുൽപാദനം (ലിറ്റർ) പ്രതിമാസത്തിൽ
1	160	110	270	33120
2	98	117	215	32196
3	172	126	298	37464
4	192	155	347	45264
5	159	170	329	47468
6	181	198	379	55122
7	149	167	316	46338
8	22	19	41	5835
9	158	155	313	43836
10	141	161	302	44462
ആകെ	1432	1378	2810	3,91,205

സങ്കരയിനം പശുക്കളുടെ പാലുൽപാദനശേഷി ശരാശരി 8 ലിറ്ററാണ്. ഭ്രൂണമാറ്റം, പ്രിമിയം ബുൾസെമൺ ഉപയോഗപ്പെടുത്തിയും പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയും ഉൽപാദനശേഷി ശരാശരി പത്തുലിറ്ററിനു മുകളിലേക്കുയർത്താൻ കാർഷിക സർവകലാശാലയിലെയും, കെ.എൽ.ഡി.എം.എം. ബോഡിലെയും മറ്റു വിദഗ്ധരായ ശാസ്ത്രജ്ഞന്മാരെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു സമയബന്ധിത പരിപാടി നടപ്പിലാക്കണം.

പാലിന്റെ ഗുണപരിശോധനയ്ക്ക് അമ്പത് വർഷങ്ങൾക്കുമുമ്പുണ്ടാക്കിയ പി.എഫ്.എ. ആക്ടിന് പല പരിമിതികളുമുള്ളതിനാൽ കാലോചിതമായി മാറ്റം വരുത്തേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ കൊളച്ചേരി ക്ഷീരോൽപാദന സഹകരണസംഘം, കരിങ്കൽക്കുഴി കേന്ദ്രമാക്കി 1979മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. 293 മെംബർമാരുള്ള സംഘം ഇന്ന് 600 ഓളം ലിറ്റർ പാൽ സംഭരിച്ച് വിപണനം നടത്തിവരുന്നു. ബാക്കിവരുന്ന പാൽ ക്ഷീരോൽപാദന നിർമാണയൂണിറ്റ് വഴി പാലുൽപന്നങ്ങളാക്കി വിതരണം ചെയ്യുന്നു. സംഘത്തിന്റെ നിയന്ത്രണത്തിൽ ക്ഷീരവികസനവകുപ്പിന്റെ സഹായത്തോടുകൂടി ഒരു ക്ഷീരോൽപന്ന നിർമാണയൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

ഗ്രാമപഞ്ചായത്ത്

9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമനമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംപ്സംഗ്രാന്റ്	മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം	ബിസി തൊഴിലാളി സ്കോളർഷിപ്പ്	മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	മറ്റുള്ളവ (വ്യക്തമാക്കുക)
1	2	3	4	5	6	7	8	9	10
1	മാരയിപ്പ്. എ. എൽ. പി സ്കൂൾ	2	52	15	1	—	1	—	—
2	തിരുനെ. എൽ. പി. സ്കൂൾ പേരേരി	—	—	—	—	—	—	—	—
3	തൊടുത്ത് ഹൈസ്കൂൾ യു. പി.	—	—	—	—	—	—	—	—
4	പേരേരി. മാപ്പിള. എൽ. പി	—	2	11	—	—	1	—	—
5	പേരേരി. എ. യു. പി.	6	38	68	2	—	4	3	—
6	മാലോട്ട്. എൽ. പി.	—	13	—	—	—	—	—	—
7	ഗവ: എൽ. പി. പെരുമാച്ചേരി	—	—	—	—	—	—	—	—
8	തൊടുപ്പേരി. യു. പി. സ്കൂൾ	2	63	119	—	—	—	—	4+
9	കൊമ്പിൽ മാപ്പിള. ഹൈസ്കൂൾ	3	201	264	4	3	4	33	2+ 6
10	കാനിൽ മാപ്പിള. എൽ. പി	—	13	—	—	—	—	—	—
11	പിലാക്കൽ. എൽ. പി.	—	10	—	1	—	—	—	—
12	കാനിൽ. എൽ. പി.	—	6	—	—	—	—	—	—
13	പാണ്ടുരുത്തി മാപ്പിള. യു. പി.	—	17	76	1	—	—	13	—
14	നരിക്കുളം. ഹൈ. എൽ. പി.	—	—	—	—	—	—	—	—
15	ഇടിക്കര. എൽ. സ്കൂൾ കണിയാ	—	2	—	—	—	—	—	—
16	നൂഞ്ഞേരി. എ. എൽ. പി	—	22	3	—	—	—	—	—
	ടോട്ടൽ	13	439	556	9	3	10	49	12

Nadar girls (Malayalam) Christian girls

9.8. ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

സ്കൂളിന്റെ പേര്	ചെലവ്								വരവ് A			വരവ് B				
	കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക്	ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റപ്പണികൾക്ക്	ഉപകരണങ്ങൾ മാസവാടകയ്ക്കും ഉപയോഗത്തിനുള്ള ഇനങ്ങൾക്കും	സ്റ്റേഷനറിയ്ക്ക്	കലാ-വിനോദങ്ങൾക്ക്	ലൈബ്രറികൾക്ക്	ഇച്ഛകരണത്തിന്	മറ്റിനങ്ങൾക്ക്	സർക്കാർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	ആകെ	പി.ടി.എ. ഫണ്ട്	ഉച്ചഭക്ഷണ ഫണ്ട്	പി.ടി.എ. ഫണ്ട്	ഉച്ചഭക്ഷണ ഫണ്ട്	ആകെ ചെലവ്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
[illegible] ALPS	1805	20165	-	85	41	273	5500	-	5261	1386	6647	334	-	-	-	334
[illegible] LPS [illegible]	6300	[illegible]	350	-	-	-	3130	-	1000	750	1750	-	-	-	-	-
[illegible] UPS	-	-	-	-	-	-	-	-	-	-	-	-	-	-	-	-
[illegible] ALPS	2847	530	80	-	-	-	300	-	731	250	981	392	-	-	-	392
[illegible] UPS	6315	780	300	345	1840	300	6996	123	5052	3468	8520	2698	123	2020	-	4841
[illegible] LPS	750	550	-	-	-	-	3545	350	750	825	1575	-	-	-	-	-
[illegible] LPS [illegible]	-	-	-	-	-	-	3400	3924	3924	1700	5624	-	-	-	-	-
[illegible] UPS	-	-	750	500	1000	500	12500	-	4307	4307	8614	2328	-	4930	-	7258
[illegible] HS	5000	1500	4500	6000	7000	3700	3945	-	1708	1710	3418	23875	1600	5000	9182	39657
[illegible] LPS	2500	1000	-	500	750	-	6779	530	1364	1379	2743	-	-	2010	-	2010
[illegible] LPS	1000	500	-	-	-	-	3726	-	945	943	1888	-	[illegible]	1200	-	1200
[illegible] LPS	500	500	-	-	-	[illegible]	1000	250	-	331	331		250	200	-	450
[illegible] VHS	2660	855	840	805	2200	173	4728	305	7260	1335	8595	1372	-	-	-	1372
[illegible] ALPS	855	240	-	-	-	-	6340	1083	1083	1079	2162	-	-	5273	-	5273
[illegible] LPS	1000	1000	-	-	500	-	5000	-	2000	2000	4000	-	300	1000	-	1300
[illegible] ALPS	504	1345	-	-	-	-	3340	-	864	864	1728	375	-	1612	-	1987

പാഠ്യേതര പ്രവർത്തനം

പഠനത്തോടൊപ്പം വിദ്യാർഥികളുടെ കലാപരവും കായിക പരവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടത്തുന്നു. ഉപജില്ലാടിസ്ഥാനത്തിലും ജില്ലാതലത്തിലും മത്സരം നടക്കുന്നുണ്ട്. എന്നാൽ എല്ലാ വിദ്യാലയങ്ങളിലും മേൽപ്പറഞ്ഞ വാസനകൾ വികസിപ്പിക്കുന്നതിനാവശ്യമായ സംവിധാനം ഇല്ല.

സ്കൗട്ട്, ബുൾബുൾ, കബ്സ് എന്നിവ ഓരോ വിദ്യാലയത്തിലും സംഘടിപ്പിക്കണമെന്നുണ്ടെങ്കിലും മിക്കവാറും വിദ്യാലയങ്ങളിലും അതു പ്രവർത്തിക്കുന്നില്ല.

പരിഹാരം

1. ഓരോ വിദ്യാലയത്തിലും സംഗീതം, ചിത്രമെഴുത്ത്, കായികപഠനം എന്നിവയിൽ വിദഗ്ധ അധ്യാപകരെ നിയമിക്കണം.
2. പഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കലാമത്സരങ്ങളും കായികമത്സരങ്ങളും സംഘടിപ്പിച്ച് വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകണം.
3. സ്കൗട്ട്, ബുൾബുൾ, കബ്സ് എന്നിവ സ്കൂളുകളിൽ നിർബന്ധമാക്കണം.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ആവിഷ്കരിച്ച അടിസ്ഥാന വിദ്യാഭ്യാത്തിലെ പ്രധാനപ്പെട്ട ഘടകമാണെല്ലോ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം. ഒരു കുട്ടി തന്റെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനോടൊപ്പം ഒരു തൊഴിലിലെങ്കിലും പ്രാവീണ്യം നേടിയിരിക്കണം. സിലബസിൽ ക്രാഫ്റ്റിന് പിരിയഡ് അനുവദിച്ചിട്ടുണ്ടെങ്കിലും പ്രാവീണ്യം നേടിയ അധ്യാപകരെ നിയമിക്കാൻ ഗവ.അനുമതിയില്ല.

പരിഹാരം

1. ഓരോ വിദ്യാലയത്തിലും ഏതെങ്കിലും തൊഴിൽ പ്രാവീണ്യം നേടിയ സാങ്കേതിക അധ്യാപകരെ നിയമിക്കുക.
2. സാങ്കേതിക പഠനത്തിനാവശ്യമായ അസംസ്കൃത പദാർഥങ്ങൾ യഥാസമയം ലഭ്യമാക്കുക.

അധ്യാപക രക്ഷാകർതൃസമിതി

വിദ്യാർഥികളുടെ പഠന നിലവാരം ചർച്ച ചെയ്യുന്നിതിനും സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കലാകായിക കഴിവുകൾ വികസിപ്പിക്കുന്നതിനും വിദ്യാലയങ്ങളിൽ അധ്യാപക രക്ഷാകർതൃസമിതി, മാതൃസംഗമം, വിദ്യാഭ്യാസ സമിതി എന്നിവ പ്രവർത്തിക്കുന്നു.

എല്ലാ വിദ്യാലയങ്ങളിലും മേൽപ്പറഞ്ഞ കമ്മിറ്റികളുണ്ട്. ചില വിദ്യാലയങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. മിക്ക വിദ്യാലയങ്ങളിലും ഇത്തരം സമിതികൾ കടലാസിൽ മാത്രം ഒതുങ്ങിനിൽക്കുന്നു.

പരിഹാരം

1. വിദ്യാലയങ്ങളിൽ അധ്യാപക രക്ഷാകർതൃസമിതി, മാതൃസംഗമം, വിദ്യാഭ്യാസസമിതി എന്നിവ സജീവമാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടി നടപ്പിലാക്കണം.
2. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന വിദ്യാലയ സമിതികൾക്ക് പഞ്ചായത്ത് വക പ്രോത്സാഹനം നൽകുന്നത് ഇത്തരം സമിതികൾ നന്നായി പ്രവർത്തിപ്പിക്കാൻ പ്രേരകമായിരിക്കും.

ഉച്ചക്കഞ്ഞി

സർക്കാർ ആവിഷ്കരിച്ച ഉച്ചക്കഞ്ഞി വിതരണപദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കി വരുന്നു. ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നതിനാവശ്യായ ചെലവ്, വിറക് മറ്റു പലവ്യജ്ഞനങ്ങൾ എന്നിവ വാങ്ങാൻ ആവശ്യമായ ചെലവ് നാമമാത്രമായി ഗവൺമെന്റും ഗ്രാമപഞ്ചായത്തും കൂടി നിർവഹിക്കുന്നു.

50 % കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ ഭക്ഷ്യസാധനങ്ങൾ ഗവൺമെന്റു നൽകുന്നു.

ന്യൂനതകൾ

1. ആവശ്യമായ എല്ലാ കുട്ടികൾക്കും ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ ഭക്ഷ്യസാധനങ്ങൾ ലഭിക്കുന്നില്ല.
2. ഇന്നു ലഭിക്കുന്ന പാചക ചെലവ് അപര്യാപ്തമാണ്.
3. ലഭിക്കുന്ന പാചകചെലവ് കൃത്യസമയത്തു ലഭിക്കുന്നില്ല.

പരിഹാരം

1. ആവശ്യമായ എല്ലാ വിദ്യാർഥികൾക്കും ഉച്ചക്കഞ്ഞി നൽകാനാവശ്യമായ നടപടി സ്വീകരിക്കുക.
2. ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ മുഴുവൻ ചെലവും ഗവ. മുൻകൂറായനൽകുക.
3. ഉച്ചക്കഞ്ഞിക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സ്കൂളിൽ എത്തിക്കുക.

ഉന്നതവിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ നിലവിൽ ഗവ. അംഗീകൃത കോളജോ സാങ്കേതിക സ്ഥാപനങ്ങളോ ഇല്ല. എസ്.എസ്.എൽ.സി. പൂർത്തിയാക്കിയ വിദ്യാർഥികൾ ഉന്നതവിദ്യാഭ്യാസത്തിന് അടുത്ത നഗരപ്രദേശങ്ങളിലോ പഞ്ചായത്തിലോ ഉള്ള നാലു പാരലൽ കോളജുകളേയോ സമീപിക്കേണ്ടിവരുന്നു.

നാമമാത്രമായ രണ്ടു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു കമ്പ്യൂട്ടർ പഠനസെന്ററുമാണ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായുള്ളത്. (ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്വകാര്യമേഖലയിൽ, കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് സഹകരണ മേഖലയിൽ). സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തെ ജനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസം ചെലവേറിയതാകുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലായാലും ഇതുതന്നെയാണ് പഞ്ചായത്തിന്റെ അവസ്ഥ.

പരിഹാരം

1. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് ഒരു ഗവ. കോളജ് അനുവദിക്കണം.
2. ഐ.ടി.ഐ, ഐ.ടി.സി, പോളിടെക്നിക്ക് തുടങ്ങിയ ഏതെങ്കിലും സാങ്കേതിക സ്ഥാപനം ഈ പഞ്ചായത്തിൽ സർക്കാർ വക സ്ഥാപിക്കണം.

അനൗപചാരിക വിദ്യാഭ്യാസം

ഔപചാരിക വിദ്യാഭ്യസത്തോപ്പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് അനൗപചാരിക വിദ്യാഭ്യാസവും രണ്ടും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഇവ രണ്ടും കൂട്ടായി പ്രവർത്തിച്ചില്ലെങ്കിൽ മാത്രമേ പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസം പൂർണ്ണമാവുകയുള്ളൂ.

ന്യൂനതകൾ

ഈ പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസ ഏജൻസികൾ വിരളമാണ്. പഞ്ചായത്തിൽ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും കുറവ് ഇതിന് ഒരു കാരണമായേക്കാം.

2. ഇത്തരം ഏജൻസികൾ തുടങ്ങുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ നിർവ്വഹിക്കണം.

പരിഹാരം

1. ഗ്രന്ഥശാലകളും വായനശാലകളും ലഭ്യമായ സ്ഥലങ്ങളിൽ അവയുടെ നേതൃത്വത്തിൽ നിശാപാഠശാലകളും പ്രഭാതപാഠശാലകളും ആരംഭിക്കുക.
2. ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത സ്ഥലങ്ങളിൽ വിദ്യാലയങ്ങളെ കേന്ദ്രീമാക്കി പ്രവൃത്തി സമയത്തിനുശേഷം അനൗപചാരിക വിദ്യാഭ്യാസ ഏജൻസികൾ ആരംഭിക്കുക.
3. വിരമിച്ച അധ്യാപകരെ ഉപയോഗിക്കുക
4. ഇതിനാവശ്യമായ സാമ്പത്തിക സഹായം ഗ്രാമപഞ്ചായത്ത് നൽകുക

പ്രശ്നങ്ങൾ ഒറ്റനോട്ടത്തിൽ

പ്രീപ്രൈമറി

1. ഈ പഞ്ചായത്തിൽ പ്രീ-പ്രൈമറി വിദ്യാലയങ്ങളില്ല.
2. പ്രീ-പ്രൈമറിക്കു പകരം നിൽക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല.
3. ആവശ്യമായ കളിക്കോപ്പുകളില്ല.
4. പ്രീ-പ്രൈമറികൾ തുടങ്ങാൻ ആവശ്യമായ സാമ്പത്തിക ഭാരം.

പൊതുവിദ്യാഭ്യാസം

1. വിദ്യാലയങ്ങളിൽ ഭൗതീക സാഹചര്യങ്ങളുടെ കുറവ്
2. കെ.ഇ.ആർ. പരിരക്ഷമൂലം വേണ്ടത്ര സ്ഥലമില്ലായ്മ.
3. ആവശ്യത്തിന് കളിസ്ഥലം ഇല്ലാത്ത അവസ്ഥ.
4. ശുദ്ധജലസൗകര്യമില്ലായ്മ.
5. ലൈബ്രറികൾ ഗ്രന്ഥങ്ങളും ലാബിൽ പരീക്ഷണ നിരീക്ഷണങ്ങൾക്കാവശ്യമായ സാമഗ്രികളും ഇല്ലാത അവസ്ഥ.
6. കുട്ടികളുടെ കൊഴിഞ്ഞുപോക്ക്.
7. ടി.വിയുടെ അതിപ്രസരം
8. മതപഠനവും പൊതുവിദ്യാഭ്യാസവും മൂലം തുടർച്ചായി പഠിക്കേണ്ട അവസ്ഥ
9. പൊതുവിദ്യാഭ്യാസത്തെക്കുറിച്ച് ബോധമില്ലായ്മ

ഉന്നതവിദ്യാഭ്യാസം

1. പഞ്ചായത്തിൽ കോളജിന്റെയും മറ്റു സാങ്കേതിക സ്ഥാപനങ്ങളുടെയും അഭാവം.

അനൗപചാരിക വിദ്യാഭ്യാസം

1. ഗ്രന്ഥശാലകൾ, വായനശാലകൾ, സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവയുടെ കുറവ്.

സാധ്യതകൾ

1. ഓരോ വിദ്യാലയത്തോടനുബന്ധിച്ച് പ്രീ-പ്രൈമറി വിദ്യാഭ്യാസം
2. പഞ്ചായത്ത് വാർഡ് തലങ്ങളിൽ വികസന സമിതിയുടെ കീഴിൽ വിദ്യാഭ്യാസ സമിതി രൂപവൽക്കരണം.
3. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തി അവർക്കു വേണ്ടി പ്രത്യേകം പരിശീലനം നൽകൽ.
4. വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ.
5. വിദ്യാർഥികളെ സ്കാഡുകളായി തിരിച്ച് പ്രവൃത്തികൾ വിഭജിച്ച് നൽകൽ, ആരോഗ്യകരമായ മത്സരങ്ങൾ സംഘടിപ്പിക്കൽ, നേതൃഗുണം വളർത്തൽ.
6. പാഠ്യാനുബന്ധ പ്രവർത്തനങ്ങളായ അംസംബ്ലി, സാഹിത്യസമാജം, പഠനയാത്രകൾ എന്നിവ ചിട്ടയോടെ നടപ്പിലാക്കുക.
7. പഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പഠനോപകരണ നിർമാണ ശിൽപശാലകൾ സംഘടിപ്പിക്കൽ.
8. പഠനനിലവാരം രക്ഷിതാക്കളുമായി ചർച്ച ചെയ്യൽ.
9. സ്കൂളുകളിൽ വായനമുറികൾ സ്ഥാപിക്കൽ.
10. യു.പി, ഹൈസ്കൂൾ എന്നിവിടങ്ങളിലെ പരീക്ഷണശാലകളുടെ സൗകര്യം മെച്ചപ്പെടുത്തൽ.
11. എൽ.പി.വിദ്യാലയങ്ങളിൽ ശാസ്ത്രശാലകൾ സംഘടിപ്പിക്കൽ.
12. പാഠ്യേതര പ്രവർത്തനങ്ങളിൽ അയൽക്കൂട്ടങ്ങളിൽ കൂടി പ്രത്യേക പരിശീലനങ്ങൾ നൽകൽ.
13. കലാകായിക രംഗങ്ങളിൽ അയൽക്കൂട്ടങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കൽ.
14. മികച്ച കായിക താരങ്ങളെയും കലാകാരൻമാരെയും ആദരിക്കൽ.
15. സബ് ജില്ലതലങ്ങളിലും ജില്ലാതലങ്ങളിലുമുള്ള മത്സരങ്ങളിൽ വിദ്യാർത്ഥികളെ ഒരുക്കൽ.
16. സ്കൂളുകളിൽ പൂന്തോട്ടങ്ങൾ, പച്ചക്കറികൾ എന്നിവ വച്ചുപിടിപ്പിക്കൽ.
17. ഉച്ചക്കഞ്ഞി ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കൽ.
18. ഒന്നാംതരം ഒന്നാന്തരമാക്കൽ
19. വിദ്യാലയങ്ങളിലെ പോരായ്മകൾ ഗ്രാമപഞ്ചായത്ത്, രക്ഷിതാക്കൾ, അധ്യാപകർ, പൊതുപ്രവർത്തകർ തുടങ്ങയവരുമായി ചർച്ച ചെയ്ത് ബഹുജന പങ്കാളിത്തത്തോടെ പരിഹരിക്കൽ.
20. അധ്യയന സമയത്തിൽ മാറ്റം വരുത്തൽ
21. കുട്ടികളിൽ ദേശീയബോധം വളർത്തൽ.

ഗ്രാമപഞ്ചായത്തിന്റെ പരിപൂർണ സഹകരണത്തോടെ ബഹുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നാം കൂട്ടായി യത്നിച്ചാൽ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ നിലവാരത്തിൽ ശോഭനമായ ഭാവി കാണാം.



പൊതുജനാരോഗ്യം; കുടിവെള്ളം

പൊതുജനാരോഗ്യം

കൊളച്ചേരി പഞ്ചായത്തിൽ പൊതുജനാരോഗ്യമേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ആരോഗ്യനിലവാരത്തിൽ നമ്മുടെ പഞ്ചായത്ത് സംസ്ഥാന ശരാശരിക്ക് അൽപം മുകളിലാണ്.

പഴയകാലത്ത് ചേലേരിയിലെ കുറുമ്പൻ വൈദ്യർ, കയ്യങ്കോട്ട് കുഞ്ഞിരാമൻ വൈദ്യർ, അത്തീമക്കേരി കുഞ്ഞമ്പു വൈദ്യർ, മംഗലപ്പള്ളി പോക്കോൻ, കുണ്ടത്തിൽ രാമൻ തുടങ്ങിയ പാരമ്പര്യ ചികിത്സകരെ ആശ്രയിച്ചാണ് പഞ്ചായത്തിലെ ആരോഗ്യരക്ഷ നിലനിന്നുരന്നതെങ്കിൽ ചേലേരിയിലെ പി.എച്ച്.സി. പാമ്പുരിത്തിയിലെ പി.എച്ച്.സി. കിരങ്കൽകുഴി, നൂഞ്ഞേരി, പള്ളിപ്പറമ്പ് എന്നിവിടങ്ങളിലെ സബ് സെന്ററുകളും അടങ്ങുന്ന പൊതുമേഖലയും അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി ശാഖകളിൽ കമ്പിൽ, കരിങ്കൽക്കുഴി, ചേലേരിമുക്ക് പ്രദേശങ്ങളെ കേന്ദ്രീകരിച്ച് സ്വാകാര്യ ചികിത്സാസൗകര്യങ്ങളും മരുന്നുവിൽപനശാലകളും ഉൾപ്പെടുന്നതാണ് പഞ്ചായത്തിലെ വർത്തമാനകാല പൊതുജനാരോഗ്യസംവിധാനം. ആരോഗ്യ സംരക്ഷണചെലവ് നാൾക്കുനാൾ വർധിച്ചുകൊണ്ടിരിക്കുകയും പൊതുഉടമയിലുള്ള സ്ഥാപനങ്ങളിലെ കാര്യക്ഷമതയില്ലായ്മയും ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

താഴെക്കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ പഞ്ചായത്തിലെ ആരോഗ്യപരിപാലന മേഖലയുടെ ഒരു ഏകദേശ ചിത്രം ലഭിക്കും.

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ
1993-94	1970	6	4
1994-95	1365	7	5
1995-96	1248	2	15

പകർച്ചവ്യാധികൾ തുടർച്ചയായി ഉണ്ടാകാറുള്ള പ്രദേശങ്ങൾ ഇല്ല.

ജനനമരണങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ളജനനം
1993-94	449	-	1
1994-95	463	84	2
1995-96	458	85	3

നമ്മുടെ പഞ്ചായത്തിലെ ജനനനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ അൽപം കൂടുതലും മരണനിരക്ക് കുറവുമാണ്.

വർഷം	ജനനനിരക്ക്	മരണനിരക്ക്
1993-94	18.4	-
1994-95	17.7	3.2
1995-96	17.3	3.2

സ്ഥാപന വിവരങ്ങൾ

സ്ഥാപനത്തിന്റെ പേര്		ഇനം	കെട്ടിടം സ്വന്തം/വാടക	സ്ഥാപിച്ച വർഷം	ഉദ്യോഗസ്ഥരുടെ എണ്ണം
1. പി.എച്ച്.സി.	കൊളച്ചേരി അലോപ്പതി		സ്വന്തം	1972	12
2.എഫ്.ഡബ്ല്യൂ.	സെന്റർ, കരിങ്കൽക്കുഴി	"	സ്വന്തം		
3.നൂഞ്ഞേരി		"	വാടക	1983	
4.എഫ്.ഡബ്ല്യൂ.		"	വാടക	1983	
5.ഡിസ്പൻസറി,	പാമ്പുരുത്തി	"	സ്വന്തം	1977	7

രോഗങ്ങൾ സംബന്ധിച്ച വിവരം

വർഷം	തക്രോഗം (എല്ലാവിഭാഗവും)	വാതരോഗം	പകർച്ച വ്യാധികൾ	മറ്റ് രോഗങ്ങൾ	ആകെ
1992-93	1355	52	8380	3921	13708
1993-94	1318	38	5746	6663	13765
1994-95	1200	40	3140	8837	13217
1995-96	1080	28	5732	6565	13405

(അവലംബം ദ്വിതീയ വിവരശേഖരം)

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവയ്പ്പ് സംബന്ധിച്ച വിവരം

കുട്ടികൾ	ബി.സി.ജി.	ഡി.ഡി.റ്റി				പോളിയോ				ഡി.ടി				മിസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസിൽതാഴെ	374	309	278	249	9	309	278	249	9					172
1-3 വയസ്	590	511	506	470	342	511	506	470	342	3			9	487
3-6 വയസ്	749	589	586	564	564	589	586	564	564	70	38	20	32	602

ടെറ്റനസ് ടോക്സോയിഡ് (ടി.ടി.)


ഗർഭിണികൾ	1ഡി	2ഡി	ബി.ഡി.
	134	93	20

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസിൽതാഴെ	174	136	64	44	8	8		1
1-3 വയസ്	227	192	118	100	46	47	1	1
3-6 വയസ്	299	280	103	113	40	52		

1-ാം ഗ്രേഡ്: ലഘുവായ പോഷണക്കുറവുള്ളവർ
2-ാം ഗ്രേഡ്: മിതമായ പോഷണക്കുറവുള്ളവർ
3-ാം ഗ്രേഡ്: ഗുരുതരമായ പോഷണക്കുറവുള്ളവർ

കൊളച്ചേരി പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലവും വാർഡും



വാർഡ് VII
1 : പാണ്ടൂരൻ ഡിസ്പെൻസറി
" VI . 2 . F.W. സബ്സെന്റർ കരിയാൽമൊട്ട
" IV 3 " പരിപ്പായൽ
" X 4 : പബ്ലിക്ഹെൽത്ത് സെന്റർ, ചേലേരി
" II . 5 : F.W. സബ്സെന്റർ നണിയൂർ

1995-96 വർഷത്തിൽനടന്ന പ്രസവങ്ങളുടെ വിവരം

ആശുപത്രിയിൽവച്ച് നടന്ന പ്രസവങ്ങൾ	236
വീട്ടിൽ നടന്ന പ്രസവങ്ങൾ	24

(അവലംബം ദ്വിതീയ വിവരശേഖരം)

നാം ഉന്മൂലനം ചെയ്തെന്ന് അവകാശപ്പെടുന്ന പല രോഗങ്ങളും തിരിച്ച് വരുന്നതായി കാണം. മലമ്പനി, ക്ഷയം, കുഷ്ഠം, മന്ത് തുടങ്ങിയ ഉദാഹരണങ്ങളാണ്. എന്തു ചെറിയ ദേഹാസ്വാസ്ഥ്യത്തിനും തോന്നലു കൾക്കും നാം ഡോക്ടറെ കാണുന്ന പ്രവണത കൂടി വരുകയാണ്. അനാവശ്യമരുന്നുകൾ വരുത്തിവ യ്ക്കുന്ന രോഗങ്ങളുടെ ചികിത്സയ്ക്കാണ് പിന്നീട് ഇത്തരക്കാർ പരക്കംപായേണ്ടിവരുന്നത്.

കാൻസർ, ഹൃദ്രോഗം എന്നിവ വർധിച്ചുവരുന്ന തായി കാണുന്നു. ആരോഗ്യരംഗം ഇന്ന് അഭിമുഖീക രിക്കുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിന് ഭരണ കർത്താക്കളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്ത കരും യോജിച്ച് പരിശ്രമിക്കുന്നതൊടൊപ്പം ജനപങ്കാ ളിത്തത്തോടെയുള്ള വ്യാപകമായ ബോധവൽക്കരണം അനിവാര്യമാണ്.

പരിസരശുചിത്വവും മറ്റുപ്രശ്നങ്ങളും: നമ്മുടെ പഞ്ചായത്തിൽ 300 ഓളം വീടുകൾക്ക് കക്കൂസ് ഇല്ല. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന വീടുകളി ലാണ് ഇപ്പോഴും കക്കൂസ് ഇല്ലാത്തതായി കാണുന്നത്.

മാലിന്യനിക്ഷേപത്തിനുള്ള സൗകര്യങ്ങൾ പഞ്ചാ യത്തിൽ വളരെ കുറവാണ്. പഞ്ചായത്തിൽ കമ്പോസ്റ്റ് കുഴികളുള്ള വീടുകൾ ദുർലഭമാണ്. 9-ാം വാർഡിലെ വ്യവസായസ്ഥാപനത്തിൽനിന്നും പുറന്തള്ളുന്ന മലി നജലം പരിസര മലിനീകരണത്തിനു കാരണമായി ട്ടുണ്ട്.

കൊതുകു നിവാരണ മാർഗങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. ഹോട്ടലുകളിലെ ശുചിത്വമില്ലായ്മയും ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

മത്സ്യമാംസ വിപണനശാലകൾ ഇല്ല. പൊതുക ക്കൂസുകളോ, മൂത്രപ്പുരകളോ പഞ്ചായത്തിൽ ഇല്ലെ ന്നുതന്നെ പറയാം. പൊതു സ്ഥലങ്ങളിലും പറമ്പുക ളിലും ചപ്പുചവറുകളും മാലിന്യങ്ങളും നിക്ഷേപിക്കുന്ന അവസ്ഥയുണ്ട്. പരിസര ശുചീകരണത്തിന് ബോധ വൽക്കരണം അനിവാര്യമാണ്.

ആരോഗ്യരംഗം അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങൾ

1. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യ ത്തോടുകൂടിയ ആശുപത്രികളില്ല.
2. പൊതുമേഖലയിലുള്ള ആതുരശുശ്രൂഷാ കേന്ദ്രങ്ങ ളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
3. ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരു ആവശ്യത്തിന് ഇല്ല.
4. രണ്ടു സബ് സെന്ററുകൾക്ക് സ്വന്തമായി കെട്ടിടം ഇല്ല.
5. സ്കൂൾ ഹെൽത്ത് പ്രോഗ്രാമുകൾ കാര്യക്ഷമമല്ല.
6. പൊതു ഉടമസ്ഥതയിൽ ആയുർവേദ, ഹോമിയോ ആശുപത്രികൾ ഇല്ല.
7. ആരോഗ്യപ്രവർത്തകർ മുഴുവൻ വീടുകളിലും എത്താറില്ല. ആരോഗ്യ പരിപാലന രംഗത്ത് ബോധ വൽക്കരണ കുറവുണ്ട്.
8. പി.എച്ച്.സി. യോടനുബന്ധിച്ച് പ്രസവവാർഡ് ഉണ്ടെ ങ്കിലും ആയത് പ്രവർത്തിക്കുന്നില്ല. ആവശ്യത്തിന് ഡോക്ടറോ മറ്റു ജീവനക്കാരോ ഇല്ല.
9. പഞ്ചായത്തിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാ രില്ല.
10. പഞ്ചായത്തിലെ ചില വാർഡുകളിൽനിന്നും ഹെൽത്ത് സെന്ററുകളിൽ എത്തുന്നതിന് 3-7 കിലോ മീറ്ററുകൾ സഞ്ചരിക്കേണ്ടിവരുന്നു.
11. വിഷ ചികിത്സാകേന്ദ്രമില്ല, പേ വിഷ നിർമാർജന പരിപാടി നടക്കുന്നില്ല.
12. പരമ്പരാഗത ചികിത്സാ പ്രോത്സാഹിപ്പിക്കാൻ പരി പാടിയില്ല.
13. പഞ്ചായത്തിൽ 300 ഓളം വീടുകൾക്ക് കക്കൂസുക ളില്ല.
14 കൊതുകുശല്യം പെരുകിവരുന്നു.
15. വാടകക്കെട്ടിടങ്ങൾക്ക് കക്കൂസ്, മൂത്രപ്പുര ഇല്ലാ ത്തത് പരിസരമലിനീകരണത്തിനു കാരണമാവുന്നു.
16. പ്രതിരോധ കുത്തിവയ്പ്പുകൾ ജനങ്ങൾ വേണ്ടത്ര ഉപയോഗിക്കുന്നില്ല. രക്തദാനശീലം വ്യാപകമായി ട്ടില്ല.
17. ശാസ്ത്രീയ രീതിയിലുള്ള മത്സ്യ-മാംസ വിപണന കേന്ദ്രങ്ങളില്ല.
18. ശരിയായ അഴുക്കുചാലുകളില്ല. ഭൂരിപക്ഷം വീടു കളിലും കമ്പോസ്റ്റു കുഴികളില്ല.

സാധ്യതകൾ, നിർദേശങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള പി.എച്ച്.സികൾ ആധുനിക സൗകര്യങ്ങളോടുകൂടിയ കമ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തുകയും വിദഗ്ധ ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനം എല്ലായ്പ്പോഴും ലഭ്യമാക്കുകയും ചെയ്യുക.
2. നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തി നവീകരിക്കുകയും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്വന്തം കെട്ടിടം പണിയുകയും ചെയ്യുക.
3. ആരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുകയും ആരോഗ്യപ്രവർത്തകരുടെ സേവനം മുഴുവൻ വീടുകളിലും ലഭ്യമാക്കുകയും ചെയ്യുക.
4. പഞ്ചായത്തിൽ ഓരോ ആയുർവേദ, ഹോമിയോ ആശുപത്രികൾ വീതം സ്ഥാപിക്കുക.
5. വിവിധ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള സന്നദ്ധസേവനങ്ങളുടെയും വിഭവ ലഭ്യതയുടെയും നിർദേങ്ങൾ പരിഗണിക്കുക.
6. വിഷ ചികിത്സാകേന്ദ്രങ്ങൾ സ്ഥാപിക്കുക.
7. ആരോഗ്യപരിപാലനത്തിനു വ്യാപകമായ ബോധവൽക്കരണം നടത്തുക.
8. കൊതുകു നിവാരണ, പേവിഷ ബാധനിർമാർജന പരിപാടികൾ ഊർജിമായി നടപ്പിലാക്കുക.
9. പരിസരമലിനീകരണം തടയുന്നതിനാവശ്യമായ ബോധവൽക്കരണവും ഭരണനടപടികളും സ്വീകരിക്കുക.
10. കക്കൂസ് ഇല്ലാത്ത വീടുകളിൽ എത്രയുംവേഗം കക്കൂസ് നിർമിക്കാനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുക.
11. ശാസ്ത്രീയ രീതിയിലുള്ള മത്സ്യമാംസ വിപണനത്തിനുള്ള കേന്ദ്രങ്ങൾ കമ്പിൽ, കരിങ്കൽക്കുഴി, പള്ളിപ്പറമ്പ്, ചേലേരിമുക്ക് എന്നിവിടങ്ങളിൽ സ്ഥാപിക്കുക.
12. ഗ്രാമസഭകൾ ആവശ്യപ്പെട്ടിടങ്ങളിലെല്ലാം പൊതു കക്കൂസുകളും മൂത്രപ്പുരകളും സ്ഥാപിക്കുക.

കുടിവെള്ളം

നമ്മുടെ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്നു. കുടിവെള്ളത്തിന് മുഖ്യമായും ആശ്രയിക്കുന്നത് കിണറികളെ തന്നെയാണ്. ഏതാണ്ട് 70% വീടുകൾക്കുമാത്രമേ സ്വന്തമായി കിണർ ഉള്ളൂ. 30% ത്തോളം കിണറുകൾ ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ വറ്റുന്നവയാണ്.


കൊളച്ചേരി ശുദ്ധജല പദ്ധതിയോടനുബന്ധിച്ചുള്ള ശുദ്ധജല വിതരണം കാര്യക്ഷമമല്ല. പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പുവെള്ളം കയറുന്നതായും മറ്റു ചിലയിടങ്ങളിൽ കരിങ്കൽപ്പാറ നിമിത്തം കിണറിന് ആഴം കൂട്ടാൻ കഴിയാത്ത് അവസ്ഥയും നിലവിലുണ്ട്. പഞ്ചായത്തിലെ പല പൊതു കിണറുകളും ടാപ്പുകളും തകർന്ന നിലയിലാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. കൊളച്ചേരി ശുദ്ധജല പദ്ധതി കാര്യക്ഷമമല്ല.
3. പൊതുകിണറുകളും ടാപ്പുകളും പലതും തകർന്ന നിലയിലാണ്.
4. 30% ത്തിലേറെ വീടുകൾക്ക് സ്വന്തമായി കിണറുകളില്ല.
5. ലക്ഷംവീട് കോളനികളിൽ ആവശ്യമായത്ര കിണറുകൾ ഇല്ല. ഉള്ള കിണറുകൾ പലതും ഉപയോഗശൂന്യമാണ്. 6. ചില പ്രദേശങ്ങളിൽ കിണറുകളിൽ ഉപ്പുവെള്ളം കയറിയും മറ്റു ചിലയിടങ്ങളിൽ കരിങ്കൽപ്പാറമൂലവും കിണർ കുഴിക്കാൻ കഴിയാത്ത സാഹചര്യവും നിലവിലുണ്ട്.
7. ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നില്ല. ബോധവൽക്കരണ കുറവുണ്ട്.
8. കിണറുകളിലെ ജലം ക്ലോറിനേറ്റ് ചെയ്യുന്ന പതിവില്ല.

സാധ്യതകൾ, നിർദേശങ്ങൾ

1. ഗ്രാമസഭകൾ നിർദേശിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം പൊതുകിണറുകൾ, പൊതുടാപ്പുകൾ, കുഴൽക്കിണറുകൾ എന്നിവ സ്ഥാപിക്കണം. ആവശ്യമായ സ്ഥലങ്ങളിലേക്ക് പൈപ്പുലൈൻ നീട്ടുകയും ശുദ്ധജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്യുക.
2. പ്രവർത്തനക്ഷമമല്ലാത്ത പഞ്ചായത്തുകളിലെ മുഴുവൻ പൊതുകിണറുകളും കുഴൽ കിണറുകളും, റിപ്പയർ ചെയ്യുക.
3. കിണറില്ലാത്ത വീടുകൾക്ക് കിണർകുഴിക്കുന്നതിന് ഉദാരവൽക്കരണപദ്ധതി നടപ്പിലാക്കുക.
4. വേനൽക്കാലത്ത്കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നടത്തുന്ന ശുദ്ധജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുക.
5. നീരൊഴുക്ക് സർവേ നടത്തി അതിനെ അടിസ്ഥാനമാക്കിയുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.
6. ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള സേവന സന്നദ്ധരുടെയും വിഭവസാധ്യതയുടെയും നിർദേശങ്ങൾ പരിഗണിക്കുക.
7. കാവുംചാൽ പ്രദേശത്തെ കരിങ്കൽ ക്വാറി ശുദ്ധജല സംഭരണവിതരണ കേന്ദ്രമായി മാറ്റാനുള്ള സാധ്യത ഉപയോഗപ്പെടുത്തുക.
8. പാടിച്ചാൽ പ്രദേശത്തെ പ്രകൃത്യായുള്ള ശുദ്ധജല സ്രോതസ് ഉപയോഗപ്പെടുത്തി അവിടെ ഒരു ശുദ്ധജലസംഭരണ വിതരണകേന്ദ്രമാക്കി മാറ്റാനുള്ള ബാധ്യത പരിശോധിക്കുക.
9. പാട്ടയത്തുള്ള വാട്ടർ അതോറിറ്റി പമ്പ് ഹൗസും കിണറും നവീകരിച്ച് ജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കുക.
10. കൊളച്ചേരി ശുദ്ധജല പദ്ധതി വിപുലീകരിച്ച് വീടുകളിൽ വാട്ടർ കണക്ഷൻ നൽകി ഉടൻ കമ്മീഷൻ ചെയ്യുക.



ഗതാഗതം

ചരിത്രാതീതകാലംമുതൽക്കുതന്നെമനുഷ്യന്റെ സാമൂഹികവികാസത്തിൽ പ്രമുഖസ്ഥാനം വഹിച്ച ഗതാഗതം നമ്മുടെ പഞ്ചായത്തിലും അനേകം സാമൂഹിക മാറ്റത്തിനു വഴിതെളിച്ചിട്ടുണ്ട്. ഗതാഗതം വികസിച്ചപ്പോൾ അനുബന്ധമായി മറ്റ് മേഖലയിലുമുണ്ടായ വികാസം ഇതിനുദാഹരണമാണ്.

ഈ നൂറ്റാണ്ടിന്റെ ദക്ഷിണാർദ്ധത്തിൽ പൂർവികർ പ്രധാനമായും ഗതാഗതത്തിന് ആശ്രയിച്ചിരുന്നത് ജല ഗതാഗതത്തെയാണ്. വളപട്ടണം പുഴയും മുണ്ടേരി പുഴയും പഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകുന്നത്. മംഗലപ്പള്ളി ചിറയിൽനിന്നു കാട്ടാമ്പള്ളിയിലേക്കും വളപട്ടണം പുഴയിലൂടെ ഇരിക്കൂറിലേക്കും വളപട്ടണത്തേക്കും തോണി സർവീസുമുണ്ടായിരുന്നു. സാമൂഹികവളർച്ചയോടൊപ്പം ഗതാഗത ആവശ്യവും വർധിച്ചപ്പോൾ ബോട്ട് സർവീസും വ്യാപകമായി.

വളപട്ടണം പുഴയിലൂടെ വളപട്ടണത്തുനിന്നു കമ്പിൽ വഴി ചെങ്ങളായിലേക്കും ചെങ്ങളായി – വളപട്ടണം – മാട്ടൂൽ വഴി കൂവേരിയിലേക്കും മുണ്ടേരി പുഴയിൽ മുട്ടുകണ്ടിവഴി കക്കാടേക്കും മറ്റും സ്ഥിരമായി ബോട്ട് സർവീസ് ഉണ്ടായിരുന്നു. വ്യാപാര ആവശ്യത്തിനും മറ്റു സാധനസാമഗ്രികൾ കൊണ്ടുവരുന്നതിനും ഈ ബോട്ട് സർവീസിനെയായിരുന്നു പ്രധാനമായും ജനങ്ങൾ ആശ്രയിച്ചിരുന്നത്. ജലഗതാഗത്തിനും ഇത്രയേറെ പ്രാമുഖ്യം ഉണ്ടായിരുന്നതുകൊണ്ടായിരിക്കാം പുഴയോടനുബന്ധിച്ചുള്ള ഒരു സാമൂഹികജീവിതം അന്നു രൂപപ്പെട്ടിരുന്നത്. നാൽപതുകളുടെ അവസാനംവരെ അപൂർവമായി മഞ്ചലുകളും ഗതാഗതത്തിന് ഉപയോഗിച്ചിരുന്നു. പിൽക്കാലത്ത് റോഡു ഗതാഗതം വികസിച്ചപ്പോൾ ബോട്ട് സർവീസുകൾ നാമാശേഷമായി.

ഇന്നും പാമ്പുരത്തി തുരുത്തിന് കരയുമായി ബന്ധപ്പെടുന്നതിന് തോണിയാണ് ഏക ആശ്രയം.

പഞ്ചായത്തിലെ ഇന്നത്തെ പ്രധാന വാഹനസൗകര്യം ബസുകളാണ്. 1960–ൽ തന്നെ നാറാത്തുനിന്നും ചാലോടേക്ക് ബസ് ഗതാഗതം ഉണ്ടായിരുന്നു. ഈ പഞ്ചായത്തിലെ റോഡുഗതാഗതവുമായി ബന്ധപ്പെട്ട ഒരു സുപ്രധാന നാഴികകല്ലായിരുന്നു 1976–ൽ ഉദ്ഘാടനം ചെയ്ത കാട്ടാമ്പള്ളി പാലം. കാട്ടാമ്പള്ളി മുതൽ ചാലോടു വരെയുള്ള ചെമ്മൺ നിരത്ത് ടാർ ചെയ്യുന്നതിനും പഞ്ചായത്തിൽ പിന്നീടങ്ങോട്ട് ത്വരിതഗതിയിലുള്ള റോഡുവികസനത്തിനും ഇതു വഴിതെളിച്ചു. കമ്പിൽ വഴിയും സ്റ്റെപ്പ് റോഡു വഴിയും ജില്ലാ ആസ്ഥാനമായ കണ്ണൂരിലേക്ക് എളുപ്പത്തിൽ ബന്ധപ്പെടാൻ സാധിച്ചു. എഴുപതുകളുടെ അവസാനത്തിലും എൺപതുകളിലും ബസ് ഗതാഗതത്തിൽ കാര്യമായ വർധനവുണ്ടായി. ഇന്ന് അറുപതോളം ബസുകൾ കണ്ണൂരിലേക്കു സർവീസ് നടത്തുന്നുണ്ട്.

പഞ്ചായത്തിൽ യാത്രാസൗകര്യം വർധിപ്പിക്കുന്നതിനുതകുന്നവിധത്തിൽ കമ്പിൽ ടൗണിൽ അറുപതോളം കാറുകളും നാൽപതോളം ജീപ്പുകളും മുപ്പതോളം ഓട്ടോറിക്ഷകളുമുണ്ട്. ചേലേരിമുക്ക് കേന്ദ്രീകരിച്ച് ഓട്ടോറിക്ഷകളും ജീപ്പുകളും പാർക്കുചെയ്യുന്നുണ്ട്.

20.72 ചതുരശ്ര കിലോമീറ്റർ വിസ്തീർണവും 23,053 ജനസംഖ്യയുമുള്ള നമ്മുടെ പഞ്ചായത്തിൽ നിലവിൽ ആകെയുള്ള റോഡിന്റെ മൊത്തം നീളം 233.474 കിലോമീറ്റർ ആണ്. അതിൽ 214.474 കിലോമീറ്റർ പഞ്ചായത്ത് റോഡും 19 കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡുമാണ്. മൊത്തം റോഡുകളുടെ സ്ഥിതിവിവരം കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക – 1

ക്രമനമ്പർ	ഉടമസ്ഥത	റോഡുകളുടെ എണ്ണം	ടാർ ചെയ്യാത്തത് (കി.മീ)	ടാർചെയ്തത് (കി.മീ)	ആകെ നീളം
1	പഞ്ചായത്ത്	156	207.984	6.490	214.474
2	പി.ഡബ്ല്യു.ഡി	6	–	19	19
ആകെ		162	–	25.490	233.474

അവലംബം ദ്വിതീയവിവരശേഖരം (പഞ്ചായത്ത് ഓഫീസ്)

25.490 കിലോമീറ്റർ ടാർചെയ്ത റോഡിന്റെ 19 കി.മീ. പി.ഡബ്ല്യു.ഡി. റോഡും 6.490 കിലോമീറ്റർ പഞ്ചായത്ത് റോഡുമാണ്. അവ സംബന്ധിച്ചുള്ള വിശദമായ പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക – 2

പഞ്ചായത്തിൽ ടാർചെയ്ത റോഡുകളുടെ സ്ഥിതിവിവര പട്ടിക

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡുകളുടെ പേര്	ഉടമസ്ഥത	നീളം (കി.മീ)	ബസ്/മറ്റു യാത്രാസൗകര്യം
1	9	കരിങ്കൽക്കുഴി – പെരുമാച്ചേരി	പഞ്ചായത്ത്	.750	ഉണ്ട്
2	7	കമ്പിൽടാക്കീസ്–ചെറുക്കുന്ന് ഹരിജൻകോളനി	"	.430	ഉണ്ട്
3	4, 5	കായച്ചിറ –പള്ളിച്ചിറ	"	2.750	ഉണ്ട്
4	3	വൈദ്യർകണ്ടി – അരയാൽ – മംഗലപ്പള്ളി	"	.750	ഉണ്ട്
5	6	കമ്പിൽ ഫെറി റോഡ്	"	.370	ഉണ്ട്
6	6, 7, 9	ചാലോട് – കാട്ടാമ്പള്ളി	പി.ഡബ്ല്യു.ഡി	4,000	ഉണ്ട്
7	9, 4	പെരുവാച്ചേരി –കൊളച്ചേരിമുക്ക്	പി.ഡബ്ല്യു.ഡി.	2.500	ഉണ്ട്
8	7, 5, 3, 10, 2, 1	കൊളച്ചേരിമുക്ക് – ചേലേരിമുക്ക്	പി.ഡബ്ല്യു.ഡി.	4.000	ഉണ്ട്
9	1, 2	ചേലേരിമുക്ക് – കാരയാപ്പ്	പഞ്ചായത്ത്	1.000	ഉണ്ട്
10	3	ചേലേരി അമ്പലം, ഇടക്കെതോട്	പി.ഡബ്ല്യു.ഡി.	1.500	ഇല്ല
11	4	പള്ളിപ്പറമ്പ് –ചെക്കിക്കുളം	പി.ഡബ്ല്യു.ഡി.	4.500	ഇല്ല

അവലംബം ദ്വിതീയവിവരശേഖരം (പഞ്ചായത്ത് ഓഫീസ്)

നമ്മുടെ പഞ്ചായത്തിലെ വികസനപ്രവർത്തനത്തിനുവേണ്ടി ചെലവഴിക്കുന്നതിൽ പ്രധാനഭാഗം റോഡു വികസനത്തിനു വേണ്ടി നീക്കിവയ്ക്കുന്നുണ്ട്. ശരാശരി 22.67 %ത്തോളം പ്രതിവർഷം പഞ്ചായത്ത് ചെലവഴിച്ചു കാണുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷക്കാലത്ത് വിവിധസ്കീമുകളിലായി റോഡുവികസനത്തിനുവേണ്ടി ചെലവഴിച്ച തുകയും വിശദവിവരം പട്ടിക മൂന്നിൽ കൊടുക്കുന്നു.

പട്ടിക – 3

വർഷം	മൊത്തം വരുമാനം	ചെലവഴിച്ചതുക	ചെലവഴിച്ച ശതമാനം
92–93	10,97,543	2,41,743	22
93–94	12,06,252	2,75,214	23
94–95	15,87,352	3,57943	23

(അവലംബം ദ്വിതീയ വിവരശേഖരം പഞ്ചായത്ത് ഓഫീസ്)

പഞ്ചായത്തിൽ റോഡുഗതാഗതവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു പ്രധാന പ്രശ്നമാണു നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പാമ്പുരുത്തിനിവാസികൾക്ക് അയൽകരയുമായി ബന്ധപ്പെടുന്നതിനു വേണ്ടി ഒരു പാലം. ജനങ്ങളുടെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി ഒരുപാലം സർക്കാർ അനുവദിക്കുകയും പാലം പണി തുടങ്ങുകയും ചെയ്തിരുന്നുവെങ്കിലും ചില സാങ്കേതികകാരണങ്ങളാൽ പണി നിർത്തിവച്ചിരിക്കുകയാണ്.

പള്ളിപ്പറമ്പ് നിവാസികൾക്ക് പഞ്ചായത്ത് ആസ്ഥാനവുമായി നേരിട്ടു ബന്ധപ്പെടുന്നതിനുവേണ്ടി കൊളച്ചേരി പള്ളിപ്പറമ്പ് – ചെക്കിക്കുളം റോഡായിരുന്നു ഏക ആശ്രയം. ഈ റോഡ് വാഹനഗതത്തിനോ കാൽനട യാത്രയ്ക്കോ പറ്റാത്തവിധത്തിൽ ശോചനീയമായിട്ട് നാലുവർഷത്തിലേറെയായി.

ഇതു പഞ്ചായത്തിൽ ഗതാഗതവുമായി ബന്ധപ്പെട്ടു മുഴച്ചുനിൽക്കുന്ന പ്രശ്നമാണ്. 1994-ൽ റോഡ് പി.ഡബ്ല്യു.ഡി ഏറ്റെടുത്തെങ്കിലും ചില സാങ്കേതിക തടസംമൂലം റോഡിന്റെ വികസനപ്രവർത്തനം ഒന്നും നടന്നിട്ടില്ല.

കൊളച്ചേരി പഞ്ചായത്തിന്റെ തെക്കൻ പ്രദേശത്തുള്ളവർക്ക് മലയോരപ്രദേശമായ മട്ടന്നൂർ, ഇരിട്ടി തുടങ്ങിയ ഭാഗങ്ങളുമായി ബന്ധപ്പെടുന്നതിനു മുണ്ടേരി പുഴയിൽ പാലമില്ലാത്തതും പ്രധാനപ്രശ്നമാണ്.

പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തുറോഡുകളിൽ ചിലതു വീതി കുറവായതുകൊണ്ട് ഓവുചാൽ നിർമിക്കാൻ സാധിക്കാത്ത അവസ്ഥയിൽ വെള്ളം കെട്ടിനിന്നു റോഡു മോശമാകാൻ ഇടയാകുന്നു.
2. മെയിന്റോഡിലെ ഓവുചാലുകളിൽ മലിനവസ്തുക്കൾ വലിച്ചെറിയുന്നതിന് ഓവുചാലുകൾ ഉപയോഗശൂന്യമാവുന്നതിനു കാരണമാകുന്നു.
3. ചില പ്രധാനറോഡുകൾ ടാർ ചെയ്തിട്ടില്ല.
4. റോഡുകളിൽ മരക്കൊമ്പുകളും ഇലക്ട്രിസിറ്റി ലൈനുകളും ഗതാഗതപ്രസായത്തിനു കാരണമാകുന്നു.

സാധ്യതകൾ

ഗതാഗതസൗകര്യം വർധിപ്പിക്കുന്നതിനു ഗ്രാമസഭകളിൽനിന്ന് ഏറെ നിർദേങ്ങൾ ഉണ്ടായി. ലഭ്യമാകുന്ന ഫണ്ടും ശ്രമദാന പ്രവർത്തനങ്ങളും ഉപയോഗിച്ചു ഗതാഗതസൗകര്യം വർധിപ്പിക്കുന്നതാണ്. ശ്രമദാന പ്രവർത്തനത്തിനുള്ള വാഗ്ദാനങ്ങൾ ഗ്രാമസഭകളിൽനിന്നും ഉണ്ടായിട്ടുണ്ട്. വളപട്ടണം പുഴയിൽ പാമ്പുരുത്തിയിലെ നാട്ടുകാർ ശ്രമദാനമായി നടത്തിയ നടപ്പാലം ഇപ്പോൾ സ്മരണീയമാണ്.

1. പണിമുടങ്ങിയിരിക്കുന്ന പാമ്പുരുത്തി പാലം സാങ്കേതികപ്രശ്നങ്ങൾ തീർത്ത് അടിയന്തരമായും പാലം പണി പൂർത്തിയാക്കേണ്ടതാണ്.
2. പള്ളിപ്പുറം ചെക്കിക്കുളം റോഡിന്റെ സാങ്കേതിക പ്രശ്നങ്ങൾ തീർത്ത് റോഡ്പണി അടിയന്തരമായും ആരംഭിക്കേണ്ടതാണ്.
3. മുണ്ടേരിക്കടവ് പാലം പണി അടിയന്തരമായി ആരംഭിക്കേണ്ടതാണ്.
4. മുൻഗണനാ ക്രമം അനുസരിച്ച് മെറ്റൽ റോഡുകളും, ചരൽ റോഡുകളും ടാർചെയ്ത് ഗതാഗത സൗകര്യം വർധിപ്പിക്കേണ്ടതാണ്.
5. കൊളച്ചേരി മുക്കിൽ റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ബൈപാസ് റോഡ് നിർമിക്കുക.
6. പറശിനിക്കടവ് നീർപാലം ഉദ്ഘാടനം ചെയ്യുന്നതോടുകൂടി ഉണ്ടാകുന്ന ഗതാഗത വികസനം പരിഗണിച്ച് കൊളച്ചേരി പഞ്ചായത്തിൽ ഒരു ബസ് സ്റ്റാന്റ് സ്ഥാപിക്കേണ്ടതാണ്.
7. റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പ്രധാനപ്പട്ട സ്ഥലങ്ങളിൽ സിഗ്നൽ ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

നിർദേശങ്ങൾ

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രധാന നിർദേശങ്ങൾ.

I. ടാർ ചെയ്യേണ്ടവ

1. മുണ്ടേരിക്കടവ്- കയ്യങ്കോട് തുരുത്തി റോഡ്
   കാരയാപ്പറമ്പ് സ്കൂൾ – ജുമാ മസ്ജിദ് പയ്യാച്ചിറ
2. മുണ്ടേരിക്കടവ്- തറമ്പിയിൽ താഴെ
3. ഗ്രാമസേവക് ആഫീസ് റോഡ്
   മഠപ്പുര റോഡ്
   അരയാൽ റോഡ്
4. കാവുംചാൽ- കോടപ്പോയിൽ (മുബാറക് റോഡ്)
5. കൊളച്ചേരിപറമ്പ്- നാലുസെന്റുകോളനി
   വൈദ്യർകണ്ടി- ചേലേരിവയൽ റോഡ്
   ചേലേരി ലക്ഷം വീട്- ചേലേരിവയൽ
   വാർഡ് 6. പന്ന്യങ്കണ്ടി- ബോട്ടുജെട്ടി റോഡ്
   സിനിമാ തിയേറ്റർ- കീലത്ത് റോഡ്
7. കമ്പിൽ സിനിമാ ടാക്കീസ്- ചോയിച്ചേരിവയൽ റോഡ്

കമ്പിൽ സിനിമാ ടാക്കീസ് റോഡ് -ഇടക്കെതോട് കമ്പിൽടൗൺ -പാട്ടയം എൽ.പി.സ്കൂൾ

8. പാമ്പുരുത്തിക്കടവ്- കല്ലൂരിക്കടവ് റോഡ്
ജുമാഅത്ത് പള്ളി-യു.പി.സ്കൂൾ

9. പെരുമാച്ചേരി ലക്ഷം വീട്- കൊളച്ചേരിവയൽ- കരിങ്കൽക്കുഴി
പെരുമാച്ചേരി ലക്ഷംവീട്- മൈലാടി റോഡ്
പറശിനിക്കടവ്പാലം- നെല്ലിക്കപ്പാലം റോഡ്

10. നുഞ്ഞേരി എൽ.പി.സ്കൂൾ- ദാലിൽ പള്ളി
തങ്ങൾ റോഡ്-മുണ്ടേരി തറച്ചിയിൽ താഴെ റോഡ്

II.റിപ്പേർ ചെയ്യേണ്ടവ

വാർഡ്1. കാരയാപ്പ് പേട്ടയ്ക്കൊരുമകൻ ക്ഷേത്രം- കായിന്റവിട റോഡ്
പയ്യാച്ചിറ- തുരുത്തി റോഡ്
മാതോടം- പയ്യാച്ചിറ റോഡ്
ബണ്ടത്തൂർമൊട്ട റോഡ്

വാർഡ്2: മാതോടം- പയങ്കുളം റോഡ്
നുഞ്ഞേരി എൽ.പി.സ്കൂൾ- പടപ്പ- കുന്നത്തുതാഴെ റോഡ്

വാർഡ് 3: എടക്കെതോട്- നാലുസെന്റുകോളനി റോഡ്
ചേലേരി യു.പി.സ്കൂൾ- വളവിൽ ചേലേരി റോഡ്

വാർഡ് 4: പള്ളിപ്പറമ്പ്- കോടിപ്പോയിൽ റഫാഈ പള്ളി
കോടിപ്പൊയിൽ -മുട്ടാക്കുന്നുമ്മൽ റോഡ്
പള്ളിപ്പറമ്പ്- ദാലിൽ റോഡ്
പള്ളിപ്പറമ്പ് മുട്ടുകത്തി റോഡ്

വാർഡ് 5: ഉറുമ്പയിൽ പള്ളി - കൊളച്ചേരി യു.പി.സ്കൂൾ
കൊളച്ചേരി യു.പി. സ്കൂൾ റോഡ്

വാർഡ് 6: അഞ്ചാം പീടിക- കുബ്ലേരി താഴെ
കരിങ്കൽകുഴി- ബോട്ട്ജെട്ടി
കരിങ്കൽകുഴി- കോടക്കുന്ന് വയൽ-നണിയൂർ വയൽ

വാർഡ് 7: തിട്ടസ്വാമി റോഡ്
കമ്പിൽ മാപ്പിളഹൈസ്കൂൾ- മാവുള്ളാട്ടിൽ

വാർഡ് 9: കൊളച്ചേരി വയൽ- കരിങ്കൽക്കുഴി
കൊളച്ചേരി ലക്ഷം വീട്- കൊളച്ചേരി വയൽറോഡ്
കരിങ്കൽകുഴി- നണിയൂർ റോഡ്
നണിയൂർ അമ്പലം-കൊടക്കുന്ന്

വാർഡ് 10: കൂറുമ്മൽ താഴെ റോഡ്
തങ്ങൾ റോഡ്- ഈശാനമംഗലം റോഡ്

പുതുതായി തീർക്കേണ്ട റോഡുകൾ

വാർഡ് 1: കേളോത്ത്മൊട്ട- കൊയിലത്ത്കനാൽ-കൊയ്യങ്കോട് റോഡ്- കാരയാപ്പ് വയൽ

വാർഡ് 2: വള്ളുവൻകടവ്- നുഞ്ഞേരി ഹരിജൻ കോളനി
കൂറുമ്മൽ താഴെ റോഡ്- മുണ്ടേരിക്കടവ് റോഡ്
അപ്പുവൈദ്യരുടെ വീട്-തങ്ങൾ റോഡ്

വാർഡ് 3: വളവിൽ ചേലേരിവയൽ- പുതിയോത്രകിണർ- കൊയിപ്പറമ്പ്താഴെ
കൊല്ലംവളപ്പ്-പാട്ടയംവയൽ- കമ്പിൽ വീവേഴ്സ്
തെക്കെക്കര മഠപ്പുര- ചേലേരി യു.പി.സ്കൂൾ- പാലങ്ങാട്ട്
എടക്കെതോട്- അംഗൻവാടി- ചുടലപ്പറമ്പ്
എടക്കെതോട്- പഞ്ചായത്ത്കളിസ്ഥലം

വാർഡ് 4: ത്രിവർണയൂത്ത് സെന്റർ- പെരുമാച്ചേരി വയൽ
കൊടിപ്പോയിൽ മുട്ടാങ്കുന്ന്- മുബാറക് റോഡ്

വർഡ് 5: കായച്ചിറ ബസ് സ്റ്റോപ്പ്- തങ്ങൾ റോഡ്
പൊടിക്കുണ്ട്- കൊളച്ചേരികനാൽ
പുതിയോത്തറപറമ്പ്- കൊളച്ചേരി കനാൽ
വൈദ്യർകണ്ടി-കിഴക്കെചേലേരി-മെയിൻ റോഡ്
ശ്മശാനപറമ്പ്- വലിയപുനം പറമ്പ്

വാർഡ് 6: കിലത്ത് വയൽ- കമ്പിൽഫെറി

വാർഡ് 7: പാട്ടയം എൽ.പി.സ്കൂൾ- വയൽ റോഡ്- ചുടലപ്പറമ്പ്
നാലാം പീടിക- കരിവയൽ- പാട്ടയം. എൽ.പി.സ്കൂൾ.
പാട്ടയം പള്ളി- വളവിൽ ചേലേരി മന്നറോഡ്.

വാർഡ് 8: മൊയ്തീൻ പള്ളി- ചിരുമ്പക്കാവ്

വാർഡ് 9: പെരുമാച്ചേരി ലക്ഷം വീട്- മൈലാടിമൊട്ട
കരിങ്കൽകുഴി- നണിയൂർ വയൽ
മൈലാടിറോഡ്- പെരുമാച്ചേരി സി.ആർ.സി.

വാർഡ് 10: കൂറുമ്മൽ മൊട്ട- ചോയീന്റവിട- മരുമ്പേത്ത്താഴെ
കൂറുമ്മൽ താഴെ-മുണ്ടേരിക്കടവ് റോഡ്
ഓലിൽ പള്ളി- പള്ളിപ്പറമ്പ് റോഡ്
ദാലിൽ പള്ളി റോഡ്- പന്നിയോട്ട് ഇല്ലം റോഡ്
ചേലേരിവയൽ റോഡ് - ചേലേരി മാപ്പിള എൽ.പ.സ്കൂൾ.

പഞ്ചായത്തിൽ നിലവിലുള്ള റോഡ് പട്ടിക-അനുബന്ധം 1
പട്ടിക-4

ക്രമനമ്പർ	റോഡിന്റെ പേര്	വാർഡ്	നീളം (മീ.)	വീതി (മീ.)	തരം
1.	കൊളച്ചേരി സ്കൂൾ		1000		ചരൽ
2	കല്ലുമഞ്ചറോഡ്	I	1000	"	
3	പായ്യാറച്ചിറ മാതോടം റോഡ്	I	1000	"	
4	കാണേരി അങ്ങാടിതാഴെ റോഡ്	I	1000		
5	പായംകുളം മാതോടം റോഡ്	I	1500		
6	വെങ്ങന്നൂർ റോഡ്	I	1000		
7	കായാപ്പ് വയൽ-തുരുത്തി റോഡ്	I	3000		
8	കുറുവാട്ടുവയൽ-കച്ചങ്കോട് റോഡ്	I	1500		
9	കയ്യങ്കോട്പള്ളി-വള്ളുവൻചിറ	I	5000		
10	കയ്യങ്കോട്പള്ളി-തുരുത്തിറോഡ്	I	3000		
11	വള്ളുവൻചിറ-മുണ്ടേരിക്കടവ് റോഡ്	II	4000		
12	മുണ്ടേരിക്കടവ്-നങ്കലംകടവ്	II	3000		
13	കയ്യങ്കോട് റോഡ്	II	4000		
14	കയ്യങ്കോട്-നങ്കലംവയൽ റോഡ്	II	1000		
15	കോളനി-പുതിയടത്ത്കാവ്	II	1000		
16	വള്ളുവൻകടവ്-നൂഞ്ഞേരിവയൽ	II	2000		
17	കോളനി-ശാസ്തപ്പൻ	II	500		
18	കേളോത്ത്മൊട്ടറോഡ്	II	2000		
19	കുശവൻകോട്ടം-കാരയാപ്പ് വയൽ	I	500		
20	കയ്യങ്കോട്-കുറുപോട്ട് വഴി കാരയാപ്പ്വയൽ	I			
21	ചെറുകരക്കുളവയൽ	I	2500		
22	മുണ്ടേരിക്കടവ് കൈപ്രത്ത്താഴെ	II	2000		
23	കാരയാപ്പ് സ്കൂൾ-കാരയാപ്പ് ട്രസ്	I	2000		
24	മുണ്ടേരിക്കടവ്-കൈപ്രത്ത് താഴെ	II	2000		
25	നൂഞ്ഞേരിപള്ളി-നൂഞ്ഞേരിവയൽ	II	1000		
26	കണിയാന്റവിട താഴെ റോഡ്	II	3000		
27	മുക്കിൽബസാർ-മംഗലശ്ശേരി ഇല്ലം	II	2000		
28	മുക്കിൽബസാർ-ഉച്ചൂളിയത്ത്	II	3000		
29	പടപ്പ റോഡ്-പന്നിയോട്ടില്ലം റോഡ്	X	1000		
30	പടപ്പറോഡ്-കുന്നത്തുതാഴെ	X	3000		
31	കുന്നത്തുതാഴെ-ചേലേരി	X	1500		
32	കുന്നത്തുതാഴെ-കായച്ചിറ	X	2500		
33	പടപ്പറോഡ്-കുറുമ്മൽതാഴെ	X	2000		
34	പടപ്പറോഡ്-പുറത്തിട്ടവളപ്പിൽതാഴെ	X	2000		
35	മുണ്ടേരിക്കടവ്-കായച്ചിറ	X	4000		
36	മംഗലശ്ശേരി ഇല്ലംതാഴെ-പടപ്പറോഡ്	X	2000		
37	ചേലേരി ഗവ. ഡിസ്പൻസറി	X	1000		
38	ഈശാനമംഗലം അമ്പലം	X	1000		
39	കാറാട്ടുഅരയാൽ-കിഴക്കേ ചേലേരി	X	2000		
40	കാറാട്ട് അരയാൽ	III	3000		
41	മടപ്പുര റോഡ്	III	500		
42	വൈദ്യരകണ്ടി- ചേലേരിവയൽ	V	2000		
43	ചേലേരി വയൽ- വളവിൽചേലേരി	III	3000		
44	ചേലേരി അമ്പലം- പാട്ടയം	III	3000		
45	ചേലേരി അമ്പലം- വളവിൽചേലേരിവയൽ	III	500		
46	പുതിയത്ര കിണർ- മാലോട്ട് എൽ.പി.സ്കൂൾ	III	35000		
47	ചേലേരിവയൽ-ലക്ഷംവീട്	V	2000		
48	വളവിൽ ചേലേരിവയൽ	III	3000		
49	ചേലേരി ലക്ഷംവീട്- ചേലേരിപള്ളി	V	1500		
50	കൊളച്ചേരിവയൽ- പെരുമാച്ചേരി	V	3000		

51	പള്ളിപ്പറമ്പ്-കരിവയൽ- കൊളച്ചേരി ലക്ഷം വീട്	IV	1000
52	കൊളച്ചേരി ലക്ഷംവീട്- കൊളച്ചേരിവയൽ റോഡ്	V	1000
53	പള്ളിപ്പറമ്പ്- കോടിപ്പോയിൽ സ്രാമ്പി	IV	1000
54	പള്ളിപ്പറമ്പ് - കായച്ചിറ	IV	1000
55	പള്ളിപ്പറമ്പ്- പോച്ചാപ്രത്ത്താഴെ	IV	1000
56	മൂറിക്കന്റെമൊട്ട-കുനിയിൽ താഴെ	IV	1000
57	പള്ളിപ്പറമ്പ്-മുട്ടുക്കണ്ടി	IV	1000
58	പാട്ടിച്ചാൽ-കായച്ചിറ	IX	4000
59	മൂരിക്കന്റെമൊട്ട-പാലോട്ട് വയൽ	IV	2000
60	നെല്ലിക്കപ്പാലം- മൈലാടിപ്പറമ്പ്	IX	1500
61	കറപ്പ-പള്ളിപ്പറമ്പ്	IV	2000
62	കൊളച്ചേരിപ്പറമ്പ്- ലക്ഷംവീട്- കൊളച്ചേരിവയൽ	V	3000
63	കരിങ്കൽകുഴി-കൊളച്ചേരിവയൽ	IX	1500
64	ഗ്രാമസേവക കാട്ടേഴ്സ്- കൊളച്ചേരിവയൽ	IX	1000
65	നണിച്ചേരികണ്ടി- പഴോത്ത് വഴി നണിയൂർവയൽ	IX	1000
66	കരിങ്കൽകുഴി-ബോട്ടെജെട്ടി	VI	2000
67	കരിങ്കൽകുഴി-കൊടക്കുന്ന് വഴി നണിയൂർവയൽ	VI	2000
68	കൊളച്ചേരിപ്പറമ്പ്-കൊളച്ചേരി യു.പി.സ്കൂൾ-കൊളച്ചേരിവയൽ.	V	1000
69	കൊളച്ചേരിപ്പറമ്പ്-പുതിയത്രറപ്പറമ്പ്-ചേലേരിവയൽ	V	1000
70	പാവനകുറ്റി- പറശിനിക്കടവ് റോഡ്	IX	1000
71	പൊടിക്കുണ്ട്-കൊളച്ചേരികനാൽ	IV	1000
72	പൊടിക്കുണ്ട്-കൊളച്ചേരികനാൽ	V	1000
73	അഞ്ചാംപീടിക-കുബ്ലേരിതാഴെ	VI	1000
74	കമ്പിൽ മാപ്പിള എൽ.പി.സ്കൂൾ-അഞ്ചാംപീടിക.	VI	1000
75	മിനി എസ്റ്റേറ്റ് ലക്ഷംവീട്-നണിയൂർവയൽ	VI	1500
76	പഞ്ചായത്താഫീസ്-ലക്ഷംവീട്	VI	200
77	പാടിക്കുന്ന്-മുട്ടുകണ്ടി	IX	500
78	സിനിമാതിയേറ്റർ-കീലത്ത് വയൽറോഡ്	VII	1000
79	ഹൈസ്കൂൾ-പന്ന്യങ്കണ്ടി ജുമാ-അത്ത് പള്ളി	VI	1000
80	പാമ്പുരുത്തിക്കടവ്- പാമ്പുരുത്തി സി.ആർ.സി.	VIII	1000
81	പാമ്പുരുത്തി സി.ആർ.സി. -ബോട്ട്ജെട്ടി.	VIII	1000
82	പാമ്പുരുത്തി സി.ആർ.സി. ജുമാഅത്ത് പള്ളി	VIII	1000
83	ഗ്രാമസേവക് ആഫീസ്- പാട്ടയംവയൽ	VII	1000
84	അഞ്ചാംപീടിക- പാട്ടയം എൽ.പി.സ്കൂൾ	VII	2000
85	കറിയിൽവയൽ-അഞ്ചാംപീടിക	VII	1000
86	കമ്പിൽ മാപ്പിള ഹൈസ്കൂൾ-പാട്ടയം-എൽ.പി.എസ്. റോഡ് (ഹരിജൻ ശ്മശാനം വഴി)	VII	500
87	പാട്ടയം എൽ.പി.എസ്. പാട്ടയംവയൽ	VII	1000
88	പാട്ടയം റോഡ്- പാട്ടയംപള്ളി	VII	100
89	സിനിമാ തിയേറ്റർ- പാട്ടയംവയൽ	VII	2000
90	പാട്ടയംറോഡ്-ചെറുക്കുന്ന് വഴി-പാട്ടയംവയൽ	VII	2000
91	കമ്പിൽ -ചെറുക്കുന്ന് റോഡ്	VII	500
92	പാട്ടയം വയൽ വളവിൽ ചേലേരി റോഡ്	VII	1000
93	മംഗലപ്പള്ളി-പാട്ടയം എൽ.പി.എസ്.	VII	3000
94	നൂഞ്ഞേരി എൽ.പി.എസ്. മലോട്ടുവയൽ	II	500
95	ചേലേരി ഡിസ്പെൻസറി- മലോട്ടുവയൽ	III	500
96	പാട്ടയം വയൽ-മൂസാൻപീടിക-സിനിമാതിയേറ്റർ റോഡ്	VII	560
97	വളവിൽ ചേലേരി-പൊയ്വളപ്പ് പാട്ടയംവയൽ	III	480
98	പള്ളിപ്പറമ്പ്-പുളിക്കൽതാഴെ (മുബാറക്ക്)	IV	1500
99	കയ്യങ്കോട് റോഡ്- കൊട്ടിലെകടവ്	I	1500
100	ചേലേരി ലക്ഷംവീട്-കായച്ചിറ റോഡ്	V	1500
101	പാട്ടയം പള്ളി-കൊമ്പൻചാൽപ്പറമ്പ് തിട്ടസ്വാമി റോഡ്	VII	2000
102	കാട്ടിക്കുലം-നൂഞ്ഞേരിവയൽ റോഡ്	X	1000

103	ചേലേരി യു.പി.സ്കൂൾ ചേലേരിവയൽ	III	500
104	പാടിക്കുന്ന് റോഡ്	IX	1000
105	കൊച്ചങ്കോട്-പുതിയടത്ത്കാവ റോഡ്	II	100
106	മഠപ്പുര-ചിറമ്മൽ	III	1000
107	പാമ്പുരുത്തി	VIII	1000
108	മുട്ടുകണ്ടി റോഡ്	IV	700
109	കൊളച്ചേരി ലക്ഷംവീട് നാലുസെന്റ് സൈറ്റ്	V	330
110	വളവിൽ ചേലേരിവായനശാല ചുടലപ്പറമ്പ് റോഡ്	III	475
111	തെയോത്ത്കാട്ട കാവുമ്മൽ റോഡ്	X	1130
112	പാലങ്ങാട് പറമ്പ്-കൈപ്പഞ്ചാൽപറമ്പ് ഫൂട്ട്റോഡ്	VIII	165
113	നൂഞ്ഞേരി ഹരിജൻ കോളനി-നങ്കലംവയൽ	II	230
114	വലിയകുന്നിമ്മൽ പറമ്പ് കുറിപ്പറമ്പ്	VIII	165
115	നടുവിലെകുഴി- കൈപ്രത്ത് താഴ	X	150
116	കായച്ചിറ-മൂരിയത്ത് പള്ളിറോഡ്	Iv	160
117	കാക്കപ്പള്ളി-ബദർ പള്ളി	III	115
118	കരിങ്കൽകുഴി- കൈപ്രത്ത് താഴ	VI	275
119	കായച്ചിറ-മൂരിയത്ത് പള്ളിറോഡ്	IV	270
120	കാക്കപള്ളി-ബദർപള്ളി	VIII	270
121	കുന്നത്തുതാഴെ	X	200
122	പുതിയാപ്പറമ്പ്-പാച്ചാമ്പ്രത്ത് റോഡ്	IV	190
123	വൈദ്യർകണ്ടി-കാരയാപ്പ് വയൽ	I	290
124	അഞ്ചാംപീടിക -കരിവയൽ -കുഞ്ഞയപ്പറമ്പ്	VII	315
125	ചേലേരി യു.പി.സ്കൂൾ- വണ്ണാത്തിക്കുണ്ട്	III	425
126	ചേലേരി അമ്പലം-ശ്മശാനപ്പറമ്പ്	V	480
127	മൊയ്തീൻപള്ളി-കാവിന്റവിട ഫുട്പാത്ത്	VIII	077
128	ബദർപള്ളി-കല്ലൂരിക്കടവ് ഫുട്പാത്ത്	VIII	110
129	കൊളച്ചേരിവയൽ-മുക്രിമൊട്ട	V	350
130	പെരുമാച്ചേരി-മായിലാടിപ്പറമ്പ്	IX	1276
131	കൊളച്ചേരി നാലുസെന്റ്	V	241
132	ചേലേരി അമ്പലം-ചേലേരിപ്പറമ്പ്	III	285
133	പാടിയിൽപറമ്പ്-കൊച്ചമ്മൽ	III	170
134	പള്ളിപ്പറമ്പ്-ചെമ്മാടപ്പ	IV	185
135	പുയടത്ത്ഇട-പള്ളിപ്പറമ്പ്	IV	165
136	ചെറുക്കുന്ന്- ചോയിച്ചേരിവയൽ	VII	400
137	കെ.ടി.ഹമീദിന്റെ വീടുമുതൽ കനാൽവരെ	I	240
138	ചേലേരിഅമ്പലം-ചാളപ്പറമ്പ്	III	285
139	ചുടലപ്പറമ്പ്-പാട്ടയംവയൽ	VII	600
140	കല്ലൂരിക്കടവ്-ബദർപള്ളി ഫുട്പാത്ത്	VIII	100
141	നണിയൂർ തിട്ടേർ റോഡ്	IX	350
142	കൊളച്ചേരിപ്പറമ്പ് കളിസ്ഥലം റോഡ്	III	150
143	കരിങ്കൽകുഴി ബാലവാടി-പാലച്ചാൽറോഡ്	IX	341
144	നാല്സെന്റ് കോളനി-തുണ്ടിച്ചാൽ-തവളപ്പാറ	III	376
145	ഗ്രാമസേവക് ഓഫീസ്- തവിടാട്ട്ചാൽ	IX	470
146	കൊളച്ചേരികനാൽ- പിലാക്കാൽ റോഡ്	IV	470
147	കല്ലൂരിക്കടവ്-ഇസ്മയിൽപ്പറമ്പ് ഫുട്പാത്ത്	VIII	52
148	മടത്തുചാൽപറമ്പ്-കോനോത്ത് പറമ്പ്	X	369
149	മട്ടത്തുചാൽപറമ്പ്-കുന്നേത്തുപറമ്പ്	X	360
150	നാലാംപീടിക- കുമ്പേരി താഴെറോഡ്	VI	251
151	വി.കെ.ബാബിയൻ പറമ്പ്-കല്ലൂരിക്കടവ് ഫുട്പാത്ത്	VIII	60
152	മുട്ടക്കണ്ടി തോട്- (ഫുട്പാത്ത്)	IV	
153	താറോട്ട്മൊട്ട-കോറോത്ത് വയൽ365	IV	92
154	മഠത്തുംചാൽ-പന്ന്യോട്ട് ഇല്ലം	X	365
155	കൊളച്ചേരി ലക്ഷംവീട്-കൊളച്ചേരി കനാൽറോഡ്	V	275
156	മാവിലാക്കാട്ടിൽ - ഹരിജൻ ശ്മശാനം	X	379

ഊർജ്ജം

ജീവിതനിലവാരത്തിന്റെവികാസത്തിനുംവ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും അനുപേക്ഷണീയമായ ഘടകമാണ് ഊർജ്ജം. ഗാർഹികാവശ്യത്തിനുവേണ്ടിയുള്ള ഊർജോപയോഗം ഭൗതിക പുരോഗതിക്കും കാർഷിക വ്യാവസായിക മേഖലകളിലെ ഉപഭോഗം ഉൽപ്പാദന വർദ്ധനവിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിദാനമായി വർത്തിക്കുന്നു. ഒരു പ്രദേശത്തിന്റെ വ്യാവസായിക വളർച്ചയും വ്യാവസായിക ആവശ്യത്തിനുവേണ്ടിയുള്ള വൈദ്യുതിയുടെ ഉപഭോഗവും പരസ്പരം ബന്ധിതമാണ്.

ഊർജത്തിന്റെ കാര്യത്തിൽ പ്രാധാന്യമേറിയിട്ടുള്ളതാണ് വൈദ്യുതി. നമ്മുടെ പഞ്ചായത്തിൽ 1971-ൽ ആണ് വൈദ്യുതി കടന്നുവന്നത്. മാങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ് പ്രധാനമായും ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. കൊളച്ചേരി, പാപ്പിനിശേരി ഇലക്ട്രിക്കൽ സെക്ഷന്റെ മേൽനോട്ടത്തിലാണ് പഞ്ചായത്തിലെ വൈദ്യുതി വിതരണം നടക്കുന്നത്. പഞ്ചായത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ ഭൂരിഭാഗവും ഗാർഹിക ആവശ്യത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. നിലവിൽ പഞ്ചായത്തിലാകെ 4049 വൈദ്യുതി ഉപഭോക്താക്കളാണ് ഉള്ളത്. മൊത്തം ഉപഭോക്താക്കളുടെ സ്ഥിതി വിവരം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

നിലവിലുള്ള ഉപഭോക്താക്കൾ	എണ്ണം
ഗാർഹികം	3115
വ്യാപാരം	653
വ്യാവസായികം	49
കാർഷികം	132
ആകെ.	4049

അവംലംബം ദ്വിതീയ വിവരശേഖര വൈദ്യുതി ഓഫീസ്.

വ്യത്യസ്ഥ പ്രദേശങ്ങളിലായി പഞ്ചായത്തിൽ ട്രാൻസ്ഫോർമറുകളാണുള്ളത്. അവയുടെ പേരുവിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക – 2

ക്രമനമ്പർ	പേര്
1	പാട്ടയം
2	കൊളച്ചേരിമുക്ക്
3	കൊളച്ചേരി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്
4	കേരള ഫൈബർ ഇൻഡസ്ട്രീസ്
5	ചേലേരി അമ്പലം
6	എ.പി.സ്റ്റോർ പള്ളിപ്പറമ്പ്
7	സി.ആർ.സി.പെരുമാച്ചേരി
8	പള്ളിപ്പറമ്പ്
9	തങ്ങൾ റോഡ്
10	ചേലേരിമുക്ക്
11	പാമ്പുരുത്തി

അവലംബം ദ്വിതീയ വിവരശേഖരം വൈദ്യുതി ഓഫീസ്

വോൾട്ടേജ് ക്ഷാമം രൂക്ഷമായ ഒരു പ്രശ്നമാണ്. അതുപോലെ തന്നെ പുതിയ കണക്ഷനുവേണ്ടി അപേക്ഷ നൽകിയിട്ടുള്ള 788 വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല എന്നതും ഒരു പ്രധാന പ്രശ്നമാണ്. വൈദ്യുതി എത്താത്ത വീടുകളെ കണക്കാക്കുന്നതിനുവേണ്ടി ഇതിന് അപേക്ഷിച്ചവരുടെ വിശദവിവരം പട്ടിക 3-ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 3
കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ എണ്ണം.

ഇനം	എണ്ണം
ഓർഡിനറി	403
ഒ.ടി.പി.	22
ഒ.വൈ.ഇ.സി.	46
ആകെ	471

അവലംബം വൈദ്യുതി ഓഫീസ് ദ്വിതീയ വിവരശേഖരം.


നമ്മുടെ പഞ്ചായത്തിൽ പാചക ആവശ്യത്തിനു വേണ്ടി ഭൂരിപക്ഷം വീടുകളിലും വിറകാണ് ഉപയോഗിക്കുന്നത്. അടുത്തകാലത്തായി മണ്ണെണ്ണ സ്റ്റൗവിന്റെ ഉപയോഗവും കൂടിവരുന്നുണ്ട്. ഗ്യാസ് അടുപ്പ് ഉപയോഗിക്കുന്നവരുടെ എണ്ണവും വർധിക്കുന്നുണ്ട്. ഇന്ധനക്ഷമത കുറഞ്ഞ അടുപ്പുകളാണ് തൊണ്ണൂറുശതമാനത്തിലധികം വീടുകളിലും ഉപയോഗിക്കുന്നത്. ക്ഷമതയേറിയ അടുപ്പുകൾക്ക് ചെറിയതോതിൽ പ്രചാരം ലഭിച്ചുവരുന്നു. ക്ഷമതയേറിയ അടുപ്പുകളെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ലാത്തത് ഈ അടുപ്പുകൾ കൂടുതൽ പ്രചരിക്കാതിരിക്കുന്നതിന്റെ കാരണമാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ചില വാർഡുകളിൽ എല്ലാ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
3. ഇലക്ട്രിക് ലൈനുകളിൽ മരക്കൊമ്പുകൾ മുട്ടുന്നതുകാരണം പ്രസരണ നഷ്ടം ഉണ്ടാവുന്നു.
4. പ്രധാന സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകളില്ല. ഉള്ളതിൽ മിക്കവാറും ഉപയോഗശൂന്യമാണ്.
5. ലൈനിൽ പ്രശ്നങ്ങളുണ്ടായാൽ പരിഹരിക്കാൻ കാലതാമസം നേരിടുന്നു.
6. ക്ഷമതയേറിയ അടുപ്പുകളെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല.
7. മണ്ണെണ്ണ പെർമിറ്റ് നൽകാത്തത് മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നതിന് വിഷമം നേരിടുന്നു.
8. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാസം നേരിടുന്നു.

സാധ്യതകൾ, നിർദേശങ്ങൾ

1. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ ലഭ്യമാക്കാനുള്ള ശ്രമം നടത്തേണ്ടതാണ്.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അത്യാവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, ആവശ്യമായ സ്ഥലങ്ങളിൽ അനുവദിക്കുകയും വേണം.
3. വൈദ്യുതി വിതരണത്തിനുവേണ്ടി സ്ഥലം ഉടമകളിൽ നിന്നുള്ള തടസം ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റ് നിയമ നിർമാണം നടത്തണം.
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ഫ്ളോറോസെന്റ് ബൾബുകളും (compact flurescent lamb, C.F.) ഇലക്ട്രിക്കൽ ചോക്കുകളും വ്യാപകമായി സബ്സിഡി നൽകി പ്രചരിപ്പിക്കേണ്ടതാണ്.
5. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി ലൈനുകളിൽ തട്ടുന്ന മരച്ചില്ലകളിൽ മുറിച്ചുനീക്കുന്ന പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.
6. ആവശ്യമായവർക്ക് മണ്ണെണ്ണ പെർമിറ്റ് ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
7. ഇന്ധനക്ഷമതയുള്ള അടുപ്പുകളെ സംബന്ധിച്ച് പ്രചരണം നടത്തേണ്ടതാണ്.
8. പ്രധാന സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കേണ്ടതാണ്.
9. പാമ്പുരുത്തി നിവാസികൾക്കുള്ള വൈദ്യുതി വിതരണം പാപ്പിനിശേരി ഇലക്ട്രിക് സെക്ഷനിൽനിന്നും വേർപെടുത്തി കൊളച്ചേരി ഇലക്ട്രിക്കൽ സെക്ഷൻ വഴി ഏർപ്പെടുത്തേണ്ടതാണ്.



സാമൂഹ്യക്ഷേമം

ആ സൂത്രണത്തിന്റെ പ്രധാന വെല്ലുവിളികൾ തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ്. ഇവ നിർമാർജനം ചെയ്യുന്നതിനുവേണ്ടി വിവിധ ക്ഷേമ പദ്ധതികൾ ഇന്നു നിലവിലുണ്ട്. ഗ്രാമവികസന വകുപ്പ്, സാമൂഹ്യ ക്ഷേമ വകുപ്പ്, കൃഷിഭവൻ, ഗ്രാമപഞ്ചായത്ത് എന്നിവ വഴിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് മുഖേനയാണ് ധന സഹായങ്ങൾ ഗുണഭോക്താക്കളിലേക്ക് എത്തിച്ചുകൊടുക്കുന്നത്.

ഐ.ആർ.ഡി.പി. സർവേ പ്രകാരം ദാരിദ്രരേഖയ്ക്കു താഴെക്കിടക്കുന്ന കുടുംബങ്ങളാണ് കൊളച്ചേരി പഞ്ചായത്തിൽ അധികവും. ഇതിൽ 194 കുടുംബങ്ങൾ എസ്.സി.-എസ്.ടി. വിഭാഗത്തിൽ പെടുന്നു. 192 എസ്.സി. എസ്.ടി.കുടുംബങ്ങൾ ഉൾപ്പെടെ 552 കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി. പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുകയുണ്ടായി. ഇതു പ്രയോജനപ്പെടുത്തി ഏതെങ്കിലും സംരംഭങ്ങളിൽ ഏർപ്പെടുന്നവരും സ്ഥിരമായി തൊഴിലും വരുമാന മാർഗവും ഉണ്ടാക്കാൻ ശ്രമിക്കുന്നവരും താരതമ്യേന കുറവാണ്.

ഗവൺമെന്റു പദ്ധതികളെക്കുറിച്ച് വ്യക്തമായ ധാരണയില്ലായ്മയും സാഹചര്യങ്ങൾ പ്രതികൂലമായതും ഇതിനുകാരണം. ഐ.ആർ.ഡി.പി. ധനസഹായം ഉപയോഗപ്പെടുത്തിയിട്ടുള്ള സംരംഭങ്ങളിൽ നിന്ന് ഉണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് വിറ്റഴിക്കാനുള്ള വിപണനവും ഒരു പ്രശ്നംതന്നെയാണ്.

ട്രൈസം പദ്ധതി പ്രകാരം 36 ആളുകൾക്കു തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിലും ഇതിൽ 18 പേർക്കു മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. ഇതര തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ 15 പേർ. അവശേഷിക്കുന്നവർ 3 പേർ.

ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതിപ്രകാരം പഞ്ചായത്തിനകത്ത് സ്ത്രീകൾക്കുമാത്രമായി മൂന്നു യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ മൂന്നു യൂണിറ്റിലുംകൂടി 24 ആളുകൾ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നു.

ഡി.ഡബ്ല്യു .സി.ആർ.എ. സഹായലഭ്യതാ കണക്ക്

യൂണിറ്റുകൾ	എണ്ണം	ലഭിച്ച സഹായം
1. ഡയറി യൂണിറ്റ്, കരിങ്കൽക്കുഴി	10	90,000
2. കരിങ്കൽ ജില്ലി യൂണിറ്റ്, കൊളച്ചേരി	10	40,000
പായനെയ്ത്ത്, നൂഞ്ഞേരി	10	30,000
ആകെ	3	

ട്രൈസം പദ്ധതി വിവരങ്ങൾ

പരിശീലനം ലഭിച്ചവർ	സ്വയംതൊഴിൽ കണ്ടെത്തിയവർ	ഇതരതൊഴിലിൽ ഏർപ്പെട്ടവർ	അവശേഷിക്കുന്നവർ
36	18	15	3

സി. ആർ. എസ്. പി.

സി.ആർ.എസ്.പി. സാനിറ്റേഷൻ പദ്ധതിപ്രകാരം 95 വരെ നിർമാണം പൂർത്തിയാക്കിയ കക്കൂസുകൾ 95 എണ്ണമാണ് 95-96 കാലയളവിൽ 37 കക്കൂസുകളുടെ പണി ആരംഭിച്ചു. 25 എണ്ണം പൂർത്തിയായി.

കൊളച്ചേരി ഗ്രാമ പഞ്ചായത്തിന്റെയും സോഷ്യോ ഇക്കണോമിക് യൂണിറ്റ്(ഡാനിഷ്) കേരള വാട്ടർ അഥോറിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി സാനിറ്റേഷൻ പദ്ധതിയുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു. ഇതുവഴി 1995-ൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിനെ സമ്പൂർണ ശുചിത്വപഞ്ചായത്തായി പ്രഖ്യാപിച്ചു.

വാർഡ്	കക്കൂസുകളുടെ എണ്ണം
I	124
II	135
III	140
IV	147
V	135
VI	155
VII	125
VIII	153
IX	62
ആകെ	**1176**

(അവലംബം: ശുചിത്വപഞ്ചായത്ത് സോവനീർ 95)

സി.ആർ.എസ്.പി. കക്കൂസ്

വർഷം	അനുവദിച്ചത്	പൂർത്തിയാക്കിയ കക്കൂസുകളുടെ എണ്ണം	തുക
95-96 വരെ	37	25	47,000

അംഗൻവാടികൾ

ഈ പഞ്ചായത്തിൽ 23 അംഗൻവാടികളുണ്ട്. ഒരു ശിശുമന്ദിരമുണ്ട്. മഹിളാ സമാജങ്ങൾ മൂന്നെണ്ണമാണു പ്രവർത്തിക്കുന്നത്. ശിശുമന്ദിരത്തിനും നാല് അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമുണ്ട്. രണ്ടാം വാർഡിലെ കോളനിയിലെ അംഗൻവാടിക്ക് ബ്ലോക്കു വകയായി ടി.വി. ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഏതാനും അംഗൻവാടികൾ സ്വന്തമായി സ്ഥലമുള്ളവയാണ്. ചിലതിന് കെട്ടിടം പണിയാൻ സ്ഥലം തരാൻ സന്നദ്ധരായവരും ഉണ്ട്. നാലെണ്ണമൊഴിച്ചുള്ള ബാക്കി എല്ലാ അംഗൻവാടികളും വാടക കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. കുട്ടികളിൽനിന്നും പിരിച്ചെടുത്തും ടീച്ചർമാർക്കുള്ള ശമ്പളം ഉപയോഗിച്ചുമാണ് മിക്ക അംഗൻവാടികളും വാടക കൊടുത്തുവരുന്നത്. മിക്കമാറും എല്ലാ അംഗൻവാടികൾക്കും ആവശ്യമായ ഫർണിച്ചറുകളോ പാചക സാമഗ്രികളോ കളിക്കോപ്പുകളോ മറ്റു പ്രാഥമിക സൗകര്യങ്ങളോ ഇല്ല.

അംഗൻവാടികളുടെ വിവരങ്ങൾ

വാർഡ്	എണ്ണം	കുട്ടികളുടെ എണ്ണം	കക്കൂസ്	കിണർ	ടാപ്പ്	കെട്ടിടം
1	2	53	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	2	37	1ന് ഉണ്ട്	–	–	1ന് ഉണ്ട്
3	3	61	–	–	–	–
4	2	36	–	–	–	–
5	2	40	–	–	–	–
6	2	48	–	–	–	–
7	3	59	–	–	–	–
8	2	50	–	–	–	–
9	3	76	1ന് ഉണ്ട്	1ന് ഉണ്ട്	2ന് ഉണ്ട്	2ന് ഉണ്ട്
10	2	42	–	–	1ന് ഉണ്ട്	1ന് ഉണ്ട്
ആകെ	23	502	2	1	3	4

പെൻഷൻ, ധനസഹായങ്ങൾ

വിവിധ പെൻഷനുകൾക്ക് അപേക്ഷ നൽകിയിട്ടും ലഭിക്കാത്തവർ നിരവധിയുണ്ട്. അവയിൽ വിവിധ കാരണങ്ങളാൽ തടഞ്ഞുവയ്ക്കപ്പെട്ടവയും തിരിച്ചയച്ചവയും ഉൾപ്പെടുന്നു. ആനുകൂല്യങ്ങൾക്ക് അർഹരായവർക്കുതന്നെ മാസങ്ങളോളം തുക കുടിശിക വരുന്നവരുമുണ്ട്.

കർഷക തൊഴിലാളി പെൻഷൻ, അംഗവൈകല്യ പെൻഷൻ, വിധവാ പെൻഷൻ, വാർധക്യകാല പെൻഷൻ എന്നിവ ലഭിക്കാൻ കാലതാമസം വരുന്നവയിൽ പെടുന്നു. പെൻഷൻ തുക വളരെ അപര്യാപ്തമാണ്.

പെൻഷൻ ധനസഹായം സംബന്ധിച്ച വിവരങ്ങൾ 95-96

നമ്പർ	പെൻഷൻ ആനുകൂല്യങ്ങൾ	ആൺ	പെൺ	ആകെ
1.	വിധവാപെൻഷൻ	–	125	125
2.	വാർധക്യകാല പെൻഷൻ	19	13	32
3.	വികലാംഗപെൻഷൻ	–	–	13
4.	തൊഴിലില്ലായ്മാ വേതനം	–	–	91
5.	കൈത്തറി തൊഴിലാളി പെൻഷൻ	–	–	–
6.	പ്രസവാനുകൂല്യങ്ങൾ	–	–	8
7.	കർഷകതൊഴിലാളി പെൻഷൻ	–	–	–

പ്രശ്നങ്ങൾ .

പഞ്ചായത്തിൽ ഇനിയും അംഗൻവാടികൾ ആവശ്യമാണ്. വാടകകെട്ടിടങ്ങൾ സൗകര്യപ്രദമല്ല. ആവശ്യത്തിന് ഫർണിച്ചറുകൾ, കളിക്കോപ്പുകൾ എന്നിവ ഇല്ല. മിക്ക അംഗൻവാടികളിലും പാചകസാമഗ്രികൾ ഇല്ല. കക്കൂസ്, കിണർ, പൊതുടാപ്പ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഇല്ല. അംഗൻവാടി ജീവനക്കാരുടെ വേതനം തൃപ്തികരമല്ല.

1995-ൽ സമ്പൂർണ ശുചിത്വപഞ്ചായത്തായി പ്രഖ്യാപിച്ചിരുന്നെങ്കിലും കക്കൂസില്ലാത്ത കുടുംബങ്ങൾ ഇനിയും പഞ്ചായത്തിൽ ധാരാളമുണ്ട്. സി.ആർ.എസ്.പി. സ്കീം പ്രകാരം കക്കൂസുകൾക്കുള്ള അലോട്ട്മെന്റ് തുക തീരെ അപര്യാപ്തമാണ്.

പെൻഷൻ പദ്ധതികളുടെ പ്രവർത്തനം ഫലപ്രദമോ കാര്യക്ഷമമോ അല്ല. അനുവദിക്കുന്ന തുകകൾ തീരെ തൃപ്തികരമല്ല. അപേക്ഷ നൽകിയിട്ടും ധനസഹായം ലഭിക്കുന്നില്ല. വിവിധ പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല. ആവശ്യത്തിന് അപേക്ഷാഫോറങ്ങൾ ആവശ്യക്കാർക്കു കിട്ടാനുള്ള സംവിധാനമില്ല.

ഐ.ആർ.ഡി.പി, ഡി.ഡബ്ല്യു.സി.ആർ.എ. ട്രൈസം തുടങ്ങിയ പദ്ധതികൾ മുഖേനയുള്ള സഹായം വേണ്ടത്ര ലഭ്യമാകുന്നില്ല.

സാധ്യതകളും നിർദേശങ്ങളും

അംഗൻവാടികൾ ഇനിയും ആവശ്യമായ വാർഡുകളിൽ പുതുതായി അംഗൻവാടികൾ സ്ഥാപിക്കണം. 1. VI-ാം വാർഡ് കമ്പിൽ മാപ്പിള ഹൈസ്കൂളിന് സമീപം. 2. V-ാം വാർഡ് ചേലേരി പ്രദേശത്ത് 3.III-ാം വാർഡ് തെക്കേക്കര പ്രദേശം.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വാടക പഞ്ചായത്ത് നൽകാനുള്ള സംവിധാനം വേണം. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത എല്ലാ അംഗൻവാടികൾക്കും അവ ഉണ്ടാക്കാനുള്ള മാർഗം കണ്ടെത്തണം. അംഗൻവാടികൾക്ക് ആവശ്യമായ ഫർണിച്ചറുകൾ, കളിക്കോപ്പുകൾ, പാചകസാമഗ്രികൾ, പ്രാഥമികസൗകര്യങ്ങൾ എന്നിവ അടിയന്തരലഭ്യമാക്കണം. കെട്ടിടമുള്ളവയ്ക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കണം

VI-ാം വാർഡിൽ പൊൻകുത്തി ലക്ഷംവീടിന് സമീപമുള്ള അംഗൻവാടിക്ക് അവിടെയുള്ള പഞ്ചായത്തിന്റെ മൂന്നു സെന്റ് സ്ഥലത്തിൽ ബിൽഡിംഗ് നിർമിക്കണം. അംഗൻവാടികൾക്ക് സ്ഥലം സൗജന്യമായി ലഭിക്കുന്നിടങ്ങളിൽ പഞ്ചായത്തുവക ബിൽഡിംഗ് നിർമിച്ചുകൊടുക്കണം. അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുകയും അവരെ ഗവൺമെന്റ് ജീവനക്കാരായി അംഗീകരിക്കുകയും വേണം.

സി.ആർ.സി.പി. സ്കീം പ്രകാരമുള്ള കക്കൂസുകൾ ആവശ്യമുള്ളവർക്ക് അനുവദിച്ചുകൊടുക്കുകയും അവയ്ക്കുള്ള അലോട്ട്മെന്റ് തുക 5000 ആയി വർധിപ്പിക്കുകയും വേണം.

പെൻഷൻ വ്യവസ്ഥകൾ ഉദാരമാക്കുകയും തുകകൾ വർദ്ധിപ്പിക്കുകയും കിട്ടാനുള്ള കാലതാമസം ഒഴിവാക്കുകയും വേണം. വിവിധ പെൻഷനുകൾക്ക് അപേക്ഷ നൽകിയവർക്ക് ഉടൻ അവ അനുവദിക്കണം. വിവിധക്ഷേമപദ്ധതികളെപ്പറ്റി ഗുണഭോക്താക്കളെ ബോധവാന്മാരാക്കുകയും അവരെ കണ്ടെത്താൻ പഞ്ചായത്തുതലത്തിൽ സെൻസസ്പോലെയുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. ആവശ്യമായ അപേക്ഷാഫോറങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കണം.

IRDP, DWCRA, TRYSEM തുടങ്ങിയ ദാരിദ്ര്യനിർമ്മാർജന തൊഴിലവസരപദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്താൻ പഞ്ചായത്തുതലത്തിൽ ജനകീയ സംവിധാനം വേണം. ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ DWCRAയുടെ 10 യൂണിറ്റുകൾ സ്ഥാപിക്കണം.

മഹിളാസമാജങ്ങൾ ഓരോ വാർഡിലും രൂപീകരിക്കുകയും പ്രവർത്തനം ശക്തിപ്പെടുത്തുകയും വേണം.

സ്വയംതൊഴിൽ പരിശീലനം നേടിയവരും താൽപര്യമുള്ളവരുമായ യുവതീയുവാക്കൾക്ക് ഖാദി ബോർഡിന്റെ വിവിധ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള സംവിധാനം ചെയ്യണം. ഉത്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കാനുള്ള മാർക്കറ്റുകൾ പഞ്ചായത്ത് തലത്തിൽ സൃഷ്ടിക്കണം. ഗാർമെന്റുകൾ, കോഴിവളർത്തുകേന്ദ്രം, പലഹാര നിർമാണം തുടങ്ങിയ തൊഴിൽമേഖലകൾ ആരംഭിക്കാൻ അഭിരുചിയുള്ളവരെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കണം.

കൊളച്ചേരിമുക്ക് കേന്ദ്രീകരിച്ച് ഒരു ട്രഷറി, ഒരു പോലീസ് സ്റ്റേഷൻ, രജിസ്ട്രാഫീസ് എന്നിവ സ്ഥാപിക്കണം.

പാടിക്കുന്നിൽ ഒരു തൊഴിലധിഷ്ഠിത കോളേജ് ആരംഭിക്കണം. കൊളച്ചേരിമുക്ക് മിനി സ്റ്റേഡിയത്തിൽ ഒരു ബസ്സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും സ്ഥാപിക്കണം.

കൊളച്ചേരി ശിശുമന്ദിരത്തിൽ ഒരു ആയയെ നിയമിക്കണം. മന്ദിരം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം. കൊളച്ചേരി പഞ്ചായത്ത് പൊതു ശ്മശാനത്തിന് ഒരു വാച്ച്മാനെ നിയമിക്കുകയും അതിന്റെ സംരക്ഷണച്ചുമതല ഒരു ജനകീയ സമിതിയെ ഏൽപ്പിക്കുകയും വേണം.

കൊളച്ചേരി പറമ്പിൽ ഒരു പൊതു കളിസ്ഥലം വേണം. മൂന്നാംവാർഡ് പഞ്ചായത്ത് കളിസ്ഥലത്തിന് ചുറ്റുമുള്ള സ്ഥലംകൂടി അക്വയർ ചെയ്ത് കൂടുതൽ സൗകര്യമുണ്ടാക്കണം. ഗ്രൗണ്ടിലേക്ക് ഒരു റോഡ് നിർമിക്കണം.

കൊളച്ചേരി സ്കൂളിനടുത്ത് ഒരു പോസ്റ്റ് ബോക്സ് അനുവദിക്കണം. സ്കൂളിൽ ഉച്ചഭക്ഷണം പാകം ചെയ്യുന്ന തൊഴിലാളികൾക്ക് സർക്കാർ നിരക്കിൽ വേതനം ലഭ്യമാക്കുകയും അവരെ സ്ഥിരം തൊഴിലാളികളായി അംഗീകരിക്കുകയും വേണം.

ചേലേരി വില്ലേജ് ഓഫീസിനുവേണ്ടി നിർമിച്ച കെട്ടിടം തുറന്നു പ്രവർത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

പാർപ്പിടം

ഒരു കാലത്ത് ജനവാസം തീരെകുറഞ്ഞ മൊട്ടക്കുന്നുകളും വനപ്രദേശങ്ങളും കൊണ്ട് നിറഞ്ഞ ഒരു ഭൂപ്രദേശമായിരുന്നു കൊളച്ചേരി. കാലം മാറി ഇന്ന് പാർപ്പിടരംഗത്ത് അഭൂതപൂർവമായ മുന്നേറ്റമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ സ്ഥിതിവച്ചുനോക്കുമ്പോൾ രണ്ടായിരമാണ്ടോടെ പഞ്ചായത്തിൽ വീട് നിർമാണത്തിന് സൗകര്യപ്രദമായ ഭൂമി കിട്ടാതെ വരുന്ന അവസ്ഥയാവും. ഗൾഫ് പണം കൊണ്ട് നിർമിച്ച കോൺക്രീറ്റ് വീടുകൾ ദിനേന കൂടിക്കൂടി വരുന്നു. സ്ഥലത്തിനു ക്രമാതീതമായി വിലയും വർധിക്കുന്നു. നിശ്ചിത വരുമാനമുള്ളവരും വിവിധ കൂലിവേല ചെയ്യുന്ന ഇടത്തരക്കാരും ഒരു ഭവനം ഉണ്ടാക്കാൻ വളരെയേറെ പ്രയാസപ്പെടുന്നു. സ്വന്തമായി ഭൂമിയില്ലാത്തവർക്കും വീടുനിർമിക്കാൻ സാമ്പത്തികശേഷിയില്ലാത്തവർക്കും വീട് ഇന്നൊരു സ്വപ്നം മാത്രമാണ്. പട്ടണവുമായുള്ള സാമിപ്യവും വ്യവസായ മേഖലയിലെ തൊഴിൽ സാധ്യതയും ഗൾഫ് വരുമാനവും പഞ്ചായത്തിലെ കെട്ടിട നിർമാണമേഖലയിൽ പ്രകടമായ സ്വാധീനം ചെലുത്തിയതായി കാണാം.

കൊളച്ചേരി പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും അടിസ്ഥാന സൗകര്യമുള്ളവയാണ്. കുടിലുകൾ നാമമാത്രമായി ചില വാർഡുകളിൽ കാണാൻ സാധിക്കും. '96 മാർച്ചുവരെ ഏകദേശം 3903 വീടുകൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. അവയിൽ കോൺക്രീറ്റ് വീടുകൾ 812 എണ്ണമുണ്ട്. ഓലമേഞ്ഞ വീടുകൾ പ്രയേണ കുറവാണ്. മൂന്നു വർഷങ്ങൾക്കു മുമ്പ് 3550 വീടുകൾ മാത്രം ഉണ്ടായിരുന്നു. രണ്ട് വർഷം കൊണ്ട് 355 വീടുകൾ വർധിച്ചിട്ടുണ്ട്. ഏകദേശം 10 ശതമാനം വർദ്ധനവ് രണ്ടു വർഷംകൊണ്ട് ഇവിടെ ഉണ്ടായിട്ടുണ്ട്. മൊത്തം 8 കോളനികൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ 2 ഹരിജൻ കോളനികളും ഉൾപ്പെടുന്നു. കോളനികളുടെ പശ്ചാത്തലം സാമാന്യം തൃപ്തികരമാണെങ്കിലും പ്രശ്നങ്ങളും ഇല്ലാതില്ല.

പഞ്ചായത്തിൽ 345 ഓളം ഭവനരഹിതരായ കുടുംബങ്ങൾ ഉണ്ട്. ഇതിൽ 100 ഓളം പേർ സ്ഥലലഭ്യതയില്ലാത്തവരാണ്. അവർ ഇപ്പോൾ കോളനികളിലും വാടകവീടുകളിലും കൂട്ടുകുടുംബമായി ജീവിക്കുന്നു. പാർപ്പിട പ്രശ്നം വളരെ രൂക്ഷമാണ്. ഇടത്തരക്കാരും താഴ്ന്ന വരുമാനമുള്ളവരും പിന്നോക്ക വിഭാഗങ്ങളിലുമാണ് ഇത് ഏറെ അനുഭവപ്പെടുന്നത്. കെട്ടിട നിർമാണത്തിന് ധനസഹായം നൽകുന്ന ഹൗസിംഗ് സൊസൈറ്റികൾ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കു

കോളനികളുടെ വിവരങ്ങൾ

കോളനികൾ	–	ലക്ഷം വീട്-5
നാല്സെന്റ്	–	2
ഹരിജൻ കോളനി	–	2

സ്ഥാപനങ്ങൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്	–1
സഹകരണ ബാങ്ക്	–2
കൊമേർഷ്യൽ ബാങ്ക്	–1
വില്ലേജ് ഓഫീസ്	–2
കൃഷി ഭവൻ	–1

ന്നില്ല. എങ്കിലും നോർത്ത് മലബാർ ഗ്രാമീണ ബാങ്ക്, കൊളച്ചേരി സഹകരണ ബാങ്ക്, മുല്ലക്കൊടി കോ.ഓപ്. റൂറൽ ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെയാണ് ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത്. കോളനികളും മറ്റുമായി 100 ഓളം വീടുകൾക്ക് അറ്റകുറ്റപണികൾ നടത്തേണ്ടവയാണ്.

1991-ലെ സെൻസസ് പ്രകാരം കൊളച്ചേരിയിലെ മൊത്തം ജനസംഖ്യ 23055 ആണ്. അതിൽ അഞ്ചു വർഷംകൊണ്ട് ഏകദേശം 15 ശതമാനം വർധനവ് പ്രതീക്ഷിക്കാവുന്നതാണ്. 1991-ലെ കണക്ക് പ്രകാരം പട്ടികജാതിക്കാർ 1408 പേരുണ്ട്. അതിലും ഇപ്പോൾ 15 ശതമാനം വർധനവ് പ്രതീക്ഷിക്കുന്നു.

1995-96 ൽ ബ്ലോക്ക് മുഖേന വിവിധ സ്കീമുകളിലായി 49 പേർക്ക് ഭവനനിർമാണ ധനസഹായം നൽകിയിട്ടുണ്ട്. അതിൽ 46 പേർ പട്ടികജാതിയിൽ പെടുന്നു. ജെ.ആർ.വൈ. സ്കീമിൽ പഞ്ചായത്ത് മുഖാന്തരം ഇതുവരെ 27 പട്ടികജാതി വീടുകൾക്ക് സൗജന്യ ഗ്രാന്റും അനുവദിച്ചിട്ടുണ്ട്.

കെട്ടിട നിർമാണ സംബന്ധമായ സാമഗ്രികൾ നിർമിക്കുന്ന സ്റ്റോൺ ക്രഷർ 3 എണ്ണം നിലവിലുണ്ട്. 2 എണ്ണത്തിനുകൂടി പുതുതായി അനുമതി കൊടുത്തിട്ടുണ്ട്. അടുത്ത പ്രദേശങ്ങളിൽ കരിങ്കൽ കോറകളും കൽപണകളും ആവശ്യത്തിലധികം ഉള്ളതിനാൽ ക്ഷാമമില്ലെങ്കിലും വില താങ്ങാൻ പറ്റാത്തതാണ്. കമ്പി, സിമന്റ്, തുടങ്ങിയ സാധങ്ങൾ വിൽക്കുന്ന കടകളും പഞ്ചായത്തിനകത്ത് ആവശ്യത്തിനുണ്ടെങ്കിലും എല്ലാറ്റിനും ഇപ്പോൾ വില വർധനവ് ക്രമാധീതമാണ്. ആശാരി, കൽപണിക്കാരൻ, തുടങ്ങിയ നിർമാണ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ ആവശ്യത്തിനുണ്ട്. അവരുടെ കൂലിനിരക്ക് പുരുഷന്മാർക്ക് 100 മുതൽ 125 വരെയും സ്ത്രീകൾക്ക് 40 മുതൽ 75 വരെയുമാണ്.

പഞ്ചായത്തിലെ ഭവനങ്ങളുടെയും ഭവനരഹിതരുടെയും വിവരങ്ങൾ

വാർഡ്	വീടുകൾ	കൂടിൽ	വീടില്ലാത്തവർ	റിപ്പയർ ആവശ്യമുള്ളവർ	സ്ഥലമില്ലാത്തവർ
1.	442	–	40	30	30
2.	414	10	7	15	10
3.	459	–	40	30	10
4.	435	–	25	15	10
5.	460	23	40	30	18
6.	334	–	25	20	15
7.	440	330	20	25	15
8.	150	–	21	25	15
9.	617	10	45	10	50
10.	240	15	50	10	30

(അവലംബം – ഗ്രാമസഭാ റിപ്പോർട്ട്)

പ്രശ്നങ്ങൾ

ഭവന നിർമാണ വായ്പകൾ സഹകരണക്കാർക്ക് ലഭിക്കാൻ പ്രയാസം നേരിടുന്നു. പലിശ നിരക്ക് ഉയർന്നതാണ്. കൂലി നിരക്കിലെ വർധനവും സാധന സാമഗ്രികളുടെ വിലക്കയറ്റവും കാരണം പാവപ്പെട്ടവന് വീടുണ്ടാക്കാൻ പ്രയാസം നേരിടുന്നു. പുതിയ വീടുണ്ടാക്കാൻ ആവശ്യമായ സ്ഥല ലഭ്യത കുറഞ്ഞുവരുന്നു ഭൂരഹിതരായ കുടുംബങ്ങൾ ധരാളമാണ്. ഹൗസിംഗ് സൊസൈറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

സാധ്യതകളും നിർദ്ദേശങ്ങളും

ദീർഘകാല ഭവന നിർമാണ വായ്പകൾ സാധാരണക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കണം. വായ്പയുടെ തോത് വർധിപ്പിക്കണം. പഞ്ചായത്ത് തലത്തിൽ ഭവന നിർമാണം സഹകരണ സംഘങ്ങൾ ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കണം.

ഭൂരഹിതരായ കർഷക തൊഴിലാളികൾക്കും മറ്റു പിന്നോക്ക വിഭാഗത്തിനും വീടു നിർമിക്കാൻ ഭൂമി പതിച്ചുനൽകുകയും സഹായധനം ഗ്രാന്റായി നൽകുകയും വേണം.

വീട് മോടികൂട്ടുന്നതിന് ലക്ഷങ്ങൾ ചിലവിടുന്ന പ്രവണത ആദ്യം ബോധവൽക്കരണത്തിലൂടെയും പിന്നീട് നിയമം മൂലവും കുറച്ചുകൊണ്ട് വരണം.

കുറഞ്ഞ ചിലവിൽ വീടു നിർമിക്കാനുള്ള ആധുനിക രീതികൾ പ്രചാരത്തിൽ കൊണ്ട് വരണം. കുറഞ്ഞ വില ് ലഭിക്കുന്ന ഭവന നിർമാണ സാമഗ്രികൾ വ്യാപകമാക്കണം.

ദാരിദ്രരേഖയ്ക്കും താഴെയുള്ള സ്വന്തമായി വീടില്ലാത്ത പാവപ്പെട്ട കുടുംബങ്ങൾക്ക് ഗവൺമെന്റ് തലത്തിൽ സ്ഥലവും അതിൽ വീടും നിർമിച്ചുകൊടുക്കണം. ഇതിന് വേണ്ടി ആസൂത്രിത കോളനി പദ്ധതിക്ക് രൂപം നൽകണം.

കയരളംമൊട്ട-മൈലാടി പ്രദേശങ്ങളിൽ വിജനമായ തരിശ് ഭൂമികളുണ്ട്. അവ ആസൂത്രിത കോളനി പദ്ധതിക്ക് ഉപയോഗപ്പെടുത്തണം.

വീടു നിർമിക്കുന്നതിനുവേണ്ടി കടമെടുത്ത് തിരിച്ചടക്കാൻ കഴിയാത്തവർക്ക് കടം എഴുതിത്തള്ളാനുള്ള സംവിധാനം വേണം. മിശ്രവിവാഹിതരായ ഏതാനും കുടുംബങ്ങൾ സ്വന്തമായി വീടില്ലാതെ വാടക വീട്ടിലും മറ്റും താമസിക്കുന്നുണ്ട്. അവർക്ക് വീടുണ്ടാക്കാൻ സാഹായധനം ലഭ്യമാക്കണം.

പട്ടികജാതി പട്ടികവർഗ ക്ഷേമം



കൊ ളച്ചേരിഗ്രാമപഞ്ചായത്തിലെപട്ടികജാതി വിഭാഗക്കാരുടെ ആദ്യകാല ജീവിതനില വളരെ പരിതാപകരമായിരുന്നു. വയലേലകളിൽ പകലന്തിയോളം അടിമകളെപ്പോലെ പണിയെടുത്ത് കിട്ടുന്ന നെല്ല് പച്ചയായി കുത്തി പാകംചെയ്തു കഴിച്ചിരുന്നു.

സാമ്പത്തികശേഷിയില്ലാത്തതിനാൽ കുട്ടികളെ പാഠശാലയിൽ പറഞ്ഞയക്കാൻ കഴിയാതെ ഭൂവുടമകളുടെ കാലികളെ മേയ്ക്കാൻ അയയ്ക്കുകയായിരുന്നു പതിവ്. കൊച്ചുകുട്ടികളെ പാടത്തിന്റെ വരമ്പത്തിരുത്തി കൃഷിപ്പണി ചെയ്ത് ഉപജീവനം കഴിച്ചിരുന്നു.

ഭൂഉടമകളുടെ കീഴിൽ പണിചെയ്യുന്നതിന് അവരുടെ സ്ഥലത്ത് കുടിൽ കെട്ടി താമസിക്കാൻ സൗകര്യം കിട്ടിയതിന്റെ പരിണിതഫലമാണ് ഇന്നനുഭവിക്കുന്ന കുടികിടപ്പവകാശം. ഇതുവഴി 10 സെന്റ് വീതം ഭൂമി ലഭിച്ച ഏതാനും കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

91-ലെ സെൻസസ് പ്രകാരം കൊളച്ചേരി പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യ 23053 ആണ്. അതിൽ 1408 പേർ പട്ടകജാതിക്കാരാണ്. ഇന്ന് 224 ഓളം പട്ടികജാതി കുടുംബങ്ങൾ ഇവിടെയുണ്ട്. സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത നൂറോളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

ഇതര ജനവിഭാഗത്തെ അപേക്ഷിച്ച് പട്ടികജാതിക്കാർ വിദ്യാഭ്യാസരംഗത്ത് ഇവിടെ പിന്നിലല്ല. മിക്കവാറും എല്ലാവരും പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞവരുമാണ്. എന്നിരുന്നാലും സെക്കൻഡറി വിദ്യാഭ്യാസംകൊണ്ട് മതിയാക്കുന്നവരാണ് ബാക്കിയുള്ളവർ. ഔദ്യോഗികമേഖലകളിൽ എത്തുന്നവർ വിരളമാണ്.

വിദ്യാലയങ്ങളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് താരതമ്യേന കുറവാണ്. ചെറുപ്പക്കാരിലധികവും നാടൻപണികളിലേർപ്പെടുന്നവരാണ്. സാങ്കേതികവിദ്യ കരസ്ഥമാക്കിയവരും ഉണ്ട്.

പട്ടികജാതിക്കാരിൽ ബഹുഭൂരിഭാഗവും കർഷകരാണ്. പ്രായംചെന്ന സ്ത്രീ-പുരുഷന്മാർ തോട്ടിൻകരയിൽനിന്ന് മുറിച്ചെടുക്കുന്ന തഴ ഉപയോഗിച്ച് തഴപ്പായ നെയ്ത് ഉപജീവനം കഴിക്കുന്നു. കെട്ടിടനിർമാണരംഗത്ത് ഉയർന്ന കൂലിനിരക്ക് ഉള്ളതിനാൽ നല്ല അധ്വാനശേഷിയുള്ളവർ ഈ രംഗത്തേക്ക് തിരിയുന്നു. രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും നേതൃത്വം നൽകുന്നവരും ഉണ്ട്.

പട്ടികജാതി കോളനികളിൽ പ്രശ്നങ്ങൾ ഉണ്ട്. അടിസ്ഥാന സൗകര്യങ്ങൾ പൂർണമല്ല. വൈദ്യുതി ലഭിക്കാത്ത കോളനികളുണ്ട്. കോളനി റോഡുകൾ എല്ലാം ഗതാഗതയോഗ്യമല്ല. സ്വന്തമായി സാംസ്കാരിക കേന്ദ്രങ്ങൾ ഇല്ല. അംഗീകരിക്കാത്ത കോളനികളുമുണ്ട്. കുടിവെള്ളക്ഷാമം വേനൽക്കാലത്ത് എല്ലാ കോളനികളിലും രൂക്ഷമാണ്. ഈ വിഭാഗത്തിന് പ്രത്യേകമായി രണ്ട് പൊതുശ്മശാനമുണ്ട്. ഉച്ചനീചത്വമില്ല, സൗഹൃദമായി ജീവിക്കുന്നു. കോളനിസ്ഥലത്തിന് പട്ടയം ലഭിക്കാത്തതിനാൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് കിട്ടാത്തവരുണ്ട്. ഈ പഞ്ചായത്തിലെ അംഗീകരിച്ചതും അംഗീകരിക്കാനുള്ളതുമായ പട്ടികജാതി കോളനികളുടെയും വീടുകളുടെയും കണക്ക് പട്ടികയിൽ ചേർക്കുന്നു.

വാർഡ്	അംഗീകരിച്ച കോളനികൾ	വീടുകളുടെ എണ്ണം
I	നുഞ്ഞേരി ലക്ഷംവീട് കോളനി	31
V	കൊളച്ചേരി 4 സെന്റ് കോളനി	42
”	കൊളച്ചേരി ലക്ഷംവീട് കോളനി	17
”	ചേലേരി ലക്ഷംവീട് കോളനി	14
VI	നണിയൂർ ലക്ഷംവീട് II PLOT	18
VII	പാട്ടയം സെറ്റിൽമെന്റ് കോളനി	43
IX	പെരുമാച്ചേരി ലക്ഷംവീട് കോളനി	3
	അംഗീകരിക്കേണ്ട കോളനികൾ	
IV	പള്ളിപ്പറമ്പ് പട്ടികജാതി കോളനി	13
VII	പാട്ടയം LPS സമീപമുള്ള SC കോളനി	12
”	ചെറുക്കുന്ന് LPS ”	10
ആകെ		203

പ്രശ്നങ്ങൾ

1. സാങ്കേതിക വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരുമായ യുവതീ- യുവാക്കൾക്ക് തൊളിലില്ലായ്മ അനുഭവപ്പെടുന്നു.
2. സ്വന്തമായി വീടില്ലാത്തവരും വീടുവെക്കുവാൻ സ്ഥലമില്ലാത്തവരുമായ കുടുംബങ്ങൾ ഉണ്ട്.
3. പ്രാഥമിക സൗകര്യങ്ങൾ പൂർണമല്ലാത്ത കോളനികൾ ഉണ്ട്. എല്ലാ റോഡുകളും ഗതാഗതയോഗ്യമല്ല.
4. നിലവിലുള്ള 3 കോളനികൾ അംഗീകരിക്കാത്തവയുണ്ട്.
5. കോളനികളിലെ വീടുകളിൽ അറ്റകുറ്റപ്പണികൾ ഫലപ്രദമായി നടക്കാറില്ല.
6. പട്ടയം കിട്ടാത്ത സ്ഥലങ്ങളിലെ വീടുകൾക്ക് ഉടമസ്ഥാവകാശവും കിട്ടിയിട്ടില്ല.
7. കോളനികളിൽ വൈദ്യുതീകരിക്കാത്തവയുമുണ്ട്. തെരുവുവിളക്കുകൾ സ്ഥാപിക്കാത്ത കോളനികളുമുണ്ട്.
8. ചില കോളനികളിലെ വീടുകൾ നിർമ്മാണ തകരാറ്മൂലം വിള്ളലുകൾ കാണുന്നുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും

1. വീടില്ലാത്ത കുടുംബങ്ങൾക്ക് സ്വന്തമായി വീട് നിർമിച്ചുകൊടുക്കണം. പഞ്ചായത്തിനകത്തെ മിച്ച ഭൂമികൾ ഇതിനായി ഉപയോഗപ്പെടുത്തണം.
2. കക്കൂസ്, കിണർ, പൊതു ടാപ്പ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്തണം.
3. അംഗീകരിക്കാത്ത കോളനികളെ സെറ്റിൽമെന്റ് കോളനിയായി അംഗീകരിക്കുകയും പട്ടയം കിട്ടാത്ത സ്ഥലങ്ങൾക്ക് പട്ടയം ലഭ്യമാക്കുകയും അതുവഴി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും വേണം.
4. കോളനികളിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുകയും ഗതാഗതയോഗ്യമാക്കുകയും വേണം.
5. പട്ടികജാതിക്കാർക്കുള്ള പൊതുശ്മശാനങ്ങൾ കോമ്പൗണ്ട്വാൾ കെട്ടി സംരക്ഷിക്കണം.
6. സഹായ ആനുകൂല്യങ്ങൾ ഫലപ്രദമായി ലഭ്യമാക്കണം. വിവിധ ക്ഷേമപദ്ധതികൾ ഉപയോഗിച്ചുള്ള തൊഴിൽപരിശീലനവും തൊഴിലവസരവും സൃഷ്ടിക്കണം. ഖാദിബോർഡ് മുഖേന നെയ്ത്ത് അഭ്യസിക്കാനുള്ള സൗകര്യംവേണം.
7. പട്ടികജാതി കോളനികളിൽ പ്രത്യേകമായി വായനശാലയും ഗ്രന്ഥാലയവും സ്ഥാപിക്കണം.
8. പട്ടികജാതി സർവീസ് സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

സംസ്കാരം



ഉന്നതമായ സാംസ്കാരിക പൈതൃകം കൈമുതലായുള്ള ഒരു പ്രദേശമാണ് കൊളച്ചേരി. വ്യത്യസ്ത മതസ്ഥർ സഹവർത്തിത്തോടെ ഇവിടെ കഴിയുന്നു. മതസൗഹാർദം നൂറ്റാണ്ടുകൾക്കുമുമ്പേ നിലനിന്നിരുന്നുവെന്ന സൂചനയാണ് പള്ളിപ്പറമ്പ് മൂരിയത്ത് പള്ളിയുമായി ബന്ധപ്പെട്ട വിശ്വാസം. അന്നത്തെ കരുമാരത്തില്ലം നമ്പൂതിരി പള്ളിക്കുവേണ്ടി ഏക്കറുകളോളം ഭൂമി വിട്ടുകൊടുത്തുവത്രേ. എല്ലാ വർഷവും ചിങ്ങമാസത്തിലെ അവസാനത്തെ വ്യാഴാഴ്ച പള്ളിയിൽ നടത്താറുള്ള ആണ്ടുനേർച്ചയ്ക്ക് സസ്യഭക്ഷണം മാത്രമേ ഇപ്പോഴും ഉണ്ടാക്കാറുള്ളൂവെന്നതും ശ്രദ്ധേയമാണ്.

ബ്രാഹ്മണ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള മൂർത്തികളും ഭഗവതിയുമുള്ള കൊളച്ചേരിവയൽ ആശാരിക്കോട്ടത്തിൽ ആര്യപ്പൂങ്കന്നിയും ബപ്പൂരിയൻ തെയ്യത്തോടുമൊപ്പം രണ്ടു മാപ്പിളപ്പൊറാട്ട് കോലവും കെട്ടി മുഹമ്മദീയ വിശ്വാസങ്ങളെയും ആചാരങ്ങളെയും വായ്ത്താരിയായി പുകഴ്ത്താറുണ്ടത്രേ.

വിവിധ ജാതിമതക്കാരുടെ അമ്പത്തിയേഴോളം ആരാധനാലയങ്ങൾ കൊളച്ചേരി ഗ്രാമപഞ്ചായത്തിലുണ്ട് (പട്ടിക 1 കാണുക). ആരാധനാലയങ്ങൾക്ക് പുറമേ സമുദായപരിഷ്കരണത്തിനായി നിലകൊള്ളുന്ന സമുദായ സംഘടനകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്(പട്ടിക 2-ൽ അവയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു)

സമുദായ പരിഷ്കരണത്തെപ്പറ്റി പറയുമ്പോൾ കാരയാപ്പിലെ ശ്രീ. സി.പി. കുഞ്ഞിമൊയ്തീൻ മൂസ്സ്യാരെ ഓർക്കാതെ വയ്യ. ആത്മീയതയിലൂന്നിയ മതബോധം അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. നൂഞ്ഞേരിയുടെ പ്രശസ്തി പുറംനാടുകളിലറിയപ്പെടാൻ ഇടയാക്കിയ മർഹും മുഹമ്മദ്കുട്ടി തങ്ങൾ വിവിധ ജാതിമത വിഭാഗങ്ങളുടെയിടയിൽ ആദരണീയനാണ്. ആരോഗ്യപ്രവർത്തനരംഗത്ത് അദ്ദേഹത്തിന്റെ സംഭാവന വിലമതിക്കാൻ പറ്റാത്തതാണ്. അദ്ദേഹം സംഭാവന ചെയ്ത പ്രദേശത്താണ് ഇന്നത്തെ പി.എച്ച്.സി. ഉയർന്നുവന്നിട്ടുള്ളത്.

ഒരുഭാഗത്ത് മതസൗഹാർദം നിലനിന്നിരുന്നുവെങ്കിലും ജന്മിത്വത്തിന്റെ കൂടപ്പിറപ്പായ സാമൂഹ്യ അനാചാരങ്ങളും ഇവിടെ പ്രകടമായിരുന്നു. തീണ്ടൽ, അയിത്തം എന്നിവയോടൊപ്പം 'അയിത്തക്കൊക്ക'യും പ്രചാരത്തിലുണ്ടായിരുന്നു. വീടിന് പുറത്തുപോയി തിരിച്ചുവരുന്ന സവർണ്ണരുടെ അയിത്തം കലർന്ന വസ്ത്രങ്ങൾ പുറത്തു തൂക്കിയിടുന്നതിനാണ് അയിത്തക്കൊക്ക സ്ഥാപിക്കുന്നത്.

ജന്മിത്തത്തിനെതിരായി ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന കരിങ്കൽകുഴിയിലെ വിദ്യാഭിവർധിനി വായനശാലയ്ക്ക് നേതൃത്വം നൽകാൻ ഇ. കുഞ്ഞിരാമൻ നായരും വി.കുഞ്ഞിരാമൻ നായരും മുൻപന്തിയിൽ ഉണ്ടായിരുന്നു.

കോൽക്കളിപോലെയുള്ള അനുഷ്ഠാനകലകൾ ഏറെയുണ്ടെങ്കിലും 'റിഫാ ഈ ദഫ് റാത്തിബ്' പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു. പുതുക്കുടി അസ്സയിനാർ ഖൽഫ, എം.കെ. ചേക്കൂട്ടി, അബ്ദു റഹിമാൻ മുസ്ല്യാർ എന്നിവർ ഈ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരാണ്.

അനുഷ്ഠാനകലകളിലെ ഗന്ധർവൻ പാട്ട്, മലയൻകെട്ട്, കണ്ണേറ്പാട്ട്, അജ്ഞനപ്രയോഗം എന്നിവയൊക്കെ ഏറെക്കുറെ നിന്നുപോയിട്ടുണ്ടെങ്കിലും വേടൻ, കോതാമൂരി എന്നിവ ചിലയിടത്തെങ്കിലും തുടർന്നുവരുന്നുണ്ട്.

കൊളച്ചേരിയുടെയും ചാത്തമ്പള്ളിക്കാവിന്റെയും മാത്രമായ തെയ്യക്കോലമാണ് വിഷകണ്ഠൻ, 'ഒന്നു കുറനാൽപത്' തെയ്യങ്ങളിൽ മിക്കതും ഇന്നും നിലനിൽക്കുന്നു. കുട്ടിശാസ്തൻ, കരീംകുട്ടി ശാസ്തൻ, വിഷ്ണുമൂർത്തി, കണ്ഠകർണ്ണൻ, ഉച്ചിട്ട, ഭൈരവൻ, കരുവാൾ ഭഗവതി, രക്തേശ്വരി, മടയിൽ ചാമുണ്ഡി, വസൂരിമാല, ദണ്ഡൻ, പുതിയ ഭഗവതി, വേട്ടക്കൊരുമകൻ, വീരൻ, വീരാളി, ചുവന്ന ഗുളികൻ, കുറത്തി

പൊട്ടൻ, പൊട്ടൻതെയ്യം, പൂലിവേഷം, മറത്തു കുറുനാഥൻ എന്നിവയൊക്കെ കാലത്തെ അതിജീവിക്കുന്ന തെയ്യക്കോലങ്ങൾതന്നെ.

ആരാധനയുമായി ബന്ധപ്പെട്ട കളിയാട്ടങ്ങൾ, തിറകൾ, തെയ്യങ്ങൾ, വയൽത്തിറകളൊക്കെ ഗ്രാമീണോത്സവങ്ങളായി നിലനിൽക്കുന്നുവെങ്കിലും പഴയ പല ആചാരങ്ങളും ഇന്ന് ഇല്ലാതായിട്ടുണ്ട്. പുല, ബാലായ്മ, ബലി, ചാവ്, മന്ത്രിച്ചുകെട്ടൽ, ജപിച്ച് ഊതൽ എന്നിവയ്ക്കൊക്കെ പ്രസക്തി കുറഞ്ഞിട്ടുണ്ട്.

സംസ്കാരം വിലയിരുത്തുമ്പോൾ സാഹിത്യദർശനം അനിവാര്യമായിത്തീരുന്നു. അങ്ങനെ വരുമ്പോൾ കെ.എം. കൃഷ്ണൻ നമ്പൂതിരി, പി.എം. ശങ്കരവർമ, കുഞ്ഞിക്കണ്ടി കുഞ്ഞിഹാജി എന്നിവരെ കാണാതിരിക്കാൻ വയ്യ.

ഇട്ടിയും കോലും, ഗോട്ടികളി, കബഡി, സോഡി, ആട്ടക്കളി, ഡപ്പ, തലമ, പരീക്കുത്ത് തുടങ്ങിയ ഒട്ടനവധി നാടൻകളികളിൽ പലതും നമുക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

കലാ-കായിക സമിതികൾ ഒട്ടേറെയുണ്ടായിരുന്നുവെങ്കിലും പ്രവർത്തനക്ഷമമായവ ഇപ്പോൾ ചുരുക്കമാണ്. പട്ടിക മൂന്നിൽനിന്ന് ഈ വസ്തുത മനസ്സിലാവും. പഞ്ചായത്തിലെ കലാ-കായിക സമിതികളിൽ സ്ത്രീ ജനപങ്കാളിത്തം പൊതുവേ കുറവാണ്.

സംസ്ഥാന കേരളോത്സവത്തിൽ നാടകമത്സരത്തിൽ ഒന്നാംസ്ഥാനം ലഭിച്ച രാമക്കാട്ടില്ലത്ത് രാമൻ നമ്പൂതിരി അവതരിപ്പിച്ച കരിങ്കൽക്കുഴി ഭാവന സ്പോർട്സ് ആൻഡ് ആർട്സ് ക്ലബും മികച്ച യുവജന സംഘടനക്കുള്ള കണ്ണൂർ നെഹ്റുയുവക് കേന്ദ്രയുടെ അവാർഡ് നേടിയ കെ.എസ്.ആന്റ്.എ.സി. കരിങ്കൽക്കുഴിയും പഞ്ചായത്തിലെ മികച്ച രണ്ടു സാംസ്കാരികസ്ഥാപനങ്ങളാണ്.

സംസ്ഥാന പി.പി.ടി.ടി.ഐ. കലാതിലകമായ പി.എം. പ്രിയജ സംസ്ഥാന യുവജനോത്സവവിജയിയായ ഉബൈദ് തുടങ്ങിയവർ ഈ പഞ്ചായത്തിന്റെ സംഭാവനയാണ്.

വലിയൊരു സ്റ്റാമ്പുശേഖരമുണ്ടായിരുന്ന അന്തരിച്ച ശ്രീ ടി.വി. ലക്ഷ്മണനും കറൻസി-നാണയ ശേഖരങ്ങളുടെ ഉടമയായ ശ്രീ മഹമൂദ് റംസാനും നമ്മുടെ പഞ്ചായത്തിന്റെ അഭിമാനമാണ്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം പരമ്പരാഗത നാടൻകലകളെ പുറംതള്ളാനിടയാക്കി. ഇടത്തരം കുടുംബങ്ങളിലൊക്കെ ടി.വി കടന്നുവന്നുതുടങ്ങിയെങ്കിലും കേബിൾ ടി.വിയുടെ സ്വാധീനം പഞ്ചായത്തിൽ വളരെ കുറവാണ്. പഞ്ചായത്തിൽ ഒരേയൊരു സിനിമാ തീയറ്ററേ ഉള്ളൂ. അശ്ലീലസിനിമകളുടെ വലയത്തിൽ അത് അകപ്പെട്ടിട്ടുമില്ല എന്നതും ആശ്വാസജനകമാണ്.

പൊതുകളിസ്ഥലങ്ങളുടെ അപര്യാപ്തത പഞ്ചായത്തിലെ കായിക വിനോദങ്ങളുടെയും മറ്റും പുരോഗതിയെ ബാധിച്ചിട്ടുണ്ട്. സ്കൂളുകളോട് ചേർന്നുള്ള കളിസ്ഥലവും പൊതുവേ കുറവാണ്. പഞ്ചായത്തിന്റെ ഗ്രൗണ്ടും മിനിസ്റ്റേഡിയവും ഫുട്ബോൾ, ക്രിക്കറ്റ് കളികൾക്ക് പ്രയോജനപ്പെടുത്തുന്നുണ്ട്.

വയനശാല-ഗ്രന്ഥശാല സാക്ഷരതാതുടർപ്രവർത്തനങ്ങൾ എന്നീ മേഖലയിൽ നമുക്ക് വേണ്ടത്ര മുന്നേറാൻകഴിഞ്ഞിട്ടില്ല. രണ്ടു ജനവിദ്യാകേന്ദ്രങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം മെച്ചപ്പെട്ടവയല്ല.

മൂന്നു ഗ്രന്ഥശാലകൾക്കേ അഫിലിയേഷനും ഗ്രാന്റും ലഭിച്ചിട്ടുള്ളൂ. അതിൽ ഒരു ഗ്രന്ഥാലയത്തിനു സ്വന്തം കെട്ടിടവുമില്ല. വായനശാലകളെക്കുറിച്ചും ഗ്രന്ഥശാലകളെക്കുറിച്ചുമുള്ള വിവരങ്ങൾ ക്രമത്തിൽ പട്ടിക 4-ലും 5-ലും പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ മാതൃഭൂമി, മലയാളമനോരമ, ദേശാഭിമാനി, ചന്ദ്രിക, സിറാജ്, മാധ്യമം, കേരളകൗമുദി, മലയാളമണ്ണ്, ജന്മഭൂമി എന്നിവയ്ക്കു പുറമേ രാഷ്ട്രദീപിക, സുദിനം തുടങ്ങിയ സായാഹ്നപത്രങ്ങളും ഏതാനും ഇംഗ്ലീഷ് പത്രങ്ങളും പ്രചാരത്തിലുണ്ട്.

ഗ്രന്ഥശാലകളിലെ പുസ്തകങ്ങളുടെ ഗുണനിലവാരം പൊതുവേ മോശമല്ലെങ്കിലും വാങ്ങുന്ന പുസ്തകങ്ങളുടെ സംഖ്യാപരമായ വർധനവ് വളരെ കുറവാണ്. വനിതാവായനശാലകളുടെ അഭാവംമൂലം സ്ത്രീവായന കുറയാൻ ഇടയാക്കുന്ന അവസ്ഥ നമ്മുടെ പഞ്ചായത്തിലുണ്ട്. ഗ്രാമീണപുസ്തകവിതരണപദ്ധതി രൂപത്തിലുള്ള പരിപാടികളും ഇല്ല.

പ്രശ്നങ്ങൾ

1. പുരുഷ സാക്ഷരത 74.73%വും സ്ത്രീ സാക്ഷരത 81.75%വുമാണ്.
2. വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പൊതു അവസ്ഥ ശോചനീയമാണ്. പ്രവർത്തനം സജീവമല്ല.
3. വായനയുടെ ആവശ്യകത ബോധ്യപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങൾ എല്ലാ ഗ്രന്ഥാലയങ്ങളും നടത്തിക്കാണുന്നില്ല.
4. പഞ്ചായത്തിലെ 2 സി.ആർ.സികൾ തീരെ പ്രവർത്തനക്ഷമമല്ല.
5. കമ്പിലങ്ങാടിയിലെ പഞ്ചായത്ത് വായനശാല വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
6. കൊളച്ചേരിപറമ്പിലെ പഞ്ചായത്ത് വായനശാലയോട് ചേർന്ന് ഗ്രന്ഥാലയമില്ല.

7. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനവും തുടർസാക്ഷരതാ പ്രവർത്തനങ്ങളും ആശാവഹമല്ല. ദേശീയ സാക്ഷരതാമിഷൻ ജനശിക്ഷണനിലയങ്ങൾക്ക് നൽകുന്ന ഗ്രാന്റ് ജനവിദ്യാകേന്ദ്രങ്ങൾക്കു നൽകുന്നില്ല.
8. പ്രൈമറി സ്കൂളുകളുടെ ലൈബ്രറിപ്രവർത്തനം നല്ല രീതിയിലല്ല.
9. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരണം വായനയെയും കുട്ടികളുടെ പഠനത്തെയും ബാധിക്കുന്നുണ്ട്.
10. തെയ്യം പോലുള്ള കലാരൂപങ്ങൾ സംരക്ഷിക്കാൻ വേണ്ട സംവിധാനങ്ങൾ ഇല്ല.
11. കലാ-കായിക സമിതികൾ നാടൻകളികളെയും കലകളെയും വേണ്ടത്ര പ്രോത്സാഹിപ്പിക്കുന്നില്ല.
12. കളരി, ജിംനേഷ്യം തുടങ്ങിയവയുടെ അഭാവം ഉണ്ട്.
13. പ്രൈമറി സ്കൂളുകളോട് ചേർന്ന് കളിസ്ഥലം പൊതുവേ കുറവാണ്.
14. വിവാഹധൂർത്തും പാർപ്പിട ധൂർത്തും കൂടിവരുന്ന അവസ്ഥയാണ്.
15. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം ചെറുപ്പക്കാരിൽ വ്യാപകമായി കണ്ടുവരുന്നത് ഖേദകരമാണ്.
16. ശക്തമായ ഉപഭോക്തൃപ്രസ്ഥാനം ഈ പഞ്ചായത്തിലില്ല.
17. പറശിനിയുമായി ബന്ധപ്പെടുത്തി സന്ദർശകരെ ആകർഷിക്കാൻ പറ്റിയതരത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ നിലവിലില്ല.

സാധ്യതകൾ

1. ഓരോ വാർഡിലും ഓരോ വായനശാലയും ഗ്രന്ഥാലയവും സ്ഥാപിക്കുകയും പ്രചാരത്തിലുള്ള എല്ലാ പത്രമാസികകളും ഇവയ്ക്ക് അനുവദിക്കുകയും ചെയ്യുക. സ്ത്രീകൾക്ക് പ്രത്യേകമായി അംഗൻവാടികളോട് ചേർന്ന് വനിതാ ഗ്രന്ഥാലയങ്ങൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.
2. സി.ആർ.സി. വായനശാല കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കി ഗ്രന്ഥശാലാപ്രവർത്തനം ആരംഭിക്കുക.
3. കമ്പിൽ പഞ്ചായത്ത് വായനശാലയ്ക്ക് സ്വന്തം കെട്ടിടം നിർമിച്ച് ഗ്രന്ഥാലയമായി ഉയർത്തുക.
4. ജനവിദ്യാകേന്ദ്രങ്ങളെ ജനശിക്ഷണ നിലയങ്ങളാക്കി മാറ്റി ദേശീയസാക്ഷരതാ മിഷനിൽനിന്നുള്ള സഹായധനം ലഭ്യമാക്കുക.
5. ഗ്രാമീണ പുസ്തകവിതരണ പദ്ധതി പോലുള്ള പുസ്തകവിതരണം നടത്താൻ ഗ്രന്ഥശാലകൾക്ക് സഹായം നൽകുക. വിവിധ പുസ്തകങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഗ്രന്ഥാലയങ്ങൾ കൂട്ടായി നടത്തുക.
6. ടെലിവിഷൻ, റേഡിയോ സെറ്റുകൾ ഇല്ലാത്തതും സ്വന്തമായി കെട്ടിടമുള്ളവയുമായ വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും ക്ലബുകൾക്കും റേഡിയോ, ടിവി, എന്നിവ അനുവദിക്കുക. ഇവയുടെ ദുരുപയോഗം തടയാൻ വ്യാപകമായ ബോധവൽക്കരണം നടത്തുക.
7. മനുഷ്യന്റെ ആരോഗ്യത്തിനു ഹാനികരമായതും അശ്ലീലമുള്ളതുമായ പരസ്യങ്ങളും പരിപാടികളും ടെലിവിഷൻ, റേഡിയോ എന്നിവയിൽ നിന്നും നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.
8. തെയ്യം പോലുള്ള കലാരൂപങ്ങൾ നിലനിറുത്തുന്നതിലേക്കായി ട്രസ്റ്റ് രൂപത്തിൽ ഒരു സംഘടനയുണ്ടാക്കി പ്രവർത്തനഫണ്ട് അനുവദിക്കുക.
9. നാടൻപാട്ടുകൾ, നാട്ടറിവുകൾ, നാടൻകളികൾ, നാടൻകലകൾ എന്നിവ സംരക്ഷിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. കേരളോത്സവങ്ങളിൽ ഇവയ്ക്ക് പ്രാമുഖ്യം നൽകുക. ഇവയെ പ്രോത്സാഹിപ്പിക്കാൻ പരിശീലനം സംഘടിപ്പിക്കുക.
10. കലാ-സാംസ്കാരിക-കായിക സമിതികളുടെ ഒരു കോ- ഓർഡിനേഷൻ പഞ്ചായത്ത്തലത്തിൽ ഉണ്ടാക്കി കൂട്ടായ സന്നദ്ധപ്രവർത്തനത്തിന് വേദിയൊരുക്കുക.
11. സ്ത്രീകൾക്കായി പ്രത്യേകം സാമൂഹ്യവിനോദകേന്ദ്രങ്ങൾ സ്ഥാപിക്കുക.
12. വിഷ്ണുഭാരതീയന്റെ നാമധേയത്തിൽ നണിയൂർതിലക് പാർക്കിനു മുകൾഭാഗത്തായി പഴശി പദ്ധതിയുടെ പുറമ്പോക്ക് ഭൂമിയിൽ നല്ല ഒരു ഓഡിറ്റോറിയം സ്ഥാപിക്കുക.
13. പഞ്ചായത്തിൽ കളരി, ജിംനേഷ്യം, കരാട്ടേ ഇവയുടെ ഓരോ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുക.
14. I, II, X വാർഡുകൾക്കും IV, V വാർഡുകൾക്കും പ്രയോജനപ്പെടുമാറ് രണ്ടു കളിസ്ഥലങ്ങൾ നിർമിക്കുക.
15. വിവാഹധൂർത്ത് ഒഴിവാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക. 16. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരേ ബോധവൽക്കരണം നടത്തുക.
17. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉപഭോക്തൃസമിതി രൂപീകരിച്ചു പ്രവർത്തനസൗകര്യം ഏർപ്പെടുത്തുക.
18. പറശിനിക്കടവുമായി ബന്ധപ്പെടുത്തി തീരപ്രദേശത്തെ പുറമ്പോക്ക് സ്ഥലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കുകയും ഉല്ലാസബോട്ടുകൾ സർവീസ് നടത്തുകയും ചെയ്യുക.

പട്ടിക-1

ആരാധനാലയങ്ങൾ

ക്രമനമ്പ്	വാർഡ്	പേര്
1	I	വേട്ടക്കൊരുമകൻ ക്ഷേത്രം
2.	I	ചാലോട്ട് ക്ഷേത്രം
3	I	കാരയാപ്പ് ജുമാ മസ്ജിദ്
4	I	കയ്യങ്കോട്ട് ജുമാ മസ്ജിദ്
5	I	കയ്യങ്കോട്ട് സിദ്ദിഖ് പള്ളി
6	I	തുരുത്തിയിൽ പള്ളി
7	I	മുക്കിൽ ബസാറിലെ ബദർപള്ളി
8	II	നൂഞ്ഞേരി ജുമാ മസ്ജിദ്
9	II	താഴത്തെവീട്ടിൽ സ്രാമ്പി
10	I	ശാസ്താംകോട്ടക്കാവ്
11	II	പുതിയടത്ത്കാവ്
12	II	പുലയർകോട്ടം
13	III	സുബ്രഹ്മണ്യസ്വാമി ക്ഷേത്രം
14	III	അയ്യപ്പൻ ക്ഷേത്രം
15	III	ചന്ദ്രോത്ത്കണ്ടി മഠപ്പുര
16	III	ഇടക്കൈ മുത്തപ്പൻക്ഷേത്രം
17	III	മരുതിയോട്ട് തോട്ടുമ്മൽ ഭഗവതിക്ഷേത്രം
18	III	കളരി ഭഗവതിക്ഷേത്രം
19	III	ശാദുലിപ്പള്ളി
20	IV	മൂരിയത്ത് ജുമായത്ത് പള്ളി
21	IV	ഉറുമ്പിയിൽ ബദർ പള്ളി
22	IV	കോടിപ്പൊയിൽ രിഫാ ഇൻ സ്രാമ്പി
23	IV	കോടിപ്പൊയിൽ സിദ്ദിഖ് പള്ളി
24	V	ആലുംകുണ്ട് മുത്തപ്പൻക്ഷേത്രം
25	V	ഉരക്കുഴിപ്പാറ പുതിയഭഗവതി ക്ഷേത്രം
26	V	വേട്ടക്കൊരു മകൻ ക്ഷേത്രം
27	V	ആശാരിക്കോട്ടം
28	V	രിഫാ ഇൻ പള്ളി
29	V	ചേലേരി ജുമാ മസ്ജിദ്
30	VI	കൈപ്രത്ത് പൊട്ടൻതിറ
31	VI	നണിയൂർപാടി
32	VI	കമ്പിൽ മൈതാനിപ്പള്ളി
33	VI	പന്ന്യങ്കണ്ടി ജുമാ മസ്ജിദ്
34	VI	പന്ന്യങ്കണ്ടി ജുമാത്ത് പള്ളി
35	VI	കമ്പിൽ രിഫാ ഇൻ മസ്ജിദ്
36	VI	കമ്പിൽ ജുമാ മസ്ജിദ്
37	VII	നാലാംപീടിക പള്ളി
38	VIII	പാട്ടയം ജുമാ മസ്ജിദ്
39	VIII	കൂറുമ്പക്കാവ്
40	VIII	പാമ്പുരുത്തിപള്ളി
41	VIII	മുഹിയിദ്ദീൻ പള്ളി
42	VIII	ബദർ പള്ളി
43	IX	ചാത്തമ്പള്ളിക്കാവ്
44	IX	കരുമാരത്തില്ലം മേലൂർ മഠപ്പുര
45	IX	കോട്ടമല അമ്പലം
46	IX	പുന്നോത്ത് അമ്പലം
47	IX	ഊട്ടുപുറം അമ്പലം
48	IX	പുതിയ ഭഗവതികാവ്
49	IX	കരിങ്കൽക്കുഴി അയ്യപ്പൻമഠം
50	IX	നണിയൂർ ദുർഗാഭഗവതിക്ഷേത്രം
51	IX	പാടിയിൽപടി
52	X	ദാലിൽ പള്ളി
53	X	വടക്കേമൊട്ട ബദർപള്ളി
54	X	ജലാലിയ മസ്ജിദ്
55	X	പടപ്പക്കടവ് പള്ളി
56	X	ഈശാനമംഗലം ക്ഷേത്രം
57	X	തട്ടാൻകാവ്

പട്ടിക -2

സാമുദായിക സംഘടനകൾ

ക്രമനമ്പർ	വാർഡ്	പേര്	പ്രവർത്തനങ്ങൾ
1	VI	ലത്വീഫിയാ ഇസ്ലാമിക്സെന്റർ, കമ്പിൽ	യത്തീംഖാന, മെഡിക്കൽ സെന്റർ, ആശുപത്രി.
2	VI	സനാതന ധർമ പരിപാലനസംഘം, കമ്പിൽ	നവരാത്രി ആഘോഷം.
3	VI	ദാറുൽ ഹാസനാത്തുൽ ഇസ്ലാമിയ കോംപ്ലക്സ് പന്ന്യങ്കണ്ടി	അറബിക് കോളജ് വനിതാ യത്തീംഖാന.
4	III	വളവിൽ ചേലേരി വയൽതിറ സംഘം	ആരോഗ്യപരിപാലനം, സാമൂഹ്യപരിഷ്കരണം, നാടൻകലാപരിപോഷണം.
5	I	മജിലിസ്ദ് അവ്വത്തിൽ ഇസ്ലാമിയ കയ്യങ്കോട്	വിദ്യാഭ്യാസപ്രവർത്തനം, സാമൂഹ്യപരിഷ്കരണം.
6	II	ഹരിജൻ കോളനി കോൽക്കളിസംഘം	സാമൂഹ്യപരിഷ്കരണം, കോൽക്കളി പരിശീലനം അവതരണം.

പട്ടിക –3

ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പ്‌	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	കെട്ടിടം	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പുസ്തക വിതരണം (പ്രതിമാസം)	ദിനപ്പത്രങ്ങളുടെ എണ്ണം	ആനുകാലികങ്ങളുടെ എണ്ണം	അനുബന്ധപ്രവർത്തനങ്ങൾ
1	വിദ്യാഭിവർദ്ധിനി വായനശാല ആന്റ് ഗ്രന്ഥാലയം, നണിയൂർ	1940	ബി.	സ്വന്തം	5233	1000	7	13	തുടർസാക്ഷരതാപ്രവർത്തനം. നവസാക്ഷര പുസ്തക കോർണർ, കൃഷി പുസ്തക കോർണർ, ശിശുവിഭാഗം.
2	കയ്യൂർ സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം, കൊളച്ചേരി	1943	ഇ.	''	2600	400	4	7	നവസാക്ഷരപുസ്തക കോർണർ, കൃഷി പുസ്തകകോർണർ.
3	മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം, ചേലേരി.	1946	എഫ്	വാടക	1401	200	5	8	തുടർസാക്ഷരതാപ്രവർത്തനം, നവസാക്ഷര പുസ്തക കോർണർ,
4	എ.അപ്പുവൈദ്യർ സ്മാരകവായനശാല ആന്റ് ഗ്രന്ഥാലയം, ചേലേരി.	1993	''	സ്വന്തം	1200	250	6	8	അന്ധതാനിവാരണപ്രവർത്തനം, സൗജന്യ ട്യൂഷൻസെന്റർ.
5	എ.കെ.ജി. സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം, കൊളച്ചേരിപ്പറമ്പ്.	1990	''	സ്വന്തം	1200	500	2	3	കലാകായിക സമിതിപ്രവർത്തനം
6	നേതാജി സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം, ചേലേരി	1996	''	വാടക	800	200	8	10	നേതാജി സ്മാരക സിനിമാപ്രദർശനം
7	പ്രഭാത് വായനശാല ആന്റ് ഗ്രന്ഥാലയം വളവിൽ ചേലേരി.	1952	''	സ്വന്തം	600	200	2	2	സെമിനാർ, ഫിലിംഷോ, സൗജന്യ ട്യൂഷൻ സെന്റർ, തുടർസാക്ഷരതാപ്രവർത്തനം.
8	യുവചേതന വായനശാല ആന്റ് ഗ്രന്ഥാലയം, കൊളച്ചേരിപ്പറമ്പ്	1996	''	വാടക	200	--	1	–	ഫിലിംഷോ, സ്റ്റാമ്പ് നിർണയ–കറൻസി പ്രദർശനം, അന്ധതാനിവാരണ പ്രവർത്തനങ്ങൾ.
9	ജെ.പി. സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം, നാലാംപീടിക.	1988	''	''	1000	30	5	–	പ്രതിരോധകുത്തിവെപ്പും ആരോഗ്യ പ്രവർത്തനങ്ങളും. അന്ധതാനിവാരണ പ്രവർത്തനങ്ങൾ.
10	ചേലേരി കലാസാംസ്കാരികകേന്ദ്രം വായനശാല ആന്റ് ഗ്രന്ഥാലയം, ചേലേരി.	1991	''	''	500	25	5	2	കിസ്മത്സരം, ശുചീകരണപ്രവർത്തനം, ആരോഗ്യപ്രവർത്തനം.
11	ഒ.ഖാലിദ് മെമ്മോറിയൽ വായനശാല ആന്റ് ഗ്രന്ഥാലയം, പള്ളിപ്പറമ്പ്	1996	''	''	–	--	5	7	--
12	അൽ–അമീൻ വായനശാല ആന്റ് ഗ്രന്ഥാലയം, കയ്യങ്കോട്.	1996	''	''	150	--	2	–	--

പട്ടിക -4

കലാ - കായിക സമിതികൾ

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	കെട്ടിടം സ്വന്തമാണോ	രജിസ്ട്രേഡ് സംഘടനയാണോ	മുഖ്യപ്രവർത്തനങ്ങൾ
1	ഭാവന സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്, കരിങ്കൽക്കുഴി	1980	75	അല്ല	അതെ	ഗ്രാമീണ കലാകായികമേള, റോഡുകൾ നിർമാണം റിപ്പേർ-ശ്രമദാനം, ദേശീയോത്സവങ്ങൾ, ഓണാഘോഷങ്ങൾ, നാടകാവതരണം, കമ്പവലി, കാരംസ് മത്സരങ്ങൾ.
2	കെ.എസ്.ആന്റ്.എ.സി., കരിങ്കൽകുഴി	1975	60	,,	അതെ. സംഗീത നാടക അക്കാഡമി നെഹ്രു യുവക്കേന്ദ്ര അഫിലിയേഷൻ	കലാ-കായിക മത്സരങ്ങൾ, പരിശീലനം, സാംസ്കാരിക പ്രഭാഷണം, സെമിനാറുകൾ, ദേശീയദിനാചരണം, വനിതാവേദി പ്രവർത്തനം, സാമൂഹ്യവനവൽക്കരണം, പരിസ്ഥിതി സംരക്ഷണം, റോഡ്, കിണർ, കുളം നിർമാണം, ശുചീകരണം-ശ്രമദാനം, ജനകീയപ്രശ്നങ്ങളിൽ ഇടപെടൽ.
3	യൂവധാര തിയറ്റേഴ്സ്, കൊളച്ചേരി	1984	56	,,	അതെ. സംഗീത നാടക അക്കാഡമി അഫിലിയേഷൻ	ദേശീയദിനാഘോഷങ്ങൾ, നാടകപഠന ക്യാമ്പ്, നാടകാവതരണം, ബാലവേദിപ്രവർത്തനം, തെരുവുനാടകങ്ങൾ അവതരണം.
4	സംഘമിത്ര കലാ-സാംസ്കാരികകേന്ദ്രം, കമ്പിൽ	1994	35	,,	,,	കലാമത്സരങ്ങൾ, ഓണാഘോഷത്തോടനുബന്ധിച്ച് പൂക്കളമത്സരം, കാരംസ് മത്സരം, നാടകാവതരണം, രക്തപരിശോധനയും രക്തദാനസേനയും പ്രഭാഷണങ്ങൾ.
5	നാഷണൽ സ്പോർട്സ് ആന്റ് ആർട്സ് ക്ലബ് കമ്പിൽ	1982	19	,,	,,	ദേശീയദിനാഘോഷങ്ങൾ, പാവപ്പെട്ടവർക്ക് സാമ്പത്തികസഹായം, സ്കൂളുകളിൽ മെരിറ്റ് സ്കോളർഷിപ്പ് വിതരണം, ഒറ്റമൂലി ചികിത്സാക്യാമ്പ്, സാക്ഷരതാപ്രവർത്തനം, വെയിറ്റിംഗ് ഷെൽട്ടർ നിർമാണം.
6	മോയിൻകുട്ടി വൈദ്യർ സ്മാരക കലാസാംസ്കാരികകേന്ദ്രം, കമ്പിൽ	1995	21	,,	അല്ല	കോൽക്കളി, ദഫ്, ഗാനമേള-പരിശീലനം, അവതരണം കലാ- സാഹിത്യമത്സരങ്ങൾ
7	പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ്, കൊളച്ചേരിപ്പറമ്പ്	1994	28	,,	അതെ നെഹ്റു യുവക്കേന്ദ്ര അഫിലിയേഷൻ	എയ്ഡ്സ് ബോധവൽക്കരണം, മാജിക്ഷോ, രക്തഗ്രൂപ്പ് നിർണയം, രക്തദാനസേന, ഓണാഘോഷ പരിപാടികൾ, കലാ-കായികമത്സരങ്ങൾ.

8	റഡ്സ്റ്റാർ സ്പോർട്സ് & ആർട്സ് ക്ലബ്, കൊളച്ചേരിപ്പറമ്പ്	1984	31	സ്വന്തം	അതെ	രക്തദാനസേന, ഓണാഘോഷം, വാർഷികാഘോഷം കലാ- കായികമത്സരങ്ങൾ
9	പ്രിയദർശിനി കലാ-സാംസ്കാരികവേദി, ചേലേരി.	1982	43	,,	അല്ല	ഓണാഘോഷം, ഘോഷയാത്ര, പൂക്കളമത്സരം, സാംസ്കാരിക- മതസൗഹാർദസമ്മേളനങ്ങൾ, ദേശീയ ദിനാഘോഷം, കലാ-സാഹിത്യമത്സരങ്ങൾ.
10	ബ്ലൂസ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്, കൊളച്ചേരിപ്പറമ്പ്	1989	30	അല്ല	അതെ	ദേശീയദിനാഘോഷങ്ങൾ, കലാ-കായിക മത്സരങ്ങൾ, വാർഷികാഘോഷം.
11	യുവശക്തി സ്പോർട്സ് & ആർട്സ് ക്ലബ്, വളവിൽ ചേലേരി.	1990	35	,,	,,	കലാകായിക മത്സരങ്ങൾ, വാർഷികാഘോഷങ്ങൾ, ഗെയിംസ് മത്സരം പരിശീലനം.
12	പൈസാക്ക്, പെരുമാച്ചേരി	1978	30	,,	അല്ല	വാർഷികാഘോഷങ്ങൾ
13	സി.എച്ച്.മുഹമ്മദുകോയ സ്മാരക കൾച്ചറൽസൊസൈറ്റി, പള്ളിപ്പറമ്പ്	1991	180	,,	അതെ	നഴ്സറി സ്കൂൾ, വായനശാല, ആരോഗ്യ പ്രവർത്തനങ്ങൾ, വാർഷികാഘോഷങ്ങൾ സബ്സെന്ററിനു പുതിയ കെട്ടിടം സ്ഥാപിക്കാൻ സ്ഥലം അനുവദിച്ചിട്ടുണ്ട്.
14	ജനശക്തി, കൊളച്ചേരി	1998	24	,,	അല്ല	വാർഷികാഘോഷങ്ങൾ
15	ത്രിവർണ യൂത്ത് സെന്റർ, പെരുമാച്ചേരി	1984	50	,,	,,	ദേശീയ ദിനാഘോഷങ്ങൾ
16	മുഹമ്മദ് ഇഖ്ബാൽ സ്പോർട്സ് ക്ലബ്, പള്ളിപ്പറമ്പ്	1988	25	,,	,,	,,
17	പ്രിയദർശിനി യൂത്ത് സെന്റർ, പള്ളിപ്പറമ്പ്	1991	24	,,	,,	,,

വനിതാക്ഷേമം



1991 ലെ സെൻസസ് പ്രകാരം കൊളച്ചേരി പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 23053 ആണ്. ഇതിൽ 11163 പുരുഷന്മാരും 11890 സ്ത്രീകളുമാണ്. സ്ത്രീപുരുഷ അനുപാതം 1065:1000 മൊത്തം ജനസംഖ്യയിൽ 1408 പട്ടികജാതിക്കാരും 2 പട്ടികവർഗ്ഗക്കാരുമുണ്ട്. പാരമ്പര്യമായി കാർഷികമേഖലയിലാണ് കൂടുതലായും സ്ത്രീകൾ ജോലിയിലേർപ്പെട്ടിരിക്കുന്നത്. എന്നാൽ സമീപകാലത്തായി നെൽവയലുകൾ നികത്തി കെട്ടിടങ്ങളാക്കുകയും തെങ്ങിൻതോപ്പുകൾ വെച്ചുപിടിപ്പിക്കുകയുംമറ്റും ചെയ്യുന്നതിനാൽ സ്ത്രീകളുടെ തൊഴിൽലഭ്യത കുറഞ്ഞുവരികയാണ്. നേരത്തേ അഞ്ഞൂറോളം കുടുംബാംഗങ്ങൾ നെയ്ത്ത് ജോലിയിലേർപ്പെട്ട് കുടുംബം പുലർത്തുന്നവരുണ്ടായിരുന്നു. അന്ന് നെയ്ത്ത് വ്യവസായവുമായി ബന്ധപ്പെട്ടുള്ള ഉപതൊഴിലുകളിൽ ധാരാളം സ്ത്രീകൾ ജോലിചെയ്തിരുന്നു. നെയ്ത്ത് വ്യവസായത്തിന് പിന്നോട്ടടിവന്നപ്പോൾ ആ മേഖലയിലും സ്ത്രീകളുടെ തൊഴിൽസാധ്യത കുറഞ്ഞു. വസ്ത്രനിർമാണരംഗത്ത് സമീപകാലത്തായി ഉയർന്നുവന്ന ചില യൂണിറ്റുകളിൽ സ്ത്രീകൾ ജോലിചെയ്യുന്നുണ്ട്. എന്നാൽ നാമമാത്രമായ പ്രതിഫലമാണ് അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. കാർഷികമേഖലയിലെ സ്ത്രീകളുടെ തൊഴിലവസരം നഷ്ടപ്പെട്ടപ്പോൾ നിർമ്മാണരംഗത്താണ് സ്ത്രീകൾ തൊഴിൽ കണ്ടെത്തുന്നത്. ചെറിയ കുടുംബം എന്ന ആശയം പ്രാവർത്തികമാവുകയും ചെറിയപ്രായത്തിൽത്തന്നെ വീട്വച്ച് താമസിക്കാൻ അവസരം ഉണ്ടാവുകയും ചെയ്തപ്പോൾ സ്ത്രീകൾ പൊതുവേ ഗൃഹഭരണത്തിൽ ഒതുങ്ങിക്കഴിയുന്ന അവസ്ഥയുണ്ടായി. സ്ത്രീകളുടെ പദവി ഉയർത്തുക എന്നുപറഞ്ഞാൽ അതിനർത്ഥം അവർക്ക് സ്വന്തമായി സ്ഥിരമായ തൊഴിലും വരുമാനവുമുണ്ടാകുക എന്നതാണ്. സ്വന്തമായി തൊഴിലും വരുമാനവുമില്ലാത്ത വിദ്യാഭ്യാസമുള്ളവരും അല്ലാത്തവരുമായ പെൺകുട്ടികൾ വിവാഹകമ്പോളത്തിൽ പിന്തള്ളപ്പെടുകയും സ്ത്രീധനം വിവിധ രൂപങ്ങളിൽ വ്യാപകമാവുകയും ചെയ്യുകയാണ്. സ്ത്രീധനത്തിന്റെപേരിലുള്ള സ്ത്രീപീഡനവും വിവാഹമോചനവും സമീപകാലത്തായി വർധിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ പ്രധാനതൊഴിൽമേഖലയിൽ സ്ത്രീ-പുരുഷ പങ്കാളിത്തം എതാണ്ട് ഇങ്ങനെയാണ്. കാർഷികമേഖലയിൽ 834 പുരുഷന്മാർ ജോലിചെയ്യുമ്പോൾ സ്ത്രീകൾ 593-ഉം നിർമാണരംഗത്ത് 300-ഓളം പുരുഷന്മാരും 200-ഓളം സ്ത്രീകളും തൊഴിലെടുക്കുന്നു.

സ്കൂൾതലത്തിൽ പരിശോധിക്കുമ്പോൾ പെൺകുട്ടികളാണ് കൂടുതലെങ്കിലും ഉപരവിദ്യാഭ്യാസകാര്യത്തിൽ പെൺകുട്ടികൾ പിറകിലാണ്. പഞ്ചായത്തിൽ

രണ്ട് പ്രൈമറിഹെൽത്ത് സെന്ററുകളും,മൂന്ന് സബ്സെന്ററുകളും ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നു. 23 അംഗൻവാടികൾക്കുപുറമേ ഗ്രാമപഞ്ചായത്തിന്റെതായി ഒരു ശിശുമന്ദിരവും രണ്ട് സ്വകാര്യ നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് അതിർത്തിയിലെ അഞ്ചുവയസിനുതാഴെയുള്ള 2,400ഓളം കുട്ടികളിൽ 950-ഓളം കുട്ടികൾക്കുമാത്രമാണ് പോഷകാഹാരം ലഭിക്കുന്നത്. പഞ്ചായത്തിൽ ഒരുവർഷക്കാലമുണ്ടാകുന്ന ഏതാണ്ട് ഇരുനൂറോളം ഗർഭിണികളിൽ നൂറിൽതാഴെപേർമാത്രമേ അംഗൻവാടികൾമുഖേനയുള്ള പോഷകാഹാരവിതരണം പ്രയോജനപ്പെടുത്തുന്നുള്ളൂ. ഇരുനൂറിലധികം മുലയൂട്ടുന്ന അമ്മമാരുള്ളതിൽ 90-ഓളം പേർക്ക് പോഷകാഹാരം ലഭിക്കുന്നു. ഗർഭിണികളും കുട്ടികളും പ്രതിരോധകുത്തിവയ്പ് നടത്തുന്നതിൽ 80% മാത്രമേ ലക്ഷ്യം കൈവരിക്കുന്നുള്ളൂ. ശക്തമായ പ്രചരണവും പ്രേരണയും കൊണ്ട് മാത്രമേ മുഴുവൻ കുട്ടികളെയും ഗർഭിണികളെയും പ്രതിരോധകുത്തിവയ്പിന് വിധേയമാക്കാൻ കഴിയുകയുള്ളൂ. രണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്കും സ്വന്തം കെട്ടിടങ്ങളുണ്ടെങ്കിലും ആവശ്യമായ സൗകര്യങ്ങളില്ല. ചേലേരി പി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ലാത്തതും പാമ്പുരുത്തി പി.എച്ച്.സിയിൽ സ്ഥിരമായി ഡോക്ടറില്ലാത്തതും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഒരുപാട് പ്രയാസങ്ങളുണ്ടാകുന്നു. മൂന്ന് സെന്ററുകളിൽ കരിങ്കൽക്കുഴിയിൽ പ്രവർത്തിക്കുന്നതിനുമാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ആ കെട്ടിടം തന്നെ ശോചനീയാവസ്ഥിയലാണ്. മറ്റ് രണ്ട് സബ്സെന്ററുകളും പ്രവർത്തിക്കുന്നത് ഇടുങ്ങിയ വാടകമുറിയിലാണ്.

പഞ്ചായത്തിലെ 23 അംഗൻവാടികളിൽ നാല്എണ്ണത്തിനും, ഒരു ശിശുമന്ദിരത്തിനും മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. മറ്റുള്ള അംഗൻവാടികൾ എല്ലാം പ്രവർത്തിക്കുന്നത് താൽക്കാലികമായി സംഘടിപ്പിച്ച വാടകമുറികളാണ് പ്രവർത്തിക്കുന്നത്. 23 അംഗൻവാടികളിലും ആവശ്യത്തിന് ഫർണിച്ചറുകളോ, കളിക്കോപ്പുകളോ മറ്റു സൗകര്യങ്ങളോ ഇല്ല.

ഗവൺമെന്റ് നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഐ.ആർ.ഡി.പി. പദ്ധതി. ഐ.ആർ.ഡി.പി. സർവേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെക്കഴിയുന്ന ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ 194 പേർ എസ്. സി./എസ്.ടി വിഭാഗത്തിലുള്ളവരാണ്. ഈ കുടുംബങ്ങളിൽ 192 എസ്. സി./എസ്.ടി.കുടുംബങ്ങൾ ഉൾപ്പെടെ ഇതിനകം 552 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുകയുണ്ടായി. എന്നാൽ ഈ സാമ്പത്തികസഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും സംരംഭങ്ങളിൽ ഏർപ്പെടുത്തുകയും സ്ഥിരമായി തൊഴിലും, വരുമാനവും ഉണ്ടാക്കുന്നവർ കുറവാണ്. ഗവൺമെന്റ് പദ്ധതികൾ സംബന്ധിച്ചുള്ള വ്യക്തമായ ധാരണയില്ലായ്മയും സാഹചര്യങ്ങളുടെ പ്രതികൂലകാലാവസ്ഥയുമാണ് ഈയൊരവസ്ഥ ഉണ്ടാക്കുന്നത്. ഐ.ആർ.ഡി.പി. ധനസഹായം ഉപയോഗപ്പടുത്തി ഏതെങ്കിലും സംരംഭങ്ങൾ ആരംഭിച്ചാൽ അതുവഴി ഉണ്ടാക്കുന്ന ഉൽപന്നങ്ങളുടെ വിപണനം ഇന്നൊരു പ്രശ്നംതന്നെയാണ്.

ട്രൈസം

ട്രൈസം പദ്ധതിപ്രകാരം 33 ആളുകൾക്ക് തൊഴിൽപരിശീലനം ലഭിച്ചിട്ടുണ്ടെങ്കിലും ഇതിൽ 18 ആളുകൾ മാത്രമാണ് പരിശീലനം ഉപയോഗപ്പെടുത്തി തൊഴിൽനേടിയിട്ടുള്ളത്.

DWCRA

DWCRA പദ്ധതിപ്രകാരം പഞ്ചായത്തിനകത്ത് സ്ത്രീകളുടേത് മാത്രമായ മൂന്ന് യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ മൂന്ന് യൂണിറ്റുകളിലുമായി 24 ആളുകൾ ഇപ്പോൾ ജോലിചെയ്തുകൊണ്ടിരിക്കുന്നുണ്ട്. സ്ത്രീകൾക്ക് തൊഴിലവസരം ഉണ്ടാക്കാനും അവരെ സ്വയംപര്യാപ്തതയിലേക്ക് നയിക്കാനും ഉതകുന്ന ഒരു പദ്ധതിയാണിത്.

പെൻഷനുകൾ

അഗതികളും അശരണരുമായ ആളുകൾക്ക് ഗവൺമെന്റ് അനുവദിക്കുന്ന കർഷകത്തൊഴിലാളി, അഗതി, വിധവാപെൻഷൻ, വികലാംഗപെൻഷൻ തുടങ്ങിയ സാമൂഹ്യസേവന പദ്ധതികൾ ഇനിയും നിരവധി അർഹരായിട്ടുള്ള ആളുകൾക്ക് ഈ ആനുകൂല്യം കിട്ടേണ്ടതായിട്ടുണ്ട്. മാത്രമല്ല ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷൻതുകതന്നെ കാലാനുസൃതമായി വർധിപ്പിക്കുകയും പെൻഷൻവ്യവസ്ഥകൾ ഉദാരമാക്കുകയും വേണം.

നിർദേശങ്ങൾ

1. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ ഉപരിവിദ്യാഭ്യാസത്തിന് പോകാത്ത ഒരു അവസ്ഥ നിലവിലുണ്ട്. ഉപരിവിദ്യാഭ്യാസം നേടിയാലും ജോലി ലഭിക്കാനുള്ള സാധ്യതക്കുറവാണ്. ഇതിനുകാരണം ഇത് പരിഹരിക്കാൻ സ്ത്രീകൾക്ക് ഉദ്യോഗങ്ങളിൽ സംവരണം നടപ്പാക്കണം.

2. ഐ.ആർ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീകൾക്കുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ഒരു വാർഡിൽ രണ്ട് എന്നതോതിൽ സ്ഥാപിക്കുകയും ഇത്തരം സംരംഭങ്ങൾക്ക് 50% സബ്സിഡി അനുവദിക്കുകയും വേണം.
3. D.W.C.R.A. സ്കീം അനുസരിച്ച് വാർഡിൽ ഒന്നു വീതം വനിതകളുടെ വസ്ത്രനിർമാണയൂണിറ്റ് അനുവദിക്കണം.
4. D.W.C.R.A. സ്കീം അനുസരിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പലഹാരനിർമ്മാണം, കരിങ്കൽ ജില്ലിനിർമ്മാണം, ആടുവളർത്തൽ, കോഴിവളർത്തൽ, കൂൺകൃഷി എന്നീ യൂണിറ്റുകൾ സ്ഥാപിക്കുക.
5. ഈ യൂണിറ്റുകളിൽനിന്നുള്ള ഉൽപന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സഹകരണസംഘം സ്ഥാപിക്കുക.
6. D.W.D.R.A. സ്കീം അനുസരിച്ച് വാർഡിൽ ഒന്നു വീതം ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക. അങ്ങനെ സ്ഥാപിക്കുന്ന യൂണിറ്റുകളിൽനിന്ന് പാൽ ശേഖരിച്ച് വിപണനം നടത്തുന്നതിന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ മിൽക്ക് സൊസൈറ്റികൾ സ്ഥാപിക്കുകയോ, നിലവിലുള്ള സൊസൈറ്റിയുടെ നേതൃത്വത്തിൽ പാൽശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയോ ചെയ്യുക.
7. പഞ്ചായത്തിൽ മുഴുവൻ അംഗൻവാടികൾക്കും കെട്ടിടം നിർമ്മിക്കുകയും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. അംഗൻവാടികൾ കേന്ദ്രീകരിച്ച് സ്ത്രീകളുടെ ബോധനിലവാരം ഉയർത്താൻ ഉതകുന്നരീതിയിലുള്ള ക്യാമ്പുകളും ക്ലാസുകളും സംഘടിപ്പിക്കു, അംഗനവാടികളോട് അനുബന്ധിച്ച് സ്ത്രീകളുടേത് മാത്രമായ വായനശാലക ൾ സ്ഥാപിക്കുക.
8. ചേലേരി പ്രൈമറി ഹെൽത്ത്സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും, ഒരു ലേഡിഡോക്ടറെ നിയമിക്കുകയും ചെയ്യുക.
9. കെട്ടിടമില്ലാത്ത ആരോഗ്യകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനും ആവശ്യമായ ഭൗതികസൗകര്യം ഉണ്ടാക്കുക.
10. പ്രതിരോധ കുത്തിവയ്പിനെ സംബന്ധിച്ച് വ്യാപകമായ ബോധവൽക്കരണം സംഘടിപ്പിക്കുക.
11. പഞ്ചായത്ത് അതിർത്തിയിൽ അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുക.
12. നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന പെൻഷൻതുക കാലാനുസൃതമായി വർധിപ്പിക്കുക. അതാത് മാസം തന്നെ അർഹരായവർക്ക് നൽകാനുള്ള നടപടി സ്വീകരിക്കുക.
13. ഗർഭിണികൾക്കുള്ള സാമ്പത്തിക സഹായത്തിനുള്ള വ്യവസ്ഥ ഉദാരമാക്കുക.



കൊളച്ചേരി ഗ്രാമപഞ്ചായത്ത് ദ്രുതപഠന ക്യാമ്പിൽ പങ്കെടുത്തവർ

സഹകരണം

കർഷകരെ കടക്കെണിയിൽനിന്നും കയറ്റുന്നതിനായി 1904-ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷികവായ്പാസംഘങ്ങളുടെ ആവിർഭാവത്തോടുകൂടിയാണ് ഭരതത്തിൽ സഹകരണപ്രസ്ഥാനം ആരംഭിക്കുന്നത്. രണ്ടാംലോകമഹായുദ്ധത്തെ തുടർന്നുള്ള ക്ഷാമമവും, കരിഞ്ചന്തയും, പൂഴ്ത്തിവെപ്പും സ്വാതന്ത്ര്യപൊൻപുലരിയോടൊപ്പം നമ്മുക്കേറ്റ കടുത്ത ആഘാതമായിരുന്നു. ഇതിനെതിരെ ആസൂത്രണപദ്ധതികളിലൂടെ ഭാരതം മുന്നേറ്റമാരംഭിച്ചപ്പോൾ ഒരുഭാഗത്ത് കർഷകരും സാധാരണക്കാരും പൂഴത്തിവെപ്പിനെതിരെ ശബ്ദമുയർത്തിയെങ്കിൽ മറുഭാഗത്ത് പ്രാദേശിക തലത്തിൽ പി.സി.സി. സൊസൈറ്റികളുണ്ടാക്കി ക്ഷാമത്തിൽനിന്ന് രക്ഷപ്പെടുവാനുള്ള ശ്രമങ്ങളാരംഭിച്ചു. അങ്ങിനെയാണ് നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴുള്ള മുല്ലക്കൊടി കോ. ഓപ്പ്. റൂറൽ ബേങ്ക്, മുല്ലക്കൊടിയിൽ മുല്ലക്കൊടി പി.സി.സി. എന്ന പേരിൽ പ്രവർത്തനമാരംഭിച്ചത്. നമ്മുടെ പഞ്ചായത്തിലാണെങ്കിൽ, കൊളച്ചേരി വില്ലേജിൽ സി.എച്ച്. കൃഷ്ണൻനായർ പ്രസിഡണ്ടായി രൂപീകൃതമായ കൊളച്ചേരി ഐക്യനാണയസംഘവും ചേലേരി വില്ലേജിൽ രാമമാരാരുടെ അദ്ധ്യക്ഷതയിലുണ്ടാക്കിയ ചേലേരി ഐക്യനാണയസംഘവും ഈ പ്രദേശത്തെ സാധാരണക്കാരുടെ സാമ്പത്തിക സഹായത്തിനെത്തിയ ആദ്യത്തെ സഹകരണ സ്ഥാപനങ്ങളായിരുന്നു. പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം നിശ്ചലമായതോടുകൂടി രണ്ടുസംഘങ്ങളെയും കൂട്ടിചേർത്തു രൂപീകൃതമായ കൊളച്ചേരി സർവീസ് സഹകരണസംഘമാണ് ഇന്ന് ഈ പഞ്ചായത്തിൽ നല്ലനിലയിൽ പ്രവത്തിച്ചുവരുന്ന കൊളച്ചേരി സർവീസ് സഹകരണ ബേങ്കായി വളർന്നുവന്നത്.

നമ്മുടെ പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ:

ഇവിടെ ഇതിനകം സ്ഥാപിതമായ 17 സഹകരണ സ്ഥാപനങ്ങളിൽ നിലവിൽ പ്രവർച്ചുവരുന്ന 5 വായ്പ ഒരു വ്യാവസായിക സംഘവും 1 ക്ഷീരോൽപാദക സംഘവും 2 സ്കൂൾ സൊസൈറ്റികളും ഓരോ എഡ്യൂക്കേഷൻ-കൾച്ചറൽ സൊസൈറ്റികളും പ്രവർത്തനരഹിതമായ 5 സൊസൈറ്റികളുമാണുള്ളത്. വായ്പാസംഘങ്ങളെല്ലാം (പുതുതായാരംഭിച്ചതൊഴികെ) കാർഷികേതരാവശ്യങ്ങൾക്ക് കടം കൊടുത്തുവരുന്നു. കൊളച്ചേരി സർവീസ് സഹകരണബേങ്ക് കാർഷികാവശ്യങ്ങൾക്കും വായ്പ കൊടുത്തുവരുന്നുണ്ട്. വിദ്യാഭ്യാസം, വിവാഹം, വീടുനിർമാണം, സ്വയംതൊഴിൽ, വാഹനങ്ങൾ വാങ്ങൽ എന്നിവയ്ക്കെല്ലാം പഞ്ചായത്തിലെ സാധാരണക്കാർക്ക് സഹകരണ സംഘങ്ങളാണ് ആശ്രയമായിനിലകൊള്ളുന്നത്. ഇതിൽ കൊളച്ചേരി സർവീസ് സഹകരണ ബേങ്കും മുല്ലക്കൊടി കോ. ഓപ്പറേറ്റീവ് റൂറൽ ബാങ്കും ലീഡിങ്ങ് ബേങ്കുകളായി പ്രവർത്തിക്കുന്നു. മുഴുവൻ ആളുകളുടേയും സാമ്പത്തികാവശ്യനിവാരണത്തിന് സഹകരണസ്ഥാപനങ്ങൾ പൂർണമായും സഹകരിക്കുന്നില്ല എന്ന പരാതി ചിലവരിൽനിന്നുണ്ട്. വാങ്ങുന്ന സംഖ്യ കൃത്യമായി തിരിച്ചടക്കുന്ന കാര്യത്തിൽ 40% പേരെങ്കിലും വീഴ്ചവരുത്തുന്നു എന്നകാര്യവും ഒരു വസ്തുതയാണ്.

വായ്പാസംഘങ്ങൾ

ഈ പഞ്ചായത്തിൽ പ്രവർത്തനക്ഷമമായ 5 വയ്പ്പാസഹകരണസംഘങ്ങളാണുള്ളത്. ഇവ കൊളച്ചേരി സർവീസ് സഹകരണബേങ്ക്, മുല്ലക്കൊടി കോ.ഓപ്പ്. റൂറൽ ബേങ്ക് കണ്ണൂർ ജില്ലാ ബേങ്കിന്റെ കമ്പിൽശാഖ, കൊളച്ചേരി വനിതാസഹകരണസംഘം, ചേലേരിവനിതാസഹകരണ സംഘം എന്നിവയാണ്. രാജീവ്ഗാന്ധി മെമ്മോറിയൽ ഹൗസിംഗ് സൊസൈറ്റി അടുത്തകാലത്തായി ആരംഭിച്ചതേയുള്ളു. ഒരു വാണിജ്യബേങ്കും -ഗ്രാമീണബേങ്ക് കമ്പിൽ ശാഖ ഇവിടെ പ്രവർച്ചുവരുന്നു.

കൊളച്ചേരി സർവീസ് സഹകരണ ബേങ്ക്

കാർഷികാവശ്യങ്ങൾക്കും കാർഷികേതരാവശ്യങ്ങൾക്കും സാമ്പത്തികസഹായം നൽകുന്ന പഞ്ചായത്തിലെ ഒരേയൊരു സഹകരണസ്ഥാനപമാണ് കൊളച്ചേരി, ചേലേരി എന്നീ വില്ലജുകളുൾക്കൊള്ളുന്നതും 20-ലധികം ച. മൈൽ വിസ്തീർണ്ണമുള്ളതുമായ ഈ പഞ്ചായത്തിൽ 2000-ൽപരം കർഷക കുടുംബങ്ങളാണുള്ളത്.

നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ തുടങ്ങിയ കാർഷിക വിളകൾക്കും, കിണർ, പമ്പ് സെറ്റ് എന്നിവയ്ക്കും, വിദേശയാത്ര, വിവാഹം, വീടു നിർമാണം, വാഹനം വാങ്ങൽ, സ്വയം തൊഴിൽ, വിദ്യാഭ്യാസം, ശുശ്രൂഷ തുടങ്ങിയ കാർഷികേതരാവശ്യങ്ങൾക്കും സാമ്പത്തികസഹായം നൽകുന്നതിനുപുറമെ റേഷൻ മൊത്തവിതരണവും വളം വിതരണവും ബേങ്കിന്റെ കീഴിൽ നടത്തിവരുന്നുണ്ട്. മെമ്പർമാർക്ക് ഇതു അപകട ഇൻഷൂറൻസും ഏർപ്പെടുത്തിയിട്ടുണ്ട്.

ചേലേരിമുക്കിൽ 3 നില കെട്ടിടത്തോടുകൂടിയ ഹെഡാഫീസും കമ്പിലും പള്ളിപ്പറമ്പിലും ഓരോ ബ്രാഞ്ചും പ്രവർത്തിച്ചുവരുന്നുണ്ട്. 1973-ൽ ആരംഭിച്ച പ്രസ്തുത സംഘത്തിൽ ഇപ്പോൾ 9492 അംഗങ്ങളും 13 സ്ഥിരം ജീവനക്കാരും 3 അപ്രൈസർമാരും 4 കലക്ഷൻ ഏജന്റുമാരാണുള്ളത്. വർഷങ്ങളായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു.

മുല്ലക്കൊടി കോ. ഓപ്പറേറ്റീവ് റൂറൽ ബേങ്ക്

1955-ൽ മുല്ലക്കൊടിയിൽ ആരംഭിച്ച് കമ്പിലും കരിങ്കൽക്കുഴിയിലുമായി ആഫീസുകൾ മാറ്റി ഇപ്പോൾ കൊളച്ചേരിമുക്കിൽ പുതിയ 2 നിലക്കെട്ടിടത്തിൽ ഹെഡാഫീസായി പ്രവർച്ചുവരുന്നു.

നാറാത്ത്, കൊളച്ചേരി, മയ്യിൽ, കുറ്റ്യാട്ടൂർ പഞ്ചായത്തുകൾ പ്രവർത്തനമേഖലയായുള്ള പ്രസ്തുത ബേങ്കിന് 7 ബ്രാഞ്ചുകളുള്ളതിൽ 3 ബ്രാഞ്ചുകൾ ഈ പഞ്ചായത്തിലെ കമ്പിൽ, കൊളച്ചേരിമുക്ക്, കരിങ്കൽക്കുഴി എന്നിവിടങ്ങളിലാണ്.

വാഹനം വാങ്ങൽ, ഗൾഫ് യാത്ര, വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാനുള്ള എന്റോൺമെന്റുകൾ, സ്വയം തൊഴിൽ കണ്ടെത്തൽ ചെറുകിടവ്യവസായ വികസനം തുടങ്ങി വിവിധ കാർഷികേതര മേഖലകളിൽ സാമ്പത്തികസഹായം നൽകി പ്രവർത്തിച്ചുവരുന്നു. 11650 അംഗങ്ങളും 29 സ്ഥിരം ജീവനക്കാരും 19 കമ്മീഷൻ ഏജന്റുമാരുമാണ് ഇപ്പോൾ ഈ സ്ഥാപനത്തിലുള്ളത്. ലാഭത്തിൽ പ്രവർച്ചുവരുന്നു.

ജില്ലാ സഹകരണ ബേങ്കിന്റെ കമ്പിൽ ശാഖ

1994-ൽ ആരംഭിച്ച ഈ സ്ഥാപനത്തിന്റെ പ്രവർത്തനപരിധി കുറ്റ്യാട്ടൂർ, മയ്യിൽ, കൊളച്ചേരി, നാറാത്ത് പഞ്ചായത്തുകളാണ് വീടുനിർമാണം, വ്യവസായം, വാഹനം വാങ്ങൽ, ഗൃഹോപകരണങ്ങൾ എന്നിവയ്ക്ക് വായ്പ നൽകുന്നു.

കൊളച്ചേരി വനിതാ സഹകരണസംഘം

1992-ൽ ആരംഭിച്ചു. കാർഷികേതരാവശ്യങ്ങൾക്ക് വായ്പ നൽകുന്നു. 192 അംഗങ്ങളും 2 ജീവനക്കാരുമുണ്ട്.

ചേലേരി വനിതാ സഹകരണസംഘം

1992-ൽ ആരംഭിച്ച. 396 അംഗങ്ങളും 2 ജീവനക്കാരും 3 കമമീഷൻ ഏജന്റുമാരുമുണ്ട്. കാർഷികേതരവാശ്യങ്ങൾക്ക് വായ്പനൽകിവരുന്നു.

വായ്പേതരസംഘങ്ങൾ

കൊളച്ചേരി ക്ഷീരോൽപാദക സഹകരണസംഘം, കമ്പിൽ വിവേർസ് കോ. ഓപ്. സൊസൈറ്റി, കൊളച്ചേരി എഡുക്കേഷണൽ സൊസൈറ്റി, സി.എച്ച്. മുഹമ്മദുകോയ സ്മാരകകൾച്ചറൽ സൊസൈറ്റി, ചേലേരി യു.പി.സ്കൂൾ കോ.ഓ. സൊസൈറ്റി, കമ്പിൽ മാപ്പിള എൽ.പി. സ്കൂൾ കോ.ഓ. സൊസൈറ്റി എന്നിവയാണ് വായ്പേതര വിഭാഗത്തിൽപെടുന്നത്.

പുതുതായാരംഭിച്ച രാജീവ്ഗാന്ധി മെമ്മോറിയൽ ഹൗസിംഗ് സൊസൈറ്റി വായ്പാവിഭാഗത്തിലാണ്.

പഞ്ചായത്തിലെ ക്രഡിറ്റ് നോൺക്രഡിറ്റ് സംഘങ്ങളുടെ വിവരങ്ങൾ യഥാക്രമം താഴെ പട്ടികയിൽ കൊടുക്കുന്നു.(പട്ടിക-1, പട്ടിക-2) (അവലംബം ദ്വിതീയ വിവരശേഖരം)

പട്ടിക - 1

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	സ്ഥിരംജീവനക്കാർ	കമ്മീഷൻ ഏജന്റ്	ഓഹരി മൂലധനം പിരിഞ്ഞുകിട്ടിയത്.
1	കൊളച്ചേരി സർവീസ് സഹകരണ ബേങ്ക്	1973	9492	13	7	8,58,582
2	മുല്ലക്കൊടി കോ: ഓപ്പ്. റൂറൽബാങ്ക്	1955	11650	18	9	15,75,000
3	കൊളച്ചേരി വനിതാ സഹകരണസംഘം	1992	192	1	1	21675
4	ചേലേരി വനിത സഹകരണ സംഘം	1992	396	2	3	1,11,545
5	കണ്ണൂർ ജില്ലാ ബേങ്ക് കണ്ണൂർ ശാഖ	1996				
6	രാജീവ്ഗാന്ധി മെമ്മൊറിയൽ ഹൗസിംഗ് സൊസൈറ്റി	1996				

പട്ടിക - 2

1	കൊളച്ചേരി ക്ഷീരോത്പാദക സഹകരണ സംഘം	1979	292	-	-	3190
2	കമ്പിൽ വീഴേസ് കോ: ഓ. സൊസൈറ്റി					
3	കൊളച്ചേരി എഡുക്കേഷണൽ കോ: സൊസൈറ്റി					
4	സി.എച്ച്. മുഹമ്മദ്കോയ സ്മാരക-കൾച്ചറൽ സൊസൈറ്റി					
5	ചേലേരി യു.പി.സ്കൂൾ കോ: ഓ. സൊസൈറ്റി.					
6	കമ്പിൽ മാപ്പിള എൽ.പി. സ്കൂൾ കോ: ഓ. സൊസൈറ്റി.					

നിലവിൽ പ്രവർത്തിക്കാത്ത സഹകരണസ്ഥാപനങ്ങൾ

1. കൊളച്ചേരി എണ്ണയാട്ട് സഹകരണ സംഘം.
2. സഹകരണ കൺസ്യൂമർ സ്റ്റോർ, കമ്പിൽ.
3. ചേലേരി പോട്ടറി സൊസൈറ്റി.
4. കൊളച്ചേരി ജില്ലി വർക്കേഴ്സ് കോ: ഓ. സൊസൈറ്റി.
5. സെറികൾച്ചറൽ സൊസൈറ്റി.

പ്രശ്നങ്ങൾ


1. കാർഷികാവശ്യത്തിന് കിട്ടുന്ന വായ്പ തികച്ചും അപര്യാപ്തമാണ്. ആയത് കാലോചിതമായി വർദ്ധിപ്പിക്കണം.
2. പ്രാഥമിക ബാങ്കുകളുടെ പ്രവർത്തനപരിധിയിൽ ജില്ലാ ബേങ്കിന്റെയോ, റൂറൽ ബേങ്കിന്റെയോ ശാഖകൾ തുടങ്ങുന്നത് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.
3. കാർഷിക വായ്പകൾ കൃഷിക്കാർ യഥാക്രമം ഉപയോഗപ്പെടുത്തുന്നില്ല.
4. കൺസ്യൂമർ സ്റ്റോർ, പഴം പച്ചക്കറി സ്റ്റോർ എന്നിവ ഇല്ലാത്തതുകൊണ്ട് നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്കു കിട്ടുവാൻ പ്രയാസം നേരിടുന്നു.
5. മൺപാത്രനിർമാണസംഘവും, ഫണ്ടിന്റെ അഭാവം കൊണ്ടാണ് നിലച്ചത്. ആയതു പരിഹിക്കണം.
6. കൂടുതൽ വനിതകൾക്ക് തൊഴിലവസരമുണ്ടാക്കുവാൻ സാധിക്കാത്ത സ്ഥിതിയിന്നുണ്ട്. ആയതിനു തകുന്ന പ്രസ്ഥാനങ്ങൾ ആരംഭിക്കുകയും ഉൽപാദനവും വിതരണവും കാര്യക്ഷമമായി നടക്കുന്നു എന്നുറപ്പുവരുത്തുകയും വേണം.

സാദ്ധ്യതകൾ നിർദേശങ്ങൾ

1. കാർഷികവായ്പകൾ എല്ലാ കൃഷിക്കാരും ഉപയോഗപ്പെടുത്തുകയും അത് ആവശ്യത്തിനുതന്നെ കൃത്യമായും കാര്യക്ഷമമായും ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
2. ഓരോ വർഷവും ഒരു നിശ്ചിതസമയത്ത് വായ്പ തിരിച്ചടക്കുന്നവർക്ക് (അവധി കഴിഞ്ഞത്) പലിശയിളവ് അനുവദിച്ച് സഹായിക്കുക.
3. ചേലേരി വൈദ്യർകണ്ടി ആസ്ഥാനമാക്കിയും പള്ളിപ്പറമ്പിലും ഓരോ ക്ഷീരോത്പാദക സഹകരണ സംഘത്തിന് സാധ്യതയുണ്ട്.
4. ചേലേരി മുക്കിലും കമ്പിലും ഓരോ പച്ചക്കറി വിപണനകേന്ദ്രവും, കൊളച്ചേരി പറമ്പിൽ ഒരു ആഴ്ച ചന്തയും സഹകരണാടിസ്ഥാനത്തിൽ നടപ്പാക്കാവുന്നതാണ്.
5. മിക്ക വാർഡുകളിലും സഹകരണമേഖലയിൽ കോഴി വളർത്തൽകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ഇന്ന് മുട്ടയുടെ ആവശ്യം വർദ്ധിച്ചതിനാൽ പുറത്തുനിന്ന് കൊണ്ടുവരുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.
6. നമ്മുടെ പഞ്ചായത്തിൽ റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് നടത്താനുള്ള സാധ്യത ഉപയോഗപ്പെടുത്തി സ്ത്രീകൾക്കും പെൺകുട്ടികൾക്കും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.
7. സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി അനുയോജ്യമായസ്ഥലത്ത് ചകിരി സംസ്കരണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.
8. പ്രത്യേകം പ്രത്യേകം നിർമാണത്തൊഴിലാളികളെ സംഘടിപ്പിച്ച് കരകൗശലവസ്തുക്കൾ-ഇവിടുത്തെ വിഭവങ്ങളുപയോഗിച്ച് ഉണ്ടാക്കാവുന്നതാണ്.
9. സഹകരണമേഖലയിൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി (തവളപ്പാറ) ഒരു കൊളേജും പാടിക്കുന്നിൽ ഒരു ഐ.ടി.സി.യും സ്ഥാപിക്കാവുന്നതാണ്.
10. ഒരു കവർ-നോട്ടുബുക്ക് നിർമാണ ശാല സ്ഥാപിക്കാവുന്നതാണ്.
11. ഓരോ വാർഡിലുമുള്ള പാടശേഖരക്കമ്മിറ്റിയുടേയും കേരകർഷക സമിതിയുടേയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.
12. നമ്മുടെ പഞ്ചായത്തിലെ അധികം പേരും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. പക്ഷെ ഇന്ന് കൃഷി നടത്തൽ നഷ്ടത്തിലാണ്. ആയതുകൊണ്ട് കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനായി സബ്സീഡി നിരക്കിൽ വളവും, വിത്തും ലഭ്യമാക്കുകയും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനുള്ള സഹായങ്ങൾ നൽകിക്കൊണ്ട് കൃഷിക്കാരെയും തൊഴിലാളികളെയും ആഭ്യസ്തവിദ്യരേയും സഹായിക്കുകയും ചെയ്യാനുള്ള ഒരുപാധിയായി സഹകരണപ്രസ്ഥാനം മാറേണ്ടിയിരിക്കുന്നു.
13. കാലാകാലങ്ങളിൽ സഹകരണജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും വികസന ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് ഔദ്യോഗിക കൃത്യനിർവഹണം സുഗമവും, കാര്യക്ഷമവുമാക്കാമെന്നതു സംബന്ധിച്ച് പരിശീലനം നൽകേണ്ടതാണ്.

വിഭവ സമാഹരണം

ഒരുസമൂഹത്തിന്റെനിലനിൽപ്പ്ആപ്രദേശത്തെ വിഭവങ്ങളിലാണ് നിക്ഷിപ്തായിട്ടുള്ളത്. നമ്മുടെ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. ചെറുകിട വ്യവസായങ്ങളും ഈ പ്രദേശത്തിന്റെ വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുന്നുണ്ട്. നികുതിയിനങ്ങളും ഗൾഫ് മേഖലയിൽനിന്നുള്ള വരുമാനവും ജനശക്തിയും ഇവിടുത്തെ പ്രധാന വിഭവങ്ങളാണ്. ആയതുകൊണ്ട് കാർഷിക വ്യവസായിക മേഖലകളിലേയും മറ്റും വിഭവങ്ങളെ പൂർണ്ണമായും സമാഹരിക്കുകയും ആസൂത്രിതമായ വിനിയോഗം ഉറപ്പാക്കുകയും ചെയ്യേണ്ടത് ഈ പഞ്ചായത്തിന്റെ സർവതോമുഖമായ വളർച്ചക്ക് അനിവാര്യമത്രേ.



പഞ്ചായത്തിലെ വരുമാനമാർഗ്ഗങ്ങൾ

	ഇനം	85-86	90-91	95-96
1	കെട്ടിടനികുതി	44,109-91	88,393-42	1,89,986-18
2	വിനോദനികുതി	30,796-48	42,208-10	52,485-00
3	തൊഴിൽനികുതി	33,537-00	68,180-00	1,40,300-00
4	പുഴയിൽനിന്നുള്ള വരുമാനം			
5	പഞ്ചായത്ത് ഭൂമിയിൽ നിന്നുള്ള വരുമാനം	4,913-00	45,790-50	4,07,988-00
6	ഉപാധിരഹിതഫണ്ട്	--	1,70,000-00	3,20,50-00
7	ജെ.ആർ.വൈ.	--	3,87,600-00	2,52,750-00
8	ഗവർമെണ്ട് ഗ്രാന്റ്	3,00,146-15	1,99,380-00	7,32,032-00
9	സേവനനികുതി	5,498-60	11,039-28	23,960-72
10	ലൈസൻസ് ഫീസ്	6,455-50	13,521-50	15,341-00
11	വസ്തു കൈമാറ്റനികുതി	1,74,268-19	1,35,643-00	2,30,678-00
12	മറ്റുള്ളവ	50,479-00	1,02,335-20	3,71,272-00
ആകെ		6,50,204-00	12,64,091-00	27,36,849-00

മേൽകൊടുത്ത പട്ടികയനുസരിച്ച് മൊത്തിൽ പഞ്ചായത്തിന്റെ വരുമാനം കൂടിയതായി കാണാമെങ്കിലും നമ്മുടെ സാധ്യതക്കനുസരിച്ച് വർദ്ധനവ് എല്ലാ മേഖലയിലും ഉണ്ടായിട്ടില്ല എന്നത് ഒരു വസ്തുതയാണ്.

കെട്ടിടനികുതി- ഇത് ചുമത്തിയിട്ടുള്ളത് തികച്ചും നീതിയുക്തമാണെന്ന് പറഞ്ഞുകൂടാ. ആയതിന് വ്യക്തമായ മാനദണ്ഡങ്ങളുണ്ടായിരിക്കണം. അതു ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തുകയും വേണം.

തൊഴിൽനികുതി-മാസശമ്പളം വാങ്ങുന്നവരിൽനിന്നും ചില പ്രത്യേകവിഭാഗം തൊഴിലാളികൾ, കച്ചവടക്കാർ എന്നിവരിൽനിന്നുമാണ് ഇപ്പോൾ ഈടാക്കിവരുന്നത്. ഇത് അർഹരായ എല്ലാ തൊഴിലാളികളിൽനിന്നും കച്ചവടക്കാരിൽനിന്നും നിശ്ചിതതോതിൽ വാങ്ങാവുന്നതാണ്.

പൂഴിയിൽനിന്നുള്ള വരുമാനം:

നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാധ വിഭവമാണ് പൂഴി. ഇത് സംഭരിക്കലും വിതരണം ചെയ്യലും കുറെ പേർക്ക് തൊഴിൽ നിൽകുന്നു. സംഭരിക്കുന്ന മുറക്ക് സ്റ്റോക്ക് ചെയ്യാനുള്ള സൗകര്യവും കൂടി ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.

പഞ്ചായത്ത് ഭൂമിയിൽനിന്നും വിളവുകളിൽനിന്നും ഉള്ള വരുമാനം എടുത്തുപറയേണ്ടതാണ്. ഭൂമി പാട്ടത്തിനു കൊടുത്തും തെങ്ങുകളിൽ ഉത്പാദനം വർധിപ്പിച്ചും കൂടുതൽ വരവുണ്ടാക്കാവുന്നതാണ്.

കൂടാതെ പഞ്ചായത്തിന്റെ മധ്യഭാഗത്ത് ഒരു ബസ്സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ, എന്നിവ സ്ഥാപിച്ചാൽ പഞ്ചായത്തിനൊരു മുതൽ കൂട്ടായിരിക്കും. ഈ പഞ്ചായത്തിൽ ചേലേരി, കൊളച്ചേരി എന്നീ വില്ലേജുകളിലായി പച്ചക്കറി വിപണനകേന്ദ്രം-മത്സ്യഇറച്ചി മാർക്കറ്റ്, ആഴ്ചച്ചന്ത, കയ്പാടിൽ പോട്ട പുല്ല് വളർത്തൽ, ചെമ്മീൻകൃഷി എന്നിവ ആരംഭിക്കുകയും വികസിപ്പിക്കുകയും ചെയ്യാവുന്നതാണ്.

പാടിക്കുന്നിലും കാവുംചാലിലും പ്രകൃതിദത്തമായുള്ള ജലസ്രോതസുകൾ ശാസ്ത്രീയമായി വികസിപ്പിച്ചെടുത്താൽ നമ്മുടെ പഞ്ചായത്തിലെ ജലക്ഷാമത്തിന് പരിഹാരം കാണാമെന്നതിന് പുറമേ പാടീക്കുന്ന് ഒരു ടൂറിസ്റ്റുകേന്ദ്രമാക്കാനും സാധിക്കുന്നതാണ്. കുന്നിന്റെ പടിഞ്ഞാറ് മനോഹരമായൊഴുകുന്ന വളപട്ടണം പുഴയും, പറശിനിക്കടവ് ക്ഷേത്രവും, നെൽവയലുകളും തെങ്ങിൻ തോപ്പുകളും കണ്ടുകൊണ്ട് കണ്ണഞ്ചിപ്പിക്കുന്ന ബോട്ട് യാത്രയും ആരെയും ആനന്ദിപ്പിക്കുന്നതാണ്.

ഇവിടെ ധാരാളം തരിശുഭൂമിയുണ്ട്. അവ കൃഷിയിടങ്ങളാക്കി മാറ്റിയാൽ പഞ്ചായത്തിനൊരനുഗ്രഹമായിരിക്കും. പച്ചക്കറികൾ, വാഴ, മരച്ചീനി, മധുരക്കിഴങ്ങ്, തെങ്ങ്, കവുങ്ങ്, കശുമാവ് തുടങ്ങിയവ ഈ പ്രദേശങ്ങൾക്കനുയോജ്യമായ വിളവുകളാണ്.

ജനശക്തി

നമ്മുടെ അനുഗ്രഹീത സമ്പത്താണ് റോഡ് നന്നാക്കൽ, തോടുണ്ടാക്കൽ, കുളം കുഴിക്കൽ, പൊതുകളിസ്ഥലമുണ്ടാക്കൽ, കുളം കുഴിക്കൽ, മോശമായവ നന്നാക്കൽ തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ സന്നദ്ധപ്രവർത്തനം വഴി സാധിച്ചെടുക്കാവുന്നതാണ്.

കൂടാതെ സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപ സമാഹരണം നടത്തിയും വാണിജ്യബേങ്കുകളിലൂടെയും ഇന്ദിരാവികാസ് പത്രയിലൂടെയും കൂടുതൽ ധനം സമാഹരിക്കുകയും ആയത് പഞ്ചായത്തിലെ ചെറുകിട-സ്വയംതൊഴിൽ-വനിതാ-പട്ടികജാതി വികസനത്തിന് ഉപയുക്തമാക്കുകയും ചെയ്യാവുന്നതാണ്.

പ്രശ്നങ്ങൾ

1. ജലസ്രോതസുകൾ ഉപയോഗപ്പെടുത്തുന്നില്ല. കനാലിലൂടെയും മറ്റും കിട്ടുന്ന ജലം ദുരുപയോഗപ്പെടുത്തുന്നു.
2. വനിതകൾക്ക് തൊഴിൽ അവസരങ്ങൾ കുറവാണ്.
3. കൃഷിയിടങ്ങൾ പ്രത്യേകിച്ച് നെൽവയലുകൾ നാണ്യവിളകൾക്കും വീടുനിർമിക്കാനും ഉപയോഗിക്കുന്നു.
4. കൃഷിയിൽ താത്പര്യം കുറഞ്ഞുവരുന്നു.
5. ഭൂമി തരിശായിടുന്നു.
6. വ്യവസായങ്ങളാരംഭിക്കാൻ-മുതൽമുടക്കാൻ വ്യവസായികൾ മടികാണിക്കുന്നു. മറ്റിടങ്ങളിലേക്ക് തങ്ങളുടെ വ്യവസായമേഖല മാറ്റുന്നു.
7. ഗൾഫ് ജോലിക്കാരുടെ വരുമാനം പ്രത്യുത്പാദനപരമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.
8. എല്ലാ വിഭാഗം തൊഴിലാളികളിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.
9. കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിൽ വ്യക്തമായ മാനദണ്ഡങ്ങളില്ല.
10. സന്നദ്ധ പ്രവർത്തന സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

സാധ്യതകൾ

1. തരിശുഭൂമികൾ കൃഷിയിടങ്ങളാക്കുകയും കൃഷി ശാസ്ത്രീയമായി നടത്തി വിളവുകൾ വർധിപ്പിക്കുകയും ചെയ്യുക.
2. പാടിക്കുന്നിലേയും കാവുഞ്ചാലിലേയും പ്രകൃതിദത്തമായ ജലസ്രോതസുകൾ കുടിവെള്ളക്ഷാമം പരിഹരിക്കുവാനും ടൂറിസ്റ്റുകളെ ആകർഷിക്കുവാനും പറ്റിയരീതിയിൽ വികസിപ്പിച്ചെടുക്കുക.
3. പഞ്ചായത്താഫീസിന് സമീപം ബസ്സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ്, കമ്യൂണിറ്റി ഹാൾ എന്നിവ നിർമിക്കുക.
4. പച്ചക്കറി വിപണനകേന്ദ്രങ്ങൾ, മത്സ്യ-ഇറച്ചിമാർക്കറ്റുകൾ, കോഴിവളർത്തുകേന്ദ്രങ്ങൾ, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുകയും ഉത്പാദന വിതരണ പ്രക്രിയകൾ കാര്യക്ഷമമാക്കുകയും ചെയ്യുക.
5. തൊഴിൽനികുതിയും കെട്ടിടനികുതിയും വ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹതയുള്ളവർക്ക് ചുമത്തുകയും കൃത്യസമയത്ത് ഈടാക്കുകയും ചെയ്യുക.
6. സന്നദ്ധ സംഘടനകളുടെ പ്രവർത്തനം പൂർണമായും പ്രയോജനപ്പെടുത്തുക.

ഈ രീതിയിൽ മണ്ണ്, ജലം, മനുഷ്യശക്തി, വ്യവസായം, ഗൾഫ്മേഖല എന്നിവയിലൂടെ പരമാവധി വിഭവം സമാഹരിക്കുകയും ആസൂത്രിതവും കാര്യക്ഷമവുമായ രീതിയിൽ അവ വിനിയോഗിക്കുകയും ചെയ്താൽ നമ്മുടെ പഞ്ചായത്തിന് വികസിതമായ എല്ലാ അർഥത്തിലും ഒരു മാതൃകാ പഞ്ചായത്തായി മാറാനും അതുവഴി ഗ്രാമസ്വരാജ് എന്ന രാഷ്ട്രപിതാവിന്റെ ആഗ്രഹവും ആസൂത്രണം ഗ്രാമങ്ങളിൽ എന്ന മുൻ പ്രധാനമന്ത്രിമാരുടെ സ്വപ്നങ്ങളും അധികാരം ജനങ്ങളിലേക്ക് എന്ന കാലഘട്ടത്തിന്റെ നിർദേശവും ജനകീയാസൂത്രണം വഴി കേരളത്തിൽ യാഥാർഥ്യമാക്കാൻ സാധിച്ചു എന്ന് നമുക്ക് അഭിമാനിക്കാവുന്നതാണ്.


വികസന റിപ്പോർട്ട് തയാറാക്കാൻ പ്രവർത്തിച്ചവർ

എം.പി.ദാമോദരൻ നമ്പ്യാർ
എ.നാരായണൻ നമ്പീശൻ
സി.കെ. മൊയ്തുഹാജി
അബ്ദുൾ ഖരീം ചേലേരി
എം.സി. കുഞ്ഞിരാമൻ
എം.കെ.രാമുണ്ണി മാസ്റ്റർ.
സി.പി. ഫസലുൽഹഖ്
വി.ശ്രീധരൻ മാസ്റ്റർ
കെ. ഹംസ മൗലവി.
പി.പി. കുഞ്ഞിരാമൻ
എം.കെ. പ്രേമി
പി.പി.സി. മുഹമ്മദ്കുഞ്ഞി
ഡോ. സുജൻ.
വി.സി.ബാലകൃഷ്ണൻ
എം.കുട്ടികൃഷ്ണൻ
വി.സരോജിനി
ടി.വി. വത്സരാജ്
സി.കെ. ജനാർദനൻ നമ്പ്യാർ

പി.കെ. എ. റഹീം മാസ്റ്റർ
ഇ.പി. വിലാസിനി

പി. ജനാർദ്ദനൻ
സാജൻ ചേലേരി
കെ.വി. പവിത്രൻ.
കെ.വി. ഗോപാലൻ
സി. ശ്രീധരൻ മാസ്റ്റർ
പി.ശിവദാസൻ
ടി.വി. സൈനുദ്ദീൻ.
ഇ.പി.രാജേഷ്
പി. ശശിധരൻ
ടി. വിജിത്ത്
കെ. ജയശ്രീ
കെ.ഒ.പി. ജയശ്രീ
പി. സുരേശൻ
എം. ശ്രീധരൻ
ടി.വി. വിനോദ്കുമാർ
വി. രമേശൻ
വി.ശിവാനന്ദൻ
പി.പി. അബൂബക്കർ.
കെ.വി. പ്രഭാകരൻ
കെ.മുഹമ്മദ്
കെ.പി. മൊയ്തീൻ.

കൊളച്ചേരി ഗ്രാമപഞ്ചായത്ത്



മുദ്രണം: രാഷ്ട്രദീപിക പ്രസ്സ്, കണ്ണൂർ–4. ഫോൺ: 501650